# മലങ്കര സുറിയാനി ക്നാനായ സമുദായ

# ഭരണഘടന

**2003 - ലെ ഭേദഗതികളോടുകുടി**

(All rights reserved)

വില പതിനഞ്ചു രൂപ

# THE MALANKARA SYRIAN KANANAYA SAMUDAYAM

**MOR EPHRIM SEMINARY, CHINGAVANAM P.O.,
KERALA, SOUTH INDIA, PIN : 686531**

PH : 0481- 2430327
PH : 0481- 2430109
FAX : 0481- 2430109


NO. 129 /03

01-11-2003

**ദൈവകൃപയിൽ ആശ്രയിച്ചുകൊണ്ട് മലങ്കര സുറിയാനി ക്നാനായ സമുദായ ഭരണാധിപൻ ആഞ്ഞിലുമൂട്ടിൽ എ.പി. ജോസഫ് കോർ എപ്പിസ്കോപ്പാ ക്നാനായ സമുദായത്തിലെ എല്ലാ പള്ളികളിലെയും വികാരിമാർ, സഹായ പട്ടക്കാർ, കൈക്കാരന്മാർ ശേഷം ജനങ്ങൾ എന്നിവരെ സ്നേഹപൂർവ്വം അറിയിക്കുന്നത്.**

പ്രിയരെ,

മലങ്കര സുറിയാനി ക്നാനായ അസോസിയേഷൻ 01-05-2003 ലും അതിന്റെ തുടർച്ചയായി 14-05-2003 ലും കൂടി, ഐക കണ്ഠേന പാസ്സാക്കിയ ഭരണഘടന ഭേദഗതികൾ അംഗീകരിച്ച് 01-11-2003 മുതൽ സമുദായം ഒട്ടുക്ക് ഇതിനാൽ നടപ്പിൽ വരുത്തിയിരിക്കുന്നു. ഈ ഭരണഘടന ഭേദഗതികളും അവ നടപ്പിൽ വരുത്തിയിട്ടുള്ളതും സംബന്ധിച്ചുള്ള ഈ സർക്കുലർ കോട്ടയം അഡീഷണൽ മുൻസിഫ് കോടതിയിലെ OS 284/2003 എന്ന കേസിലെ ഉത്തരവുകൾക്ക് വിധേയമായിരിക്കും.

സമുദായത്തിന്റെ സമഗ്ര പുരോഗതിക്കും ശാശ്വത സമാധാനത്തിനും എല്ലാവരും പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യണമെന്ന് ഉത്ബോധിപ്പിച്ചു കൊള്ളുന്നു.

മാർ അപ്രേം സെമിനാരി
ചിങ്ങവനം

എ.പി. ജോസഫ് കോർ എപ്പിസ്കോപ്പാ
ക്നാനായ സമുദായ അഡ്മിനിസ്ട്രേറ്റർ

# മലങ്കര സുറിയാനി ക്നാനായ സമുദായ ഭരണഘടന

## അദ്ധ്യായം 1

## പ്രാരംഭം

**പീഠിക.** ക്രിസ്താബ്ദം 345 – ൽ കനാൻ ദേശത്തു നിന്നു മലയാളക്കരയിൽ കുടിയേറിപ്പാർത്തുവരുന്നതും മുമ്പിനാലെ അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടെയും ശ്ലീഹായ്ക്കടുത്ത വി. സിംഹാസനത്തിന്റെ മേലധികാരത്തേയും ആ സിംഹാസനത്തിൽ നിന്നു പരിപാലിച്ചു വരുന്ന പരിശുദ്ധ വിശ്വാസാചാരങ്ങളേയും സ്വീകരിച്ചു നടന്നുവരുന്നതുമായ മലങ്കര സുറിയാനി ക്നാനായ സമുദായത്തിന്റെ ഭരണഘടന ക്രോഡീകരിച്ച് കാലോചിതമായി പരിഷ്ക്കരിക്കേണ്ടത് ആവശ്യം എന്നു ബോദ്ധ്യപ്പെട്ടിരിക്കുന്നതിനാൽ താഴെ ചേർത്തിരിക്കുന്ന നിയമങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു.

1. **ചുരുക്കപ്പേര്**: ഈ നിയമങ്ങൾക്ക് "മലങ്കര സുറിയാനി ക്നാനായ സമുദായ ഭരണഘടന" എന്നു പേരായിരിക്കുന്നതാണ്.

2. **ആരംഭം**: ഈ നിയമങ്ങൾ മലങ്കര സുറിയാനി ക്നാനായ ഭദ്രാസന ഇടവകയുടെ മെത്രാപ്പോലീത്തായാൽ 1952 ജനുവരി ഒന്നാം തീയതി മുതൽ നടപ്പിൽ വരുത്തിയിട്ടുള്ളതാകുന്നു.

3. **അർത്ഥവിവരണങ്ങൾ** : ഈ നിയമങ്ങളിൽ വിഷയത്തിനോ സന്ദർഭത്തിനോ വിരുദ്ധമായി യാതൊന്നും ഇല്ലാത്ത പക്ഷം:-

(എ) മലങ്കര സുറിയാനി ക്നാനായ ഭദ്രാസന ഇടവകയിൽപ്പെട്ട ഒരു പള്ളിയിൽ ചേർന്നു നടന്നുവരുന്ന ക്നാനായക്കാരായ ആളുകളുടെ സമൂഹത്തെ **“ഇടവക”** എന്നു ഗണിച്ചിരിക്കുന്നു. കുരിശുപള്ളിയെ ഒരു പ്രത്യേക ഇടവകയായി ഗണിക്കാതെ തലപ്പള്ളിയോട് ചേർക്കുന്നതാകുന്നു.

(ബി) ഇടവകയുടെ കൂട്ടത്തിന് **“ഭദ്രാസന ഇടവക”** എന്നും അപ്രകാരം ഭദ്രാസന ഇടവകയിൽ ഉൾപ്പെട്ട ക്നാനായക്കാരായ ജനങ്ങളുടെ പൊതു സമൂഹത്തിന് **“സമുദായം”** എന്നും ഇതിൽ നിർവ്വചനം ചെയ്തിരിക്കുന്നു.

(സി) **“മെത്രാപ്പോലീത്ത”** എന്നു പറഞ്ഞാൽ 82–ാം വകുപ്പിൽ പറയുന്ന മെത്രാപ്പോലീത്താ ആകുന്നു. എന്നാൽ മെത്രാപ്പോലീത്തായുടെ അഭാവത്തിൽ ഈ നിയമങ്ങൾ മെത്രാപ്പോലീത്താ എന്ന പദത്തിൽ ഭരണകാര്യങ്ങൾ നിർവ്വഹിക്കുന്നതിന് 86–ാം വകുപ്പിൻ പ്രകാരം നിയമിതനാകുന്ന ഭരണാധിപൻ കൂടെ ഉൾപ്പെടുന്നു. സഹായ മെത്രാൻ എന്നാൽ 83 സി അനുസരിച്ച് നിയമിക്കപ്പെടുന്ന മെത്രാനാകുന്നു.

(ഡി) **“ഭദ്രാസന സെക്രട്ടറി”** എന്നു പറഞ്ഞാൽ മെത്രാപ്പോലീത്തായുടെ സെക്രട്ടറി എന്നാകുന്നു.

(ഇ) **“വികാരി”** എന്നു പറഞ്ഞാൽ ഒരു ഇടവകയുടെ ഭരണപരവും ആത്മീയവുമായ ശുശ്രൂഷയ്ക്കായി വൈദീക



കൗൺസിലിന്റെ ആലോചനയോടുകൂടി മെത്രാപ്പോലീത്തായാലോ, ഭരണാധിപനാലോ രേഖാമൂലം നിയമിക്കപ്പെടുന്ന കശ്ശീശയാകുന്നു.

(എഫ്) **“സഹായപട്ടക്കാരൻ”** എന്നു പറഞ്ഞാൽ വികാരിയുടെ സഹായത്തിനായി മെത്രാപ്പോലീത്തായാലോ അദ്ദേഹത്തിന്റെ അനുമതിയെ പ്രതീക്ഷിച്ച് ഒരു മാസത്തിൽ കവിയാത്ത കാലത്തേയ്ക്ക് വികാരിയാലോ രേഖാമൂലം നിയമിക്കപ്പെടുന്ന ഒരു കശ്ശീശ്ശായാകുന്നു.

(ജി) **“ശെമ്മാശ്ശൻ”** എന്ന പദത്തിൽ മ്സമ്രോനോയും, കോറൂയോയും, എവുഫദിയക്നോയും ,മ്ശമ്ശോനോയും ഉൾപ്പെടും.

(എച്ച്) **“കപ്യാർ”** എന്നു പറഞ്ഞാൽ പള്ളിയുടെയും പരിസരങ്ങളുടെയും സൂക്ഷിപ്പിനും, കർമ്മാദികളിൽ വൈദീകരെ സഹായിക്കുന്നതിനും, അതിനുവേണ്ടക്രമീകരണങ്ങൾ ചെയ്യുന്നതിനും ഇടവക പൊതുയോഗത്തിന്റെ ആലോചനയോടുകൂടി വികാരിയാൽ നിയമിക്കപ്പെടുന്ന ശുശ്രൂഷകൻ ആകുന്നു.

(ഐ) **“അസ്സോസിയേഷൻ”** എന്നും **“ക്നാനായകമ്മറ്റി”** എന്നും പറയുന്നത് ഈ ഭരണഘടന ആറാം അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്ന മലങ്കര സുറിയാനി ക്നാനായ അസ്സോസിയേഷനും അതിന്റെ നിർവ്വാഹകസമിതിയാകുന്ന ക്നാനായകമ്മറ്റിയും ആകുന്നു.

(ജെ) **“ആണ്ട്”** എന്നു പറയുന്നത് അതാതുകാലങ്ങളിൽ സർക്കാർ അംഗീകരിച്ച് പ്രാബല്യത്തിൽ വരുത്തുന്ന സാമ്പത്തിക വർഷം ആകുന്നു.

(കെ) "രൂപാ" എന്നത് ഇൻഡ്യൻ രൂപയാകുന്നു.

(എൽ) ഏകവചനത്തെ സൂചിപ്പിക്കുന്ന പദങ്ങളിൽ ബഹുവചനവും വ്യക്തികളെ സൂചിപ്പിക്കുന്ന പദങ്ങളിൽ സംഘങ്ങളും ഉൾപ്പെടുന്നതാകുന്നു.

## അദ്ധ്യായം 2
## പള്ളി ഇടവക

### വകുപ്പ്

**4.** സമുദായത്തിൽപ്പെട്ട പള്ളികൾ എല്ലാം പൂർവ്വീകസുറിയാനി സഭയുടെ വിശ്വാസ ആചാരനടപടികൾ പുലർത്തുന്നതിനും അവ അനുസരിച്ചുള്ള വിശുദ്ധ കർമ്മാദികൾ അനുഷ്ഠിക്കുന്നതിനുവേണ്ടി സ്ഥാപിക്കപ്പെട്ടിരിക്കുന്നതും നാളിതുവരെ അതേ സ്ഥാപനോദ്ദേശം അനുസരിച്ച് സഭയുടെ പരമാധികാരം വഹിക്കുന്ന അന്ത്യോഖ്യായുടേയും കിഴക്കൊക്കെയുടേയും ശ്ലീഹായ്ക്കടുത്ത വി. സിംഹാസനത്തിൻമേൽ അതതുകാലം വാഴുന്ന പാത്രിയർക്കിസൻമാരുടെയും ക്നാനായ അസ്സോസിയേഷനാൽ തിരഞ്ഞെടുക്കപ്പെട്ട് ആ സിംഹാസനത്തിങ്കൽ നിന്ന് അപ്പഴപ്പോൾ വഴിച്ച് അയയ്ക്കപ്പെടുന്ന മെത്രാപ്പോലീത്തൻമാരുടെയും മേലധികാരത്തിനും ആജ്ഞയ്ക്കും കീഴ്പ്പെട്ട് നടന്നു വന്നിട്ടുള്ളതും മേലാലും നടക്കേണ്ടതും ആകുന്നു.

**5.** (എ) ഒരു പള്ളിയുടേയും ഇടവകയുടേയും നടത്തിപ്പിനും ഭരണത്തിനും (1) വികാരി, (2) സഹായപട്ടക്കാരൻ, (3) ശെമ്മാശൻ, (4) കപ്യാർ (5) കൈക്കാരന്മാർ (6) സെക്രട്ടറി (7) ഇടവകയോഗം, (8) നിർവ്വാഹക സമിതി എന്നിവയിൽ എല്ലാമോ ഏതാനുമോ ആവശ്യാനുസരണം ഉണ്ടായിരിക്കേണ്ടതാകുന്നു. എന്നാൽ ഒരു പള്ളിക്ക് ഒരു വികാരി മാത്രമേ ഉണ്ടായിരിക്കുവാൻ പാടുള്ളൂ.



(ബി) ഇവരിൽ വികാരിയും കൈക്കാരനും സെക്രട്ടറിയും കൂടി അവരവർ അതാതു ഉദ്യോഗത്തിൽ ഇരിക്കുന്ന കാലത്തോളം അവരവർക്കു താഴെ വിവരിക്കുന്ന പ്രത്യേക അധികാരങ്ങളും ചുമതലകളും സഹിതം പള്ളിയുടേയും പള്ളിസ്വത്തുക്കളുടെയും കൂട്ടു ട്രസ്റ്റികളായിരിക്കുന്നതും എന്നാൽ പള്ളിയോ പള്ളി സ്വത്തുക്കളോ സംബന്ധിച്ചുണ്ടാകുന്ന വ്യവഹാരങ്ങളിൽ കൈക്കാരനും സെക്രട്ടറിയും മാത്രം കക്ഷികളായിരുന്നാൽ മതിയാകുന്നതുമാകുന്നു.

**6. വികാരി** വികാരിയുടെ പ്രധാന ചുമതലകൾ താഴെ വിവരിക്കുന്നവയാകുന്നു.

(1) ഞായറാഴ്ചകൾ, മാറാനായപെരുന്നാൾ ആദിയായ പ്രധാന ദിവസങ്ങളിൽ വി. സഭയുടെ നിയമപ്രകാരമുള്ള കർമ്മാനുഷ്ഠാനങ്ങൾ തന്റെ കീഴിലുള്ള പള്ളികളിൽ വീഴ്ച കൂടാതെ നടത്തുകയോ നടത്തിക്കുകയോ ചെയ്ക.

(2) പള്ളിയിലും മറ്റു സൗകര്യമുള്ള സ്ഥലങ്ങളിലും അദ്ധ്യാത്മീക വിഷയങ്ങളെപ്പറ്റി പ്രബോധിപ്പിക്കുകയും സൺഡേസ്ക്കൂളുകൾ, പ്രാർത്ഥനാ യോഗങ്ങൾ , യുവജനസമാജങ്ങൾ, സ്ത്രീസമാജങ്ങൾ മുതലായ വേദപ്രചരണ സ്ഥാനങ്ങളുടെ ചുമതല വഹിക്കുകയും ചെയ്ക.

(3) ഇടവകയിൽപ്പെട്ട ഭവനങ്ങൾ ആറുമാസത്തിലൊരിക്കലെങ്കിലും സന്ദർശിച്ച് ഇടവകാംഗങ്ങളെ സത്യവിശ്വാസത്തിൽ സ്ഥിരതയുള്ളവരാക്കുകയും അവരുടെ അദ്ധ്യാത്മീ

കവും സാമൂഹികവുമായ പുരോഗതിയ്ക്കായി ശ്രമിക്കുകയും ചെയ്ക.

(4) സഭാനിയമങ്ങൾ ലംഘിച്ച് നടക്കുന്നവരെ ഗുണദോഷിക്കുകയും ശാസിക്കുകയും അനുസരിക്കാത്തവർക്ക് മുടക്ക് ഒഴികെയുള്ള ശിക്ഷകൾ നൽകുകയും എന്നിട്ടും അനുതപിക്കാത്തവരെ സംബന്ധിച്ച് മെത്രാപ്പോലീത്തായ്ക്ക് റിപ്പോർട്ട് അയയ്ക്കുകയും ചെയ്ക.

(5) ഇടവകയോഗം വിളിച്ചുകൂട്ടുകയും അതിൽ അദ്ധ്യക്ഷം വഹിക്കുകയും യോഗനിശ്ചയങ്ങൾ അംഗീകരണത്തിനായി മെത്രാപ്പോലീത്തായ്ക്ക് സമർപ്പിക്കുകയും ചെയ്ക.

(6) മെത്രാപ്പോലീത്താ അനുവദിക്കുന്ന അസ്സോസിയേഷൻ നിശ്ചയങ്ങളെയും ഇടവക യോഗനിശ്ചയങ്ങളേയും അദ്ദേഹത്തിന്റെ കല്പനകളെയും ശിക്ഷണ നടപടികളേയും പ്രസിദ്ധപ്പെടുത്തുകയും നടപ്പിൽ വരുത്തുകയും ചെയ്ക.

(7) കൈക്കാരനോടും സെക്രട്ടറിയോടും കൂടി കൂട്ടുട്രസ്റ്റിയായിരുന്ന് പള്ളി മുതലുകളെ കൈകാര്യം ചെയ്ക.

(8) മസാന്ത്യ കണക്കും റിപ്പോർട്ടും ശമ്പളവിഹിതത്തെ സംബന്ധിച്ച വിവരങ്ങളും തയ്യാറാക്കിച്ച് സമുദായ ആഫീസിലേക്ക് അയയ്ക്കുകയും പള്ളിയുടെ പ്രതിപുരുഷസ്ഥാനത്ത് എഴുത്തുകുത്ത് നടത്തുകയും ചെയ്യുക.

(9) റശ്ശീസാ, ആണ്ടുവരി, ഭദ്രാസന നിധി, കമ്മട്ടി, കൈമുത്ത് മുതലായ പിരിവുകൾ ശേഖരിപ്പിച്ച് സമുദായ ആഫീസിൽ എത്തിച്ചുകൊടുക്കുക.

(10) പള്ളിയിൽ വിളിച്ചുപറയേണ്ട കാര്യങ്ങളായ മാറാനായപ്പെരുന്നാളുകൾ, കടമയുള്ള മറ്റു ദിവസങ്ങൾ പൊതുയോഗ സംഗതികൾ, വിളിച്ചുചൊല്ലും മുതലായവയും വീടുസന്ദർശനങ്ങൾ ആദിയായവയും മറ്റു വിധത്തിൽ രേഖപ്പെടുത്താത്ത ഔദ്യോഗിക കൃത്യങ്ങളും ഒരു ഡയറിയിൽ എഴുതി സൂക്ഷിക്കുകയും അതിനെ വികാരി ജനറൽ മെത്രാപ്പോലീത്താ എന്നിവർ ആവശ്യപ്പെട്ടാൽ കാണിക്കുകയും അവരെക്കൊണ്ട് അടയാളം വയ്പിക്കുകയും ചെയ്ക.



(11) മെത്രാപ്പോലീത്തായുടെ നിർദ്ദേശമനുസരിച്ചുള്ള മാമോദീസാ രജിസ്റ്റർ, വിവാഹ രജിസ്റ്റർ, മരണ രജിസ്റ്റർ, ഇടവക രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുകയും മെത്രാപ്പോലീത്തായുടെയും വികാരി ജനറാളിന്റെയും സന്ദർശനാവസരങ്ങളിൽ അവരെ കാണിച്ച് അടയാളം വയ്പ്പിക്കുകയും ചെയ്യുക. കുരിശുപള്ളികളിലെ ആത്മീകകാര്യങ്ങൾ മുടക്കം കൂടാതെ നടത്തുന്നതിന് അവിടെ നിയമിക്കപ്പെടുന്ന വൈദീകർക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതുമാണ്.

(12) വിവാഹത്തിന് ഒരുങ്ങുന്ന സ്ത്രീപുരുഷന്മാർക്ക് വി. സഭയുടെ വിശ്വാസാചാരങ്ങളിലും നമസ്ക്കാരം മുതലായവയിലുള്ള പരിജ്ഞാനം പരിശോധിച്ച് തൃപ്തിപ്പെടുകയും കുറികൾ മുതലായവ കൊടുക്കുകയും ചെയ്ക.

**7. സഹായപട്ടക്കാരൻ** വികാരിയുടെ നിർദ്ദേശമനുസരിച്ച് സഹായപട്ടക്കാരൻ ഇടവകയിലെ ഭരണകാര്യങ്ങളിൽ വികാരിയെ സഹായിക്കേണ്ടതാകുന്നു. എന്നാൽ തവണക്രമം അനുസരിച്ച് കർമ്മങ്ങൾ അനുഷ്ഠിക്കാൻ നിയമിതനായ സഹായപട്ടക്കാരനെ അക്കാര്യത്തിൽ വിരോധിക്കുവാൻ വികാരിക്ക് അവകാശമില്ലാത്തതാകുന്നു.

**8.** വികാരിയേയും സഹായപട്ടക്കാരേയും നിയമിക്കുന്നതും, നീക്കുന്നതും, ശിക്ഷിക്കുന്നതും, സ്ഥലം മാറ്റുന്നതും

വൈദിക കൗൺസിലിന്റെ ആലോചനയോടുകൂടി മെത്രാപ്പോലീത്തായോ, മെത്രാപ്പോലീത്തായുടെ അഭാവത്തിൽ ഭരണാധിപനോ ആയിരിക്കുന്നതാണ്. സ്ഥലം മാറ്റം പട്ടക്കാരുടെയും ഇടവകക്കാരുടെയും സ്ഥിതിയും വരുമാനവും അനുസരിച്ച് സാധാരണയായി മൂന്നു കൊല്ലത്തിൽ ഒരിക്കൽ നടത്തുന്നതും എന്നാൽ പ്രത്യേക പരിതസ്ഥിതികളിൽ വ്യത്യസ്ഥം ചെയ്യുന്നതും ആകുന്നു.

9. വൈദീകർ സാധാരണയായി 65 വയസ്സ് തികയുമ്പോൾ അവരുടെ ഉദ്യോഗത്തിൽ നിന്നും വിരമിക്കേണ്ടതാകുന്നു. എന്നാൽ അത്യാവശ്യസന്ദർഭങ്ങളിൽ വൈദീക കൗൺസിലിന്റെ ആലോചനപ്രകാരം മെത്രാപ്പോലീത്തായ്ക്ക് അവരുടെ ഉദ്യോഗ കാലാവധി നീട്ടികൊടുക്കുാവുന്നത് ആകുന്നു

10. **ശെമ്മാശ്ശൻ** ശെമ്മാശ്ശൻ വികാരിയുടെ നിർദ്ദേശം അനുസരിച്ച് ദിവ്യശുശ്രൂഷാദികളിൽസംബന്ധിക്കുകയും പ്രസംഗിക്കുകയും സൺഡേസ്ക്കൂൾ, പ്രാർത്ഥന സമാജം മുതലായ ആദ്ധ്യാത്മിക പ്രവർത്തനങ്ങളിലും പണപിരിവ് , ഭവനസന്ദർശനം മുതലായ കാര്യങ്ങളിലും പട്ടക്കാരെ സഹായിക്കുകയും ചെയ്യേണ്ടത് ആകുന്നു.

11. **കപ്യാർ** കപ്യാർ വികാരിയുടേയും ട്രസ്റ്റികളുടേയും നിർദ്ദേശം അനുസരിച്ച് പള്ളികെട്ടിടങ്ങളും ഉപകെട്ടിടങ്ങളും ഉപകരണങ്ങളും മറ്റു സാധനങ്ങളും പള്ളിപുരയിടങ്ങളും വെടിപ്പായി സൂക്ഷിക്കുകയും വിശുദ്ധ കർമ്മാദികാര്യങ്ങളിൽ വൈദികരെ സഹായിക്കുകയും ചെയ്യേണ്ടതാകുന്നു.

12. **കൈക്കാരൻ** കൈക്കാരൻ ആണ്ടുതോറും ഇടവക യോഗത്തിൽ തെരഞ്ഞടുക്കപ്പെടേണ്ടതും വികാരിയോടും,



സെക്രട്ടറിയോടും കൂടി പള്ളിവക സ്വത്തുക്കളുടെ ട്രസ്റ്റിയായിരിക്കേണ്ടതുമാണ്.

13. വികാരിയുടേയും സഹായപട്ടക്കാരന്റേയും സെക്രട്ടറിയുടേയും സഹകരണത്തോടുകൂടി കൈക്കാരൻ പള്ളി വരുമാനങ്ങൾ ശേഖരിച്ച് സൂക്ഷിക്കുകയും ഇടവകയാവശ്യങ്ങൾക്ക് ഇടവകയിലെ ആയവ്യയക്കണക്കനുസരിച്ച് ചില വിടുകയും ചെയ്യേണ്ടതാകുന്നു.

14. പള്ളിവക വരവുചെലവുകളുടെ കണക്ക് ശരിയായും ക്രമമായും, കൃത്യമായും എഴുതി സൂക്ഷിക്കുന്നതിൽ സെക്രട്ടറിയെ സഹായിക്കുക, ഇടവകയോഗത്തിന്റെയും നിർവ്വാഹകസമിതിയുടേയും നിശ്ചയമനുസരിച്ച് പള്ളിമുതലുകൾ കൈകാര്യം ചെയ്ത്, ആണ്ടുതോറും ഒക്ടോബർ, ഏപ്രിൽ ഈ മാസാന്ത്യങ്ങളിൽ സെക്രട്ടറിയുടെ സഹകരണത്തോടുകൂടി വരവു ചിലവു കണക്ക് തയ്യാറാക്കി നിർവ്വാഹക സമിതിയിൽ ഹാജരാക്കുക എന്നിവ കൈക്കാരന്റെ ചുമതലയിൽപ്പെട്ട പ്രധാന സംഗതികളാകുന്നു.

15. പെരുന്നാൾ, നോമ്പുവീടൽ മുതലായവ സംബന്ധിച്ചുണ്ടാകുന്ന അനിശ്ചിതവരുമാനങ്ങൾ, നടവരവ്, കാണിക്കശേഖരം എന്നിവയൊഴിച്ച് പള്ളിയിൽ വരുന്ന സകലവരുമാനങ്ങൾക്കും ട്രസ്റ്റികളിൽ ഒരാൾ ഒപ്പിട്ട് രസീതു കൊടുക്കേണ്ടതും പണം കൈക്കാരനെ ഏല്പിക്കേണ്ടതുമാകുന്നു. ഇതുപത്തിയഞ്ചു രൂപയിൽ കവിഞ്ഞുള്ള സകല ചെലവുകൾക്കും വൗച്ചർ വാങ്ങി കൈക്കാരൻ സൂക്ഷിക്കേണ്ടതാകുന്നു.

16. ആണ്ടുതോറും മാർച്ച് മാസാന്ത്യംവരെയുള്ള വാർഷിക വരവുചിലവുകണക്ക് തയ്യാറാക്കി, കണക്കു പരിശോധകന്റെ റിപ്പോർട്ട് സഹിതം അടുത്ത മെയ് മാസാവസാനത്തിനു മുമ്പ് നിർവ്വാഹകസമിതിയിൽനിന്നും പൊതുയോഗത്തിൽ ഹാജരാക്കേണ്ടതാകുന്നു.

17. ഇടവകയോഗത്തിൽ പാസ്സായിട്ടുള്ള തിരട്ടിന്റെ രണ്ടു പ്രതികൾ മെത്രാപ്പോലീത്തായ്ക്ക് അയച്ചുകൊടുക്കേണ്ടതും അദ്ദേഹം ഒപ്പും മുദ്രയും വച്ച് തിരിച്ചുതരുന്ന പ്രതി പള്ളിറിക്കാർഡിൽ സൂക്ഷിക്കേണ്ടതുമാകുന്നു.

18. പള്ളിവക സ്ഥാവരജംഗമസ്വത്തുക്കളുടെ വിവരമായ പട്ടികയടങ്ങിയ ഒരു സ്റ്റോക്ക് രജിസ്റ്റർ ഉണ്ടായിരിക്കേണ്ടതും ആയത് ആണ്ടുതോറും സ്വത്തുക്കളുമായി ഒത്തുനോക്കി ശരിപ്പെടുത്തി ട്രസ്റ്റികൾ ഒപ്പിട്ട്, ട്രസ്റ്റിയുടെ പക്കൽ സൂക്ഷിക്കേണ്ടതും മെത്രാപ്പോലീത്തായും വികാരിജനറാളും ഇടവക സന്ദർശനാർത്ഥം പള്ളിയിൽ വരുമ്പോൾ രജിസ്റ്റർ ഹാജരാക്കി അതിൽ അടയാളം വയ്പിച്ചുകൊള്ളേണ്ടതുമാകുന്നു.

19. പള്ളിക്കെട്ടിടത്തിന്റെ പുറത്തെ താക്കോൽ വികാരിയുടെ ചുമതലയിൽ ഇരിക്കേണ്ടതും ശേഷം സകല പൂട്ടുകളും ട്രസ്റ്റികളുടെ ചുമതലയിലും അധിനതയിലും ഇരിക്കേണ്ടതുമാകുന്നു.

20. പള്ളിയിൽ കർമ്മാദികൾക്ക് നിത്യോപയോഗമുള്ള ജംഗമങ്ങൾ വികാരിയുടെ സൂക്ഷിപ്പിലും, പള്ളിവക മറ്റു സകല സ്ഥാവര ജംഗമസ്വത്തുക്കളും ട്രസ്റ്റികളുടെ സൂക്ഷിപ്പിലും



അധീനതയിലും ഇരിക്കേണ്ടതും ട്രസ്റ്റികൾ സ്ഥാനമൊഴിയുമ്പോൾ സ്വത്തുക്കളും ഇരിപ്പുപണവും കണക്ക് മുതലായ റിക്കാർഡുകളും താക്കോലുകളും മറ്റും പുതുതായി തിരഞ്ഞെടുക്കപ്പെടുന്ന ട്രസ്റ്റികളെ ഏല്പിച്ച് രസീത് വാങ്ങേണ്ടതും അപ്രകാരം ഏറ്റതായി പുതിയ ട്രസ്റ്റികൾ സ്റ്റോക്ക് രജിസ്റ്ററിൽ ഒപ്പിടേണ്ടതുമാകുന്നു.

21. പള്ളിവക പണം വികാരിയുടേയും കൈക്കാരന്റേയും പേരിൽ നിർവ്വാഹക സമിതിയുടെ തീരുമാനമനുസരിച്ച് നിക്ഷേപിക്കേണ്ടതും സമിതി നിശ്ചയിക്കുന്ന ഒരു സംഖ്യട്രസ്റ്റികളുടെ കൈവശം വച്ചുകൊണ്ടിരിക്കാവുന്നതുമാകുന്നു.

22. **സെക്രട്ടറി** സെക്രട്ടറി ആണ്ടുതോറും ഇടവകയോഗത്താൽ തിരഞ്ഞെടുക്കപ്പെടേണ്ടതും വികാരിയോടും കൈക്കാരനോടും കൂടി ട്രസ്റ്റിയായിരിക്കേണ്ടതുമാണ്.

23. പള്ളിവക കണക്കുകൾ ശരിയായും ക്രമമായും കൃത്യമായും എഴുതി സൂക്ഷിക്കുക, ഇടവക യോഗത്തിന്റെയും നിർവ്വാഹക സമിതിയുടെയും നടപടികൾ പ്രത്യേകം പുസ്തകങ്ങളിൽ എഴുതി അദ്ധ്യക്ഷൻ, സെക്രട്ടറി എന്നിവരുടെ ഒപ്പോടുകൂടി സൂക്ഷിക്കുക, നിർവ്വാഹക സമിതി യോഗത്തിൽ ഹാജരാകുന്ന അംഗങ്ങളെകൊണ്ട് ഹാജർ വിവരം രേഖപ്പെടുത്തി അടയാളം വയ്പ്പിക്കുക, ഇടവക യോഗത്തിൽ ഹാജരാകുന്ന അംഗങ്ങളുടെ എണ്ണം തിട്ടപ്പെടുത്തി രേഖപ്പെടുത്തുക, 14-ാം വകുപ്പനുസരിച്ചുള്ള തിരട്ടുതയ്യാറാക്കുന്നതിൽ കൈക്കാരനെ സഹായിക്കുക മുതലായവ സെക്രട്ടറിയുടെ ജോലിയിൽപ്പെട്ടവയാകുന്നു.

24. **ഇടവകയോഗം** ഇടവകയുടെ ഭരണസംബന്ധമായ കാര്യങ്ങൾ നടത്തുന്നതിനായി എല്ലാ ഇടവകയിലും ഓരോ ഇടവക യോഗം ഉണ്ടായിരിക്കേണ്ടതും 21 വയസ്സ് തികഞ്ഞ എല്ലാ പുരുഷന്മാർക്കും ഇടവകയോഗത്തിൽ അംഗങ്ങളായിരിക്കാവുന്നതും ആകുന്നു.

25. ഇടവകയോഗാംഗങ്ങളുടെ പേരുവിവരമടങ്ങിയ ഒരു ഇടവക രജിസ്റ്റർ പള്ളിയിൽ ഉണ്ടായിരിക്കേണ്ടതും ഇടവകയോഗ രജിസ്റ്ററിൽ പേരില്ലാത്ത ഓരാൾക്കും ഇടവകയോഗത്തിൽ അഭിപ്രായം പറയുവാനോ വോട്ടുചെയ്യുവാനോ അവകാശമില്ലാത്തതുമാകുന്നു.

26. ഇടവകയോഗാംഗങ്ങളിൽ മുടക്കപ്പെട്ടവർ, പള്ളിക്കുറ്റം ഉള്ളവർ, ക്നാനായേതരുമായി വിവാഹബന്ധത്തിൽ ഏർപ്പെട്ടിരിക്കുന്നവർ, വികാരിയുടെ അഭിപ്രായത്തിൽ തക്കതായ കാരണം കൂടാതെ ആണ്ടിലൊരിക്കലെങ്കിലും കുമ്പസാരിച്ച് വിശുദ്ധ കുർബ്ബാന അനുഭവിക്കാത്തവർ, പള്ളി ഇടവകയ്ക്കോ സമുദായത്തിനോ കൊടുത്തടയ്ക്കേണ്ട സംഖ്യ രണ്ടു വർഷത്തിനുമേൽ കൊടുക്കാതെ വീഴ്ചവരുത്തിയവർ എന്നിവർക്ക് ഇടവകയോഗത്തിൽ സംബന്ധിക്കുന്നതിന് അവകാശമില്ലാത്തതാകുന്നു.

27. വികാരി ഇടവകയോഗം വിളിച്ചുകൂട്ടേണ്ടതും യോഗം കൂടുന്ന ഞായറാഴ്ച ഉൾപ്പെടെ തുടർച്ചയായി മൂന്നു ഞായറാഴ്ച വി. കുർബ്ബാനയ്ക്കുശേഷം ആളുകൾ പിരിയുന്നതിന് മുമ്പ് യോഗത്തെപ്പറ്റിയും യോഗം കൂടുന്ന സ്ഥലം, സമയം, യോഗത്തിൽ ആലോചിക്കേണ്ട വിഷയ



ങ്ങൾ എന്നിവയെപ്പറ്റിയും വിളിച്ചുപറയേണ്ടതുമാകുന്നു. വികാരിയ്ക്കു സൗകര്യമില്ലാത്ത പക്ഷം വികാരിയുടെ നിർദ്ദേശാനുസരണം സഹായപട്ടക്കാരന് വിളിച്ചു പറയാവുന്നതാണ്. ഇതിനും പുറമെ മേൽപ്പറഞ്ഞ വിവരങ്ങൾ കാണിച്ച് ഒരു നോട്ടീസ് വികാരി എഴുതി ഒപ്പിട്ട് യോഗ തീയതിയ്ക്ക് ഒരാഴ്ചയ്ക്കു മുമ്പ് പള്ളിയിലെ നോട്ടീസ് ബോർഡിൽ പതിക്കേണ്ടതാണ്.

28. ഇങ്ങനെ കൂടുന്ന യോഗത്തിൽ ഇടവകയോഗ രജിസ്റ്ററിൽപ്രകാരം ഉള്ളതിൽ 10% അംഗങ്ങൾ ഹാജരുള്ള പക്ഷം കോറം തികഞ്ഞതായി ഗണിച്ച് യോഗം നടത്താവുന്നതാകുന്നു. കോറം തികയാത്തപക്ഷം അടുത്ത ഞായറാഴ്ച വിളിച്ചു പറഞ്ഞ് അതേസമയം യോഗം നടത്തേണ്ടതും അങ്ങനെ കൂടുന്ന യോഗത്തിന് കോറം നോക്കേണ്ട ആവശ്യമില്ലാത്തതുമാതുന്നു.

29. ഏതെങ്കിലും സംഗതിക്ക് പെട്ടെന്ന് യോഗം വിളിച്ചുകൂട്ടേണ്ട ആവശ്യം നേരിടുകയും മൂന്നു ഞായറാഴ്ച വിളിച്ചു പറയുന്നതിന് സൗകര്യം ഇല്ലാതെ വരികയും ചെയ്യുന്ന സന്ദർഭത്തിൽ ഒരു ഞായറാഴ്ച വിളിച്ചു പറയുകയും 72 മണിക്കൂർ മുമ്പ് നോട്ടീസ് പതിക്കുകയും ചെയ്ത ശേഷം അടുത്ത ഞായറാഴ്ച യോഗം കൂടാവുന്നതാണ്. ഇങ്ങനെ കൂടുന്ന യോഗത്തിൽ കോറം നൂറ്റിന് പതിനഞ്ച് ആയിരിക്കേണ്ടതും യോഗനടപടി പുസ്തകത്തിൽ അത്യാവശ്യ സംഗതി വിവരിക്കേണ്ടതുമാകുന്നു.

30. മെത്രാപ്പോലീത്തായുടെ ആവശ്യപ്രകാരമോ, വികാരിക്ക് ആവശ്യമെന്ന് തോന്നുമ്പോഴോ, നിർവ്വാഹകസമി

തിയുടെ ആവശ്യത്തിന്മേലോ, ഇടവകയോഗാംഗങ്ങളിൽ നൂറ്റിന് പത്തുവീതം ആളുകൾ രേഖാമൂലം ആവശ്യപ്പെടുമ്പോഴോ വികാരി മുറപ്രകാരം ഇടവകയോഗം വിളിച്ചുകൂട്ടേണ്ടതാകുന്നു.

**31.**(എ) ആണ്ടിൽ രണ്ടുപ്രാവശ്യമെങ്കിലും ഇടവകയോഗം കൂടിയിരിക്കേണ്ടതാണ്. എന്നാൽ അങ്ങനെ യോഗം കൂടാതിരിക്കുകയോ മേൽ വകുപ്പിൽ പറയുന്ന ആളുകൾ ആവശ്യപ്പെടുമ്പോൾ വികാരി ഇടവകയോഗം വിളിച്ചുകൂട്ടാതിരിക്കുകയോ ചെയ്യുന്ന പക്ഷം മെത്രാപ്പോലീത്താ നേരിട്ടോ, സങ്കടകക്ഷികളുടെ അപേക്ഷപ്രകാരമോ അക്കാര്യത്തിൽ പ്രവേശിച്ച് വേണ്ട തീരുമാനം ചെയ്യുന്നതാകുന്നു.

(ബി) ഏതെങ്കിലും കാരണത്താൽ ഒരു തെരഞ്ഞെടുപ്പ് പൊതുയോഗം നിശ്ചിത സമയത്ത് നടക്കാതെ വരികയാണെങ്കിൽ മെത്രാപ്പോലീത്തായുടെ നിർദ്ദേശാനുസരണം നാലാഴ്ചക്കുള്ളിൽ വികാരി വീണ്ടും യോഗം വിളിച്ചുകൂട്ടി തെരഞ്ഞെടുപ്പ് നടത്തേണ്ടതാണ്. എന്നാൽ അസ്സോസിയേഷൻ പ്രതിനിധികളെ തെരഞ്ഞെടുക്കേണ്ടതിന് (101 സി) വകുപ്പ് ബാധകമായിരിക്കുന്നതാണ്.

**32.** വികാരി ഇടവകയോഗത്തിന്റെ അദ്ധ്യക്ഷൻ ആയിരിക്കുന്നതും ഇടവകയോഗത്തിൽ അദ്ധ്യക്ഷത വഹിക്കേണ്ടതും ആകുന്നു. അദ്ദേഹത്തിന് അദ്ധ്യക്ഷം വഹിക്കുന്നതിന് സൗകര്യമില്ലാതെ വന്നാൽ വികാരിയുടെ നിർദ്ദേശപ്രകാരം സഹായപട്ടക്കാരന് അദ്ധ്യക്ഷം വഹിക്കാവുന്നതുമാണ്.



**33.** കൈക്കാരൻ, സെക്രട്ടറി, നിർവ്വാഹകസമിതി അംഗങ്ങൾ എന്നിവരെ തിരഞ്ഞെടുക്കുക, തന്നാണ്ടത്തെ ആയവ്യയകണക്ക് പാസ്സാക്കുക, കണക്കു പരിശോധകനെ നിയമിക്കുക, അദ്ദേഹത്തിന്റെ പ്രതിഫലം നിശ്ചയിക്കുക, കണക്കു പരിശോധകന്റെ റിപ്പോർട്ട് വിമർശനം ചെയ്യുക, വാർഷിക തിരട്ട് പാസ്സാക്കുക, പള്ളിക്ക് വസ്തുക്കൾ സമ്പാദിക്കുകയോ പള്ളിവക സ്ഥാവര ജംഗമവസ്തുക്കൾ വിൽക്കുകയോ കടപ്പെടുത്തുകയോ ചെയ്യുക, പള്ളിക്കാവശ്യമെന്നു തോന്നുന്ന സംഗതികളെപ്പറ്റി ആലോചിച്ചു തീരുമാനം ചെയ്യുക മുതലായവ ഇടവകയോഗത്തിന്റെ ചുമതലയിൽപ്പെട്ട സംഗതികളാകുന്നു.

**34.** പള്ളിവകപണം താഴെപ്പറയുന്ന ആവശ്യങ്ങൾക്ക് വിനിയോഗിക്കേണ്ടതും അവ കഴിഞ്ഞ് ബാക്കിയുണ്ടായിരുന്നാൽ മാത്രം മറ്റു കാര്യങ്ങൾക്ക് ചെലവിടേണ്ടതുമാകുന്നു.

(എ) പള്ളിയിലെ കുർബ്ബാന, പെരുന്നാൾ മുതലായവയ്ക്കുള്ള ചെലവുകൾ.

(ബി) പട്ടക്കാരുടെയും, കപ്യാരന്മാരുടെയും, മറ്റ് ശമ്പള ചെലവ്

(സി) പള്ളിയുടെയും പള്ളിക്കെട്ടിടങ്ങളുടെയും സംരക്ഷണചെലവുകൾ,സ്ഥാവര വസ്തുക്കളുടെ നികുതി കൊടുക്കൽ, സാധാരണ ദേഹണ്ഡം മുതലായവയ്ക്കുള്ള ചെലവുകൾ.

(ഡി) ഭദ്രാസനനിധിക്കും, കമ്മട്ടി, കൈമുത്ത്, പ്രൊവിഡന്റ് ഫണ്ട്, വൈദികശമ്പളവിഹിതം എന്നിവകൾക്കും ഉള്ള തുകകൾ .

(ഇ) പ്രത്യേക ആവശ്യങ്ങൾക്ക് മെത്രാപ്പോലീത്തായുടെ കല്പന അനുസരിച്ച് വേണ്ടിവരുന്ന ചെലവുകൾ.

(എഫ്) പള്ളിവകയായി നടത്തപ്പെടുന്ന സ്ക്കൂളുകൾ, അനാഥശാലകൾ, ധർമ്മാശുപത്രികൾ, സണ്ടേസ്ക്കൂളുകൾ, പ്രാർത്ഥനാസമാജങ്ങൾ, സുവിശേഷവേലകൾ, ആവശ്യമെന്ന് ഇടവകയോഗത്തിന് തോന്നുന്ന മറ്റു ധർമ്മ സ്ഥാപനങ്ങൾ എന്നിവയ്ക്കുള്ള ചെലവുകൾ.

**35.** പള്ളിയ്ക്ക് സ്ഥാവര വസ്തുക്കൾ സമ്പാദിക്കുകയോ പള്ളിവക സ്ഥവര വസ്തുക്കൾ വിൽക്കുകയോ കടപ്പെടുത്തുകയോ ചെയ്യണമെന്നിരുന്നാൽ ഇടവകയോഗത്തിന്റെ നിശ്ചയമനുസരിച്ചും മെത്രാപ്പോലീത്തായുടെ രേഖാമൂലമായ അനുവാദത്തോടുകൂടിയും ട്രസ്റ്റികൾ ചെയ്യേണ്ടതാകുന്നു.

**36.** വാർഷിക ആയവ്യയ കണക്ക്, നിർവ്വാഹകസമിതിയുടെ തെരഞ്ഞെടുപ്പ് ഇവ സംബന്ധിച്ചുള്ള ഇടവകയോഗ നിശ്ചയങ്ങളുടെ പകർപ്പ് വികാരി സാക്ഷ്യപ്പെടുത്തി മെത്രാപ്പോലീത്തായ്ക്ക് സമർപ്പിച്ച് അംഗീകാരം വാങ്ങി നടപ്പിൽ വരുത്തേണ്ടതും മറ്റു നിശ്ചയങ്ങളുടെ പകർപ്പ് വികാരി സാക്ഷിപ്പെടുത്തി യഥാകാലം മെത്രാപ്പോലീത്തായ്ക്ക് അയച്ചുകൊടുക്കേണ്ടതുമാകുന്നു. യോഗനിശ്ചയങ്ങളുടെ പകർപ്പ് മെത്രാപ്പോലീത്തായ്ക്ക് സമർപ്പിച്ച് 30 ദിവസങ്ങൾക്കുള്ളിൽ പ്രസ്തുത നിശ്ചയങ്ങളെ സംബന്ധിച്ച് മെത്രാപ്പോലീത്തായുടെ തീരുമാനം ഉണ്ടാകാത്ത പക്ഷം യോഗനിശ്ചയങ്ങൾ മെത്രാപ്പോലീത്താ അംഗീകരിച്ചതായി പരിഗണിക്കുന്നതാണ്.



## ഇടവക നിർവ്വാഹകസമിതി

**37.** ഇടവകയോഗത്താൽ തെരഞ്ഞെടുക്കപ്പെടുന്നതും അഞ്ചിൽ കുറയാതെയും പതിനഞ്ചിൽ കവിയാതെയും അംഗങ്ങൾ ഉള്ളതുമായ ഒരു നിർവ്വാഹക സമിതി ഇടവകയ്ക്ക് ഉണ്ടായിരിക്കേണ്ടതാണ്. ടി. സമിതി മുഖാന്തരം ഇടവകസംബന്ധമായ സാധാരണ കാര്യങ്ങൾ നിർവ്വഹിക്കപ്പെടേണ്ടതും സമിതി അംഗങ്ങളുടെ കാലാവധി ഒരു വർഷത്തേയ്ക്ക് മാത്രമായിരിക്കേണ്ടതുമാണ്.

**38.** വികാരിയും സഹായപട്ടക്കാർ ഉണ്ടെങ്കിൽ അവരും തന്നാണ്ടു കൈക്കാരനും സെക്രട്ടറിയും നിർവ്വാഹ സമിതിയിൽ ഉൾപ്പെട്ടിരിക്കേണ്ടതാണ്. എന്നാൽ കുരിശുപള്ളികളിലെ ചുമതലയുള്ള പട്ടക്കാർ പ്രത്യേക ക്ഷണിതാക്കൾ ആയിരിക്കും.

**39.** നിർവ്വാഹക സമിതിയോഗം സെക്രട്ടറി വിളിച്ചുകൂട്ടേണ്ടതും വികാരി യോഗത്തിൽ ആദ്ധ്യക്ഷം വഹിക്കേണ്ടതുമാണ്. എന്തെങ്കിലും കാരണത്താൽ വികാരിക്ക് സൗകര്യമില്ലാതെ വന്നാൽ വികാരിയാൽ നിയോഗിക്കപ്പെടുന്ന നിർവ്വാഹക സമിതിയംഗം ആദ്ധ്യക്ഷം വഹിക്കേണ്ടതാണ്.

**40.** ട്രസ്റ്റികളിൽ ആരെങ്കിലുമോ നിർവ്വാഹക സമിതിയംഗങ്ങളിൽ രണ്ടുപേരോ മെത്രാപ്പോലീത്തായോ ആവശ്യപ്പെടുമ്പോൾ സെക്രട്ടറി നിർവ്വാഹക സമിതി വിളിച്ചുകൂട്ടേണ്ടതാകുന്നു. അങ്ങനെ ആവശ്യപ്പെടുന്ന തീയതി മുതൽ ഒരാഴ്ചക്കകം സെക്രട്ടറി നോട്ടീസ് അയ

യ്ക്കാതെ ഇരുന്നാൽ ആവശ്യപ്പെട്ട കക്ഷിക്ക് സമിതി യോഗം വിളിച്ചുകൂട്ടാവുന്നതാകുന്നു. ആണ്ടിൽ നാലു പ്രാവശ്യത്തിൽ കുറയാതെ സമിതി കൂടേണ്ടതാണ്.

**41.** ഇടവകയോഗത്തിന്റെ സെക്രട്ടറി തന്നെ നിർവ്വാഹകസമിതിയുടെയും സെക്രട്ടറിയായിരിക്കേണ്ടതാണ്.

**42.** തന്നാണ്ടത്തെ ആയവ്യയ കണക്ക് ഉൾപ്പെടെയുള്ള കാര്യപരിപാടി തയ്യാറാക്കി ഇടവകയോഗത്തിൽ അവതരിപ്പിക്കുക, ഇടവകയോഗം അധികാരപ്പെടുത്തുന്ന സംഗതികൾ നടപ്പിലാക്കുക, ട്രസ്റ്റികൾ ഹാജരാക്കുന്ന തിരട്ട് പരിശോധിച്ച് പാസ്സാക്കി ഇടവകയോഗത്തിൽ ഹാജരാക്കുക, അത്യാവശ്യ സംഗതികൾ നേരിടുമ്പോൾ ഇടവകയോഗത്തിന്റെ അനുവാദത്തെ പ്രതീക്ഷിച്ചുകൊണ്ട് വേണ്ടതു ചെയ്യുക എന്നിവ നിർവ്വാഹക സമിതിയുടെ ചുമതലയിൽപ്പെട്ട പ്രധാന സംഗതികളാകുന്നു.

**43.** വിശ്വാസാചാരങ്ങൾ, പട്ടത്വം, ശിക്ഷാക്രമം (Discipline) മേലദ്ധ്യക്ഷത എന്നിവയേ ബാധിക്കുന്ന യാതൊരു നിശ്ചയങ്ങളും പാസ്സാക്കുന്നതിന് ഇടവകയോഗത്തിനോ, നിർവ്വാഹക സമിതിയ്ക്കോ അധികാരമില്ലാത്തതാകുന്നു.

**44.** ഇടവകയോഗത്തിന്റെയോ, നിർവ്വാഹക സമിതിയുടേയോ നിശ്ചയത്തിൽ സങ്കടമുള്ള കക്ഷിക്ക് മെത്രാപ്പോലീത്തായുടെ അടുക്കൽ രേഖാമൂലം അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

**45.** ഇടവകയോഗ നിശ്ചയത്തിന്മേലുള്ള അപ്പീൽ ആ നിശ്ചയം ചെയ്ത തീയതി മുതൽ 10 ദിവസത്തിനകവും



നിർവ്വാഹകസമിതി നിശ്ചയത്തിന്മേലുള്ള അപ്പീൽ ആ നിശ്ചയം ചെയ്ത വിവരം കക്ഷിക്ക് അറിവുകിട്ടി 10 ദിവസങ്ങൾക്കകവും ആയിരിക്കേണ്ടതാകുന്നു.

**46.** രോഗം, അസ്വാസ്ഥ്യം, മരണം എന്നിവകളാലോ മറ്റേതെങ്കിലും കാരണവശാലോ കാലാവധിക്കു മുമ്പ് ഒഴിവു വരുന്ന സമിതി അംഗങ്ങളുടെ സ്ഥാനത്തേയ്ക്ക് ഇടവകയോഗാംഗങ്ങളിൽ നിന്ന് മറ്റാളുകളെ അടുത്ത ഇടവകയോഗം വരെയുള്ള സമയത്തേക്ക് നോമിനേറ്റ് ചെയ്യുന്നതിന് നിർവ്വാഹകസമിതിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. പ്രസ്തുത ഇടവകയോഗത്തിൽ അവരെ സ്ഥിരപ്പെടുത്തുകയോ മറ്റംഗങ്ങളെ തെരഞ്ഞെടുക്കുകയോ ചെയ്യാവുന്നതാകുന്നു.

**47.** കാലാവധിക്കു മുമ്പായി ഏതെങ്കിലും കാരണവശാൽ കൈക്കാരനോ സെക്രട്ടറിയോ സ്ഥാനം ഒഴിയുന്നതായാൽ അവരുടെ പക്കലുള്ള പള്ളിവകസമാനങ്ങളും, റിക്കാർഡുകളും, പണവും അവർ വികാരിയേ ഏൽപ്പിക്കേണ്ടതും വികാരി മേൽപറഞ്ഞവ ഏറ്റെടുത്ത് ഉടനെ സമിതി വിളിച്ചുകൂട്ടി വേണ്ടത് പ്രവർത്തിക്കേണ്ടതുമാകുന്നു.

## ഇടവകമാറ്റം

**48.** ഒരു ഇടവകയിൽ നിന്നും സൗകര്യത്തെ ഉദ്ദേശിച്ചോ മറ്റ് ഏതെങ്കിലും കാരണവശാലോ വേറൊരു ഇടവകയിൽ ചേരണമെന്ന് ആഗ്രഹിക്കുന്ന ആൾ മെത്രാപ്പോലീത്തായ്ക്ക് വിവരത്തിന് അപേക്ഷ അയയ്ക്കേണ്ടതും മെത്രാപ്പോലീത്താ രണ്ടു ഇടവക വികാരിമാരു

ടെയും റിപ്പോർട്ടു വരുത്തി ചെയ്യുന്ന തീരുമാനം അനുസരിച്ചു അപേക്ഷകൻ പ്രവർത്തിക്കേണ്ടതുമാകുന്നു. ഇടവക വികാരിമാർ ബന്ധപ്പെട്ട നിർവ്വാഹക സമിതിയുടെ അഭിപ്രായം ആരായേണ്ടതും അതിൻപ്രകാരം റിപ്പോർട്ട് നൽകേണ്ടതുമാകുന്നു. ഇടവകവികാരിയുടെ റിപ്പോർട്ട് ഇടവകമാറ്റം ആവശ്യപ്പെടുന്ന ആളിന് അനുകൂലമല്ലാതെ വന്നാൽ ആ പള്ളി പൊതുയോഗത്തിന് പരാതി സമർപ്പിക്കാവുന്നതുമാണ്.

**49.** (എ) ഔദ്യോഗിക കൃത്യങ്ങൾ മൂലമോ മറ്റേതെങ്കിലും കാരണവശാലോ ആറുമാസത്തിലധികം സ്വദേശം വിട്ട് മറ്റൊരു സ്ഥലത്ത് താമസിക്കുകയും ആ സ്ഥലത്ത് ക്നാനായക്കാരുടെ ഒരു പള്ളി ഉണ്ടായിരിക്കുകയും ചെയ്താൽ ആ പള്ളിയുടെ വികാരി, ഇങ്ങനെ മാറിത്താമസിക്കുന്നവരുടെ ആവശ്യപ്രകാരം ആത്മീയകാര്യങ്ങൾ നടത്തിക്കൊടുക്കേണ്ടതാണ്. എന്നാൽ ശവസംസ്ക്കാരം സംബന്ധിച്ചകാര്യങ്ങൾ മാത്യ ഇടവകയിലെ വികാരിയുടെ അനുവാദത്തോടെ ചെയ്യാവൂ. അവരെ ആ പള്ളി ഇടവകാംഗങ്ങളായി 48-ാം വകുപ്പനുസരിച്ചല്ലാതെ ചേർക്കുവാൻ പാടില്ലാത്തതാകുന്നു.

(ബി) ക്നാനായ വംശജരായി മറ്റു സഭകളിൽ ഉള്ള ആളുകൾ ക്നാനായ സമുദായത്തിൽ അംഗത്വം നേടുന്നതിന് വരുമ്പോൾ തങ്ങളുടെ ക്നാനായത്വം തെളിയിച്ച് ഇടവകനിർവ്വാഹകസമിതിയുടെ ശുപാർശയോടുകൂടി മെത്രാപ്പോലീത്ത ഇടവക ചേർക്കേണ്ടതാണ്.

**50.** ഇങ്ങനെ നടത്തപ്പെടുന്ന ആവശ്യങ്ങളിൽ വിവാഹമൊഴിച്ച് ഓരോന്നിനുമുള്ള വരുമാനങ്ങൾ മുഴുവനും



ആയതു നടത്തുന്ന പള്ളിയ്ക്കും വിവാഹത്തിനുള്ള വരുമാനങ്ങൾ ഇടവകപള്ളിയ്ക്ക് കിട്ടാവുന്ന വീതത്തിൽ പകുതി വിവാഹം ഏതു പള്ളിയിൽ വച്ചു നടന്നിരുന്നാലും മേൽപ്പറഞ്ഞപ്രകാരം ഇടവകയല്ലാത്ത പള്ളിയ്ക്കും, ശേഷം പകുതിഭാഗം ഇടവകപ്പള്ളിക്കും കൊടുക്കേണ്ടതാകുന്നു.

**51.** ഒരാൾക്ക് യാതൊരു കാരണവശാലും ഒരേ അവസരത്തിൽ രണ്ടു പള്ളികളിലെ ഇടവകാംഗമായിരിക്കുവാൻ പാടില്ലാത്തതാകുന്നു. എന്നാൽ ഇടവക പള്ളിയിൽ ചേർന്നു നടക്കുവാൻ സാധിക്കാതെ ഏതെങ്കിലും കാരണവശാൽ മറ്റുസ്ഥലങ്ങളിൽ താമസിക്കേണ്ടി വരുന്ന ഒരംഗത്തിന് അയാളുടെ താമസസ്ഥലത്ത് മെത്രാപ്പോലീത്ത അംഗീകരിക്കുന്ന ഒരിടവകപ്പള്ളിയുണ്ടെങ്കിൽ ആ പള്ളിയിൽ താൽക്കാലിക ഇടവകാംഗത്വം നൽകുന്നതിന് മെത്രാപ്പോലീത്തയ്ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. ഇപ്രകാരം അംഗത്വം ലഭിക്കുന്ന ഒരാളിന് ഒരേ കാര്യത്തിൽ ഏതെങ്കിലുംഒരിടവകയിൽ മാത്രം പ്രാതിനിധ്യം ഉണ്ടായിരിക്കയുള്ളൂ. ഇങ്ങനെയുള്ളവരുടെ കാര്യത്തിൽ പള്ളി കുടിശിഖ മാതൃ ഇടവകയിൽ അടയ്ക്കേണ്ടതാണ്.

## റിക്കാർഡുകൾ

**52.** പള്ളി റിക്കാർഡുകൾ എല്ലാം വൃത്തിയായി എഴുതി ചുമതലക്കാർ സൂക്ഷിക്കേണ്ടതാകുന്നു.

**53.** ഒരു പള്ളിയിലെ ഇടവകക്കാരായ സ്ത്രീ പുരുഷന്മാർ ഉൾപ്പെടെയുള്ള എല്ലാ അംഗങ്ങളുടെയും പേരുവിവരം അടങ്ങിയ ഒരു ഇടവക രജിസ്റ്റർ ഉണ്ടായിരിക്കേണ്ടതും ആയതു പള്ളിയിലെ മറ്റു റിക്കാർഡുകളുമായി ഒത്തുനോക്കി ആണ്ടുതോറും ശരിപ്പെടുത്തി വയ്ക്കേണ്ടതുമാകുന്നു.

**54.** പള്ളിയ്ക്കുവരുന്ന എഴുത്തുകൾ, കുറികൾ, അപേക്ഷകൾ, കല്പനകൾ, ആദിയായവയെല്ലാം തീയതിപ്പടിയും വിഷയപരമായും സെക്രട്ടറി ഫയൽ ചെയ്ത് വയ്ക്കേണ്ടതും പള്ളിയിൽ നിന്നും അയയ്ക്കുന്നവയ്ക്ക് പകർപ്പുകൾ സൂക്ഷിക്കേണ്ടതുമാകുന്നു.

**55.** പള്ളിവക നാൾവഴിക്കുറുപ്പ്, രസീതുകൾ, ആധാരങ്ങൾ, മുതലായ പ്രമാണങ്ങൾ എന്നിവ കൈക്കാരന്റെയും നാൾവഴി, പേരേടു മുതലായ കണക്കു പുസ്തകങ്ങൾ, യോഗനടപടി പുസ്തകം, സ്റ്റോക്ക് രജിസ്റ്റർ ഇടവകയോഗ രജിസ്റ്റർ എന്നിവ സെക്രട്ടറിയുടെയും ഇടവക രജിസ്റ്റർ മാമ്മോദീസാ രജിസ്റ്റർ, വിവാഹ രജിസ്റ്റർ, മരണ രജിസ്റ്റർ മുതലായ റിക്കാർഡുകൾ വികാരിയുടെയും ചുമതലന്തിലും അധീനതയിലും സൂക്ഷിക്കേണ്ടതുമാകുന്നു. എന്നാൽ ഇവർക്കും നിർവ്വാഹകസമിതി അംഗങ്ങൾക്കും അന്യോന്യം റിക്കാർഡുകൾ കാണുന്നതിന് അവകാശമുണ്ടായിരിക്കുന്നതാണ്.

**56.** പള്ളിറിക്കാർഡുകൾ നിവർത്തിയുള്ളടത്തോളം പള്ളിയിൽ തന്നെ സൂക്ഷിക്കേണ്ടതാകുന്നു. പള്ളിയിൽ ഉറപ്പായസ്ഥലം ഇല്ലാത്തപക്ഷം നിർവ്വാഹകസമിതി നിശ്ചയിക്കുന്ന സ്ഥലത്ത് അവ സൂക്ഷിക്കേണ്ടതാകുന്നു.

**57.** സമുദായ ആഫീസിൽ നിന്നും അച്ചടിപ്പിച്ച് മുദ്ര വയ്ക്കുന്ന മാമോദീസാ, വിവാഹം, മരണം, സ്റ്റോക്ക്, ഇടവക, ഇടവകയോഗം എന്നീ രജിസ്റ്റർ പുസ്തകങ്ങളും നാൾവഴി, പേരേട് കുടിശ്ശിഖ പസ്തകം എന്നീ കണക്കു പുസ്തകങ്ങളും രസീതുകളും വിവാഹകുറികളും മാത്രം പള്ളികളിൽ ഉപയോഗിക്കേണ്ടതാകുന്നു.



**58.** മേൽപ്പറഞ്ഞ റിക്കാർഡുകളിൽ എഴുതേണ്ട വിവരങ്ങൾ മുഴുവനും ചുമതലക്കാർ അപ്പഴപ്പോൾ എഴുതേണ്ടതും ഒപ്പിടുവാനുള്ളവരേക്കൊണ്ട് ഒപ്പിടുവിച്ചുകൊള്ളേണ്ടതുമാകുന്നു.

**59.** കുടിശ്ശിഖ പുസ്തകത്തിൽ വീടുകളുടെ പേരുകൾ പിടിക്കേണ്ടതും പള്ളിയ്ക്കു കിട്ടേണ്ട ഇനങ്ങളിൽ കുടിശ്ശിഖ വരുന്ന സംഖ്യകൾ അതാതു കുടിശ്ശിഖക്കാരുടെ പേരിൽ പറ്റെഴുതേണ്ടതുമാകുന്നു.

**60.** താഴെപ്പറയുന്ന ഇനങ്ങൾക്ക് പ്രത്യേകം പേരേടു പിടിക്കേണ്ടതാകുന്നു.

### എ. വരവുകൾ

(1) മാമോദീസ (വ. 64), (2) കമ്മട്ടിപ്പണം (വ. 64), 67 എ 3, ബി 2, 69 എ 3), (3) കുർബ്ബാപണം (വ. 65 എ, സി ,69 എ 9, 73 എ), (4) റിശീസാ (വ.66), (5) കൈമുത്തു (വ. 69 എ 7), (6) ഒത്തുകല്യാണം (വ. 67, എ, 12 ബി.1), വിവാഹഫീസ് (വ. 68, 69 എ 1,2,4,5,6,8), (8) മരണാനന്തരഫീസുകൾ (വ. 70, 71 എ, 72 ബി, 73 ബി), (9) പൂരകൂദാശ (വ.74), (10) നടവരവ് (വ.75 എ), (11) ആണ്ടുവരി (വ. 76), (12) പിറന്നാൾ സ്തോത്രം (വ.77), (13) കാണിക്കശേഖരം (വ.78) (14) ആദ്യഫലം (വ. 79), (15) പിടിയരി (വ. 80), (16) കെട്ടുതെങ്ങ് (വ.80), (17) പകർപ്പ്ഫീസ് (വ.81), (18) സാമാനകൂലി, (19) വസ്തു ആദായം, (20) സംഭാവന, (21) പലവക, (22) സാധുജനസംക്ഷണം, (23) സുവിശേഷവേല, (24) സൺഡേസ്ക്കൂൾ.

### ബി. ചെലവുകൾ

(1) നിത്യനിദാനം (2) എഴുത്തുകുത്ത് (3) ശമ്പളചെല
വ്(4) ഭദ്രാസനനിധി (5) അറ്റകുറ്റപ്പണികൾ (6) പെരു
ന്നാൾ, നോമ്പുവീടൽ ചെലവുകൾ (7)വസ്തു ദേഹ
ണ്ഡം, (8) കരം, മിച്ചവാരം മുതലായവ (9) പള്ളിസമാ
നങ്ങൾ,(10) കൈമുത്ത് (11) കമ്മട്ടിപ്പണം (12) ആണ്ടുവരി
(13) പലവക (14) സാധുജനസംരക്ഷണം (15) സുവിശേ
ഷവേല (16) സണ്ടേസ്ക്കൂൾ.

## അദ്ധ്യായം 3
## പള്ളി വരുമാനം

**61.** ഈ അദ്ധ്യായത്തിൽ വിവരിക്കുന്ന നിരക്കിലുള്ള വരുമാനങ്ങളെല്ലാം പള്ളിമുതൽ കെട്ടിലേക്ക് എടുക്കേ ണ്ടതും അവയെ ഈ ഘടനയിലെ വ്യവസ്ഥയനുസരിച്ചു വിനിയോഗിക്കേണ്ടതുമാകുന്നു.

**62.** ഈ അദ്ധ്യായത്തിൽ നിശ്ചയിച്ചിരിക്കുന്ന ഫീസു കൾ വയ്പിക്കേണ്ടതും ട്രസ്റ്റികളുടെ അഭിപ്രായത്തിൽ കുടിശിഖ ഒടുക്കുവാൻ ശക്തിയുള്ള കക്ഷികൾ മനഃപൂർവ്വം ഒടുക്കാതിരിക്കുന്ന പക്ഷം അങ്ങനെയുള്ള വരുടെ വീടുകളിൽ നിന്ന് കുമ്പസാരം രോഗികളുടെ തൈലാഭിഷേകം 70 -ാം വകുപ്പിനു വിധേയമാകാത്ത ശവസംസ്ക്കാരം എന്നിവ ഒഴിച്ചുള്ള ഏതാവശ്യവും വിരോധിച്ചു കുടിശിഖ ഈടാക്കാവുന്നതുമാകുന്നു.



**63.** (എ) പട്ടക്കാരുടെ മക്കളെ സംബന്ധിച്ച് താഴെക്കാ ണിച്ചിരിക്കുന്ന 67, 69 എന്നീ വകുപ്പുകളിൽപ്പെട്ട ഫീസു കൾ ചുമത്തേണ്ടതില്ല.

(ബി) 10 വർഷം തുടർച്ചയായി ഒരിടവകയിൽ കപ്യാ രായി ശുശ്രൂഷിച്ചുകൊണ്ടിരിക്കുന്നവരുടെ മക്കൾക്കും മേൽ 63 (എ) ബാധകമായിരിക്കും.

**64.** ഒരു മാമ്മോദീസായ്ക്ക് 20 രൂപ പള്ളിയിൽ അട യ്ക്കേണ്ടതാകുന്നു.

### കുർബ്ബാന

**65.** (എ) എല്ലാ ഞായറാഴ്ച ദിവസങ്ങളിലും മോറാനാ യപ്പെരുന്നാളുകളിലും ഇടവകപെരുന്നാൾ ദിവസങ്ങ ളിലും ചൊല്ലിക്കുന്ന നേർച്ച കുർബ്ബാനയ്ക്കും കോഹനെ ഞായറാഴ്ചയും ആനീദേ ഞായാറാഴ്ചയും ചൊല്ലിക്കുന്ന ആനിദേ കുർബ്ബാനക്കും രണ്ടു രൂപ വീതം കുർബ്ബാന പ്പണം അടയ്ക്കേണ്ടതാകുന്നു.

(ബി) മറ്റു ദിവസങ്ങളിൽ ചൊല്ലിക്കുന്ന നേർച്ച കുർബ്ബാനയ്ക്കും, ആനിദേ ഞായറാഴ്ചയും കോഹനെ ഞായറാഴ്ചയും ഒഴിച്ചുള്ള ഏതു ദിവസങ്ങളിൽ ചൊല്ലി ക്കുന്ന ആനിദേ കുർബ്ബാനകൾക്കും പത്തു രൂപ കുർബ്ബാ നപ്പണം അടയ്ക്കേണ്ടതാകുന്നു.

(സി) മൂന്നിന്മേൽ കുർബ്ബാനയ്ക്ക് പെരുനാൾ ദിവ സങ്ങളിൽ പത്തുരൂപയും മറ്റു ദിവസങ്ങളിൽ അമ്പത് രൂപയും അടക്കേണ്ടതാകുന്നു.

## റിശീസാ

**66.** അമ്പതു നോമ്പിലെ കുമ്പസാരത്തോടു കൂടി അന്ത്യോഖ്യാ സിംഹാസനത്തിലേക്കുള്ള റിശീസ ആയി അഞ്ചുരൂപാ വീതം 21 വയസിനുമേൽ പ്രായമായ ഓരോ പുരുഷനും അടയ്ക്കേണ്ടതും ആയത് നോമ്പുവീടി രണ്ടാഴ്ചയ്ക്കകം സമുദായ ആഫീസിൽ ട്രസ്റ്റികൾ എത്തിച്ചുകൊടുക്കേണ്ടതുമാകുന്നു.

## ഒത്തുകല്യാണം

**67.** ഒത്തുകല്യാണത്തിന് താഴെപ്പറയുന്ന ക്രമത്തിന് ഫീസ് വയ്ക്കേണ്ടതാകുന്നു.

(എ) ചെറുക്കന്റെ വീട്ടുകാർ

1. ചെറുക്കന്റെ വീട്ടുകാർ ഇടവകപ്പള്ളിയിൽ സാക്ഷിക്കുറിക്ക് 50 രൂപ
2. പെണ്ണിന്റെ ഇടവകപ്പള്ളിയിൽ 50 രൂപ

(ബി) പെണ്ണിന്റെ വീട്ടുകാർ

1. പെണ്ണിന്റെ ഇടവകപ്പള്ളിയിൽ 50 രൂപ.

## വിളിച്ചുചൊല്ല്

**68.** വിവാഹത്തിനുമുമ്പ് രണ്ടു ഞായറാഴ്ചകളിൽ ചെറുക്കന്റെയും പെണ്ണിന്റെയും ഇടവകപ്പള്ളികളിൽ വിളിച്ചു ചൊല്ലു നടത്തേണ്ടതും ആയതു കുർബ്ബാനയ്ക്കു ശേഷം ആളുകൾ പിരിയുന്നതിന് മുമ്പ് വേണ്ടതുമാകുന്നു. തക്ക സമയത്ത് വിളിച്ചുചൊല്ല് നടത്തിക്കാത്ത കക്ഷികളിൽ നിന്ന് വികാരിക്ക് അവരുടെ വിവാഹം നടത്താ



തിരിക്കുന്നതിന് മതിയായ കാരണമില്ലെന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം 100 രൂപയിൽ കുറയാത്ത സംഖ്യ വിളിച്ചുചൊല്ല് നടത്തേണ്ട പള്ളിയ്ക്ക് പ്രായശ്ചിത്തമായി വയ്പിച്ചുകൊണ്ട് ഒരു ഞായറാഴ്ചയെങ്കിലും വിളിച്ചുചൊല്ല് നടത്തേണ്ടതാകുന്നു.

## വിവാഹം

**69.** (എ) വിവാഹത്തിന് താഴെപ്പറയുന്ന നിരക്കിലുള്ള ഫീസ് അടയ്ക്കേണ്ടതാകുന്നു.

1. ദേശകുറിപ്പണം 50 രൂപ
2. പസാരം: വധുവിന്റെ പിതൃസ്വത്തു വിഹിതത്തിന്റെ പത്തിലൊന്ന്, (എഴു ശതമാനം ആൺകൂട്ടരും മൂന്നു ശതമാനം പെൺകൂട്ടരും കൊടുക്കേണ്ടതാണ്).
3. കമ്മട്ടിപണം.: (ഇരു കക്ഷികളും കൂടി തുല്യമായി ഒടുക്കേണ്ടത്) പസാരത്തിന്റെ പത്തിനു രണ്ട്.
4. അയനിപ്പണം: ( ഇരു കക്ഷികളും കൂടി തുല്യമായി) ഒടുക്കേണ്ടത് 10 രൂപ.
5. കുടക്കൂലി: ചെറുക്കന്റെ വീതം 10 രൂപ, പെണ്ണിന്റെ വീതം പത്തുരൂപാ.
6. നടവഴക്കം: (ഇതര ഇടവകയിൽ നിന്നു വരുന്ന കക്ഷി) 10 രൂപ.
7. കൈമുത്ത്: ചെറുക്കന്റെ വീതം 10 രൂപ പെണ്ണിന്റെ വീതം 10 രൂപ

8. കപ്പിത്വ ഫീസ്: പിതൃസ്വത്തിന്റെ നൂറ്റിന് അര (കാൽ വീതം ഇരു കക്ഷികളും).

9. (എ) കുർബ്ബാനപ്പണം: കല്യാണം ഇടദിവമാണെങ്കിൽ ഇരു കക്ഷികളും 50 രൂപ വീതം വിവാഹം നടത്തുന്ന പള്ളിയിൽ ഒടുക്കണം.

(ബി) മേൽപ്പറഞ്ഞവയിൽ ദേശകുറിപ്പണവും മേൽ ഉപവകുപ്പ് 2 ൽ പറയുന്ന രീതിയിൽ വിവാഹഫീസും, കപ്പിത്വഫീസിൽ പകുതിയും, വിവാഹം നടത്താത്ത പള്ളിയിൽ നിന്നും ദേശകുറി കൊടുക്കുമ്പോൾ അവിടെ വയ്പ്പിച്ചുകൊള്ളേണ്ടതാകുന്നു.

(സി) മേൽപ്പറഞ്ഞവയിൽ വിവാഹഫീസ് മേൽ 2–ാം ഉപവകുപ്പിൽ പറയുന്ന പ്രകാരവും, കപ്പിത്വഫീസിൽ പകുതിയും, കമ്മട്ടിപ്പണം അയനിപ്പണം, കുടക്കൂലി, നടവഴക്കം, കൈമുത്ത്, കുർബ്ബാനപ്പണം എന്നീ ഇനങ്ങളിലുള്ള ഫീസുകളും വിവാഹം നടത്തുന്ന പള്ളിയിൽ ഒടുക്കുവാനുള്ളതാകുന്നു.

(ഡി) 25, 000 രൂപയിൽ താണ പിതൃസ്വത്തുള്ളതും സ്വത്തിന്റെ കുറവു മൂലം പിതൃസ്വത്തു വിഹിതം തീരെ ഇല്ലാത്തതുമായ വിവാഹങ്ങൾക്ക് 25000 രൂപയുടെ ഫീസുകൾ അടയ്ക്കേണ്ടതാകുന്നു. എന്നാൽ ഇതിനും നിവൃത്തിയില്ലാത്തവരുടെ വിഷയത്തിൽ ഇടവക നിർവ്വാഹക സമിതിക്ക്.ഉചിതമായ തീരുമാനങ്ങൾ കൈക്കൊള്ളാവുന്നതാണ്.



(ഇ) വിവാഹത്തിലെ ഏതെങ്കിലും ഒരു കക്ഷിയ്ക്ക് സ്വത്തുണ്ടായിരിക്കയും, പിതൃസ്വത്ത് തീരെയില്ലാതിരിക്കുകയും ചെയ്യുന്ന വിഷയത്തിൽ, സ്വത്തുള്ള കക്ഷിയുടെ കുടുംബത്തിൽ അതിനടുത്ത്, മുമ്പ് പിതൃസ്വത്ത് കൊടുത്തോ വാങ്ങിയോ നടത്തിയിട്ടുള്ള വിവാഹത്തിലെ പിതൃസ്വത്തിന്റെ കണക്കനുസരിച്ച് ഫീസുകൾ വയ്പ്പിക്കേണ്ടതാകുന്നു.

(എഫ്) ദത്തവകാശമായി നടത്തപ്പെടുന്ന വിവാഹത്തിന്റെ വിഷയത്തിൽ പെണ്ണിന്റെ കുടുംബത്തിൽ അതിനടുത്ത്, മുമ്പ് പിതൃസ്വത്ത് കൊടുത്തോ വാങ്ങിയോ നടത്തിയിട്ടുള്ള വിവാഹത്തിലെ പിതൃസ്വത്തിന്റെ കണക്കനുസരിച്ച് വരുന്ന ഫീസിന്റെ നേരെ ഇരട്ടി എല്ലായിനങ്ങളിലും വയ്പ്പിക്കേണ്ടതാണ്

(ജി) വികാരിയുടെ ദേശകുറി കൂടാതെ വരുന്ന വിവാഹങ്ങൾ യാതൊരു കാരണവശാലും നടത്തികൊടുക്കുവാൻ പാടില്ലാത്തതാകുന്നു.

(എച്ച്) പുനർവിവാഹങ്ങൾക്കു ആദ്യവിവാഹങ്ങൾക്കുള്ളതുപോലെ തന്നെ ഫീസ് കൊടുക്കേണ്ടതാകുന്നു.

(ഐ) വിവാഹഫീസുകൾ മുഴുവനും വിവാഹദിവസത്തിന് മുമ്പ് തീർക്കേണ്ടതാകുന്നു.

### മരണം

**70.** മരിച്ച ആളിന്റെ വീട്ടിൽ നിന്നും പള്ളി സാമാനങ്ങളോടുകൂടി ശവം എടുപ്പിച്ചുകൊണ്ട് പള്ളിയിൽ വരുന്നതിന് 25 രൂപ ഫീസ് ഒടുക്കേണ്ടതാകുന്നു.

### കുഴിക്കാണം

**71.** (എ) പള്ളി ശവകോട്ടയിൽ ശവം ഇടുന്ന വകയ്ക്ക് അതതു പള്ളിയിലെ നിശ്ചയമനുസരിച്ച് കുഴിക്കാണം ഒടുക്കേണ്ടതാണ്.

(ബി) 10 വയസ്സിനു താഴെയുള്ള കുട്ടികൾക്ക് കുഴിക്കാണം ഒടുക്കേണ്ടതില്ല.

### കല്ലറ

**72.** (എ) തുറക്കാത്ത കല്ലറയ്ക്ക് 32 ചതുരശ്രഅടിയിലും തുറക്കുന്ന കല്ലറയ്ക്ക് 100 ചതുരശ്ര അടിയിലും കൂടുതൽ സ്ഥലം അനുവദിക്കാൻ പാടില്ല.

(ബി) കല്ലറയ്ക്കു സ്ഥലം അനുവദിക്കുന്ന പക്ഷം ആ സ്ഥലത്തിന് ഇടവകയോഗത്തിൽ നിന്ന് നിശ്ചയിക്കുന്ന തുക ആ പള്ളിയ്ക്ക് കൊടുക്കേണ്ടതാകുന്നു. തുറക്കുന്ന കബറിൽ വീണ്ടും ശവം അടക്കുമ്പോൾ കുഴിക്കാണം കൊടുക്കേണ്ടതാകുന്നു.

### മരണാനന്തര കർമ്മങ്ങൾ

**73.** (എ) പ്രായപൂർത്തിയായ ഒരാൾ മരിച്ചാൽ

1. 40 ദിവസങ്ങൾക്കകം അയാളുടെ ആത്മാനുകൂലാർത്ഥം മരിച്ച തീയതി മുതൽ 3-ാം ദിവസവും, 9-ാം ദിവസവും, 30 -ാം ദിവസവും, 40-ാം ദിവസവും, കുർബ്ബാനകൾ ചൊല്ലിക്കേണ്ടതും ശക്ത്യാനുസരണം ദാനദർമ്മങ്ങൾ ചെയ്യേണ്ടതുമാകുന്നു.



2. ആണ്ടുതോറും മരണത്തിന്റെ ഒ[illegible] ...ഷസം കുർബ്ബാന ചൊല്ലിക്കേണ്ടത് മരിച്ച ആള് [illegible] ...ത്ത അവകാശിയുടെ കടമയാകുന്നു.

(ബി). നാല്പതു ദിവസങ്ങൾക്കകമോ വാർഷിക ദിനത്തിലോ അടിയന്തിരം കഴിക്കുന്നപക്ഷം അതിൽ സംബന്ധിക്കുന്നവർ നേർച്ച ഇടേണ്ടതാണ്. നേർച്ച വീഴുന്ന സംഖ്യയും അഞ്ചുരൂപയും അടിയന്തിരം നടത്തുന്ന ആൾ പള്ളിയിൽ ഒടുക്കേണ്ടതാകുന്നു.

### പുരകൂദാശ

**74.** എല്ലാ ഭവനങ്ങളും ആണ്ടുതോറും കൂദാശ ചെയ്യിക്കേണ്ടതും ഒരു പുരകൂദാശയ്ക്ക് 10 രൂപ പള്ളിയ്ക്ക് കൊടുക്കേണ്ടതുമാകുന്നു.

### നടവരവ്

**75.** യൽദോ, ദുഃഖവെള്ളിയാഴ്ച, കൃംത്യാ, ഇടവകപ്പെരുന്നാളുകൾ എന്നീ ദിവസങ്ങളിൽ പള്ളിയിൽ കൂടുന്നവർ ശക്ത്യാനുസരണം വഴിപാട് ഇടേണ്ടതാകുന്നു.

### ആണ്ടുവരി

**76.** ആണ്ടുവരിയായി, ഒരു ഇടവകയ്ക്ക് ഒരു തുക, അസ്സോസിയേഷൻ നിശ്ചയിക്കുന്ന പരിധിക്കുള്ളിൽ ഓരോ വീട്ടുകാരിൽ നിന്നും ആണ്ടുതോറും പിരിക്കേണ്ടതാകുന്നു. പിരിവു സംബന്ധിച്ചുള്ള എല്ലാ കാര്യങ്ങളും ക്നാനായകമ്മറ്റിയുടെ ആലോചനയോടുകൂടി സമുദായ

ട്രസ്റ്റികൾ ചെയ്യേണ്ടതാകുന്നു. എന്നാൽ ഓരോ വീട്ടുകാരിൽ നിന്നും പിരിക്കേണ്ട തുക എത്ര എന്ന് നിർണ്ണയിക്കേണ്ടത് അതാതു ഇടവക പൊതുയോഗമായിരിക്കുന്നതാകുന്നു. ഈ തുക സമുദായദിനമായ 36-ാം ഞായറാഴ്ച എല്ലാ ഇടവകകളിൽ നിന്നും പിരിച്ചെടുക്കേണ്ടതാണ്.

### പിറന്നാൾ സ്തോത്രം

77. എല്ലാ ഇടവകാംഗങ്ങളും അവരവരുടെ ജന്മദിനം പ്രമാണിച്ച് പിറന്നാൾ സ്തോത്ര വഴിപാടായി സ്വമനസ്സാ ഒരു സംഖ്യ കൊടുക്കേണ്ടതാകുന്നു.

### കാണിക്ക ശേഖരം

78. ഞായറാഴ്ചകളിലും മാറാനായ പെരുന്നാളുകളിലും പള്ളിയിൽ കൂടുന്ന എല്ലാ ആളുകളും ശക്ത്യാനുസരണം കാണിക്ക ഇടേണ്ടതാകുന്നു.

### ആദ്യഫലം

79. വിത്തുകളെപ്രതിയും കതിരുകളെപ്രതിയുമുള്ള ദൈവമാതാവിന്റെ ഓർമ്മദിവസങ്ങളാകുന്ന ജനുവരി 15, മെയ് 15 എന്നീ തീയതികളിൽ നിവൃത്തിയുള്ള എല്ലാ വീടുകളിൽ നിന്നും ആദ്യഫലം ശേഖരിച്ചു മുതൽ കൂട്ടേണ്ടതാകുന്നു.

### മാസവരി

80. ഇടവകയിലെ എല്ലാ വീട്ടുകാരും മാസവരി കൊടുക്കേണ്ടതാകുന്നു. അവയുടെ പിരിവിനുള്ള രീതി, തോത് മുതലായവ നിശ്ചയിക്കുന്നതിനുള്ള സ്വാതന്ത്ര്യം അതാത് ഇടവകയ്ക്ക് ഉണ്ടായിരിക്കുന്നതാണ്.



### പകർപ്പുഫീസ്

81. മാമ്മോദീസ, വിവാഹം, മരണം എന്നീ രജിസ്റ്ററുകളിൽ നിന്നും അടയാളസഹിതം പകർപ്പുകൾ എടുക്കുന്നതിന് ഓരോ അപേക്ഷയ്ക്കും 25 രൂപാ വീതവും പൊതുയോഗം, കമ്മറ്റി എന്നിവയുടെ നടപടി പുസ്തകങ്ങളിൽ നിന്ന് അടയാളസഹിതം പകർപ്പുകൾ എടുക്കുന്നതിന് ഓരോ അപേക്ഷയ്ക്കും 100 രൂപാ വീതവും, ഫീസ് അടയ്ക്കേണ്ടതാണ്. പകർപ്പ് ശരിയാണെന്നു വികാരി സാക്ഷിപ്പെടുത്തുകയും പള്ളി മുദ്ര അതിൽ പതിക്കുകയും വേണം.

## അദ്ധ്യായം 4

## ഭദ്രാസന ഇടവക മെത്രാപ്പോലീത്താ

82. സമുദായത്തിൽ മേലദ്ധ്യക്ഷനായി ഒരു മെത്രാപ്പോലീത്താ ഉണ്ടായിരിക്കുന്നതും, ക്നാനായ അസ്സോസിയേഷന് ആവശ്യമാണെന്നു തോന്നുകയാണെങ്കിൽ സഹായമെത്രാന്മാരെ നിയമാനുസൃതം തെരഞ്ഞെടുത്തു വാഴിക്കാവുന്നതും അവരുടെ അധികാരാവകാശങ്ങൾ അസ്സോസിയേഷന്റെ ആലോചനയോടുകൂടി മെത്രാപ്പോലീത്ത നിശ്ചയിക്കുന്നതുമായിരിക്കും.

83.(എ) മെത്രാപ്പോലീത്താ സ്ഥാനത്തുവരുന്ന ആൾ ക്നാനായ സമുദായാംഗവും, മലയാളം, സുറിയാനി. ഇംഗ്ലീഷ് എന്നീ ഭാഷകളിലും വേദശാസ്ത്രത്തിലും ശരിയായി അഭ്യസനം സിദ്ധിച്ചിട്ടുള്ള ദേഹവും, വിശ്വാസാചാരങ്ങളിൽ നിഷ്ഠയും, ദൈവഭക്തിയും ഉള്ള അംഗവൈകല്യമില്ലാത്ത ദയറാക്കാരനും ആയിരിക്കണം

(ബി) മേൽപ്പറഞ്ഞ യോഗ്യതയുള്ള വൈദികൻ അതിനായി കൂടുന്ന യോഗത്തിൽ ക്നാനായ അസ്സോസിയേഷനിലെ ആകെ വോട്ടവകാശമുള്ള അസ്സോസിയേഷൻ അംഗങ്ങളുടെ അൻപത്തിഒന്ന് ശതമാനത്തിൽ കുറയാതെ വോട്ടുകൾ നേടുന്ന പക്ഷം മെത്രാപ്പോലീത്താ/ സഹായമെത്രാനായി തെരഞ്ഞെടുക്കപ്പെടുന്നതുമാകുന്നു.

ഈ തെരഞ്ഞെടുപ്പുയോഗത്തിൽ ഒന്നിൽ കൂടുതൽ ആളുകൾ സ്ഥാനാർത്ഥികളായി വരികയും ആർക്കും 51% വോട്ട് കിട്ടാതിരിക്കുകയും ചെയ്യുന്നതായാൽ ഏറ്റവും കുറവായി വോട്ടുകിട്ടിയ ആളിന്റെ പേരുതള്ളി ബാക്കിയുള്ളവരുടെ പേരുകൾ വീണ്ടും വോട്ടിനിടേണ്ടതും, അങ്ങനെ ഒരാളിന്റെ പേരു ശേഷിക്കുന്നതുവരെ വോട്ടു ചെയ്യേണ്ടതും അപ്രകാരം വരുന്ന ആളിന്റെ പേര് വീണ്ടും വോട്ടിനിടുമ്പോൾ അയാൾക്ക് 51% എങ്കിലും വോട്ടു കിട്ടുന്ന പക്ഷം ആ ആൾ തെരഞ്ഞെടുക്കപ്പെട്ടതായി ഗണിക്കേണ്ടതുമാകുന്നു. ഇപ്രകാരം നടത്തുന്ന വോട്ടെടുപ്പിൽ ആർക്കും 51% വോട്ട് ലഭിക്കുന്നില്ലെങ്കിൽ വീണ്ടും നോട്ടീസു കൊടുത്തു കൂടുന്ന അസ്സോസിയേഷനിൽ തെരഞ്ഞെടുപ്പു പ്രക്രിയ തുടരേണ്ടതുമാണ്.

(സി) ഇങ്ങനെ തെരഞ്ഞെടുക്കപ്പെടുന്ന ആളിന്/ ആളുകൾക്ക് പരിശുദ്ധ സിംഹാസനത്തിൽ നിന്ന് അംഗീകാരം ലഭിക്കുന്നമുറയ്ക്ക് അന്ത്യോഖ്യാ പാത്രിയർക്കീസിനാൽ മലങ്കര സുറിയാനി ക്നാനായ സമുദായത്തിനുവേണ്ടി മെത്രാപ്പോലീത്താ/ സഹായമെത്രാനായി കാനോനികമായി വാഴിക്കപ്പെട്ട് നിയമിക്കപ്പെടേണ്ടതാകുന്നു.

**84. (1)** താഴെപ്പറയുന്നവ മെത്രാപ്പോലീത്തായുടെ പ്രത്യേക ചുമതലയിൽപ്പെടുന്നവയായിരിക്കും.

(എ) അസ്സോസിയേഷന്റെ കാലാവധി കഴിയുന്ന മുറയ്ക്ക്



താഴെ 108–ാം വകുപ്പിൽ നിർദ്ദേശിക്കുന്ന പ്രകാരം കല്പന പുറപ്പെടുവിക്കുക.

(ബി) ആണ്ടിൽ രണ്ടു പ്രാവശ്യമെങ്കിലും തന്റെ കീഴിലുള്ള വൈദികരുടെ യോഗം വിളിച്ചുകൂട്ടി അതിൽ അദ്ധ്യക്ഷം വഹിച്ച് അവർക്ക് അദ്ധ്യാത്മികവും, ഭരണപരവുമായും മറ്റുമുള്ള കാര്യങ്ങളിൽ ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകുകയും അതാതു കാലങ്ങളിൽ അവർക്കുണ്ടാകുന്ന പ്രത്യേകപ്രയാസങ്ങളും പ്രശ്നങ്ങളും കേട്ട്, വേണ്ട ആലോചനകൾ നൽകുകയും ചെയ്യുക.

(സി) വിശ്വാസാചാരങ്ങളിൽ ഇടവകയ്ക്കുവേണ്ട തീരുമാനങ്ങൾ ചെയ്യുക.

(ഡി) ഭരണസംബന്ധമായ കാര്യങ്ങളിൽ വികാരി ജനറാളും, പട്ടക്കാരും, ഇടവകയോഗങ്ങളും, നിർവ്വാഹകസമിതികളും, ചെയ്യുന്ന തീരുമാനങ്ങളിന്മേൽ വരുന്ന അപ്പീൽ കേട്ട് തീരുമാനിക്കുക.

(ഇ) വൈദികകൗൺസിലും ക്നാനായ കമ്മറ്റിയും ആയി ആലോചിച്ച് ഇടവകകളിൽ വൈദികരെ നിയമിക്കുകയും, നീക്കുകയും, സ്ഥലം മാറ്റുകയും ചെയ്യുക.

(എഫ്) വൈദികരുടെമേൽ ഉണ്ടാകുന്ന പാരതികൾ കേട്ടു തീരുമാനിക്കുന്നതിനു കൂടുന്ന വൈദികകൗൺസിലിൽ അദ്ധ്യക്ഷംവഹിക്കുകയും, തീരുമാനങ്ങൾ നടപ്പിലാക്കുകയും ചെയ്യുക.

(ജി) ഓരോ ഇടവകയ്ക്കും പ്രത്യേകമായും സമുദായത്തിന് പൊതുവായുമുള്ള പൊതുയോഗങ്ങളുടെ നിശ്ചയങ്ങൾ മേൽ 36 ഉം താഴെ 123 (എ) വകുപ്പുകൾക്കു വിധേയമായി പരിശോധിച്ച് മുഴുവനായോ, അംശമായോ സ്ഥിരപ്പെടുത്തുകയോ തക്കതായ കാരണം കാണിച്ച് തള്ളുകയോ ചെയ്യുക.

(എച്ച്) സമുദായത്തിൽ പൊതുവായും ഓരോ ഇടവകയിൽ പ്രത്യേകമായും ഉണ്ടാകുന്ന കുഴപ്പങ്ങളെയും ക്രമക്കേടുകളേയും കുറിച്ച് അന്വേഷണങ്ങൾ നടത്തി വൈദിക കൗൺസിലിൽ ചർച്ച ചെയ്തു വേണ്ട പരിഹാരം നടത്തി ഉണ്ടാക്കുക.

(ഐ) ഒത്തുകല്യാണം സംബന്ധിച്ചുള്ള അപേക്ഷകൾ കേട്ടു തീരുമാനിക്കുക.

(ജെ) ഇടവക മാറുന്നതിന് ആരെങ്കിലുമപേക്ഷിച്ചാൽ മേൽ 48–ാം വകുപ്പിന് വിധേയമായി അപേക്ഷകേട്ടു തീരുമാനിക്കുക.

(കെ) ഭദ്രാസന ഇടവകയ്ക്കുവേണ്ടി വി. അന്ത്യോഖ്യാസിംഹാസനത്തിങ്കലേക്ക് എഴുത്തുകുത്തുകൾ നടത്തുക.

(എൽ) വി. അന്ത്യോഖ്യാസിംഹാസനത്തിങ്കലേക്കുള്ള റിശീസാ പിരിച്ച് വിശുദ്ധ പാത്രിയർക്കീസ് ബാവായ്ക്ക് അയച്ചുകൊടുക്കുക.

(എം) 106 (സി ) യിൽ പറയുന്ന പ്രകാരം സമുദായപരമായ കാര്യങ്ങളിൽ കുറ്റക്കാരാകുന്നവരെ പള്ളിക്കുറ്റത്തിൽ നിർത്തുകയോ, മുടക്കുകയോ, അനുതപിച്ചു തിരികെ വരുന്നവരെ കുറ്റവിമുക്തരക്കുകയോ ചെയ്യുക.

**84. (2)** വിശ്വാസപരമായോ, ഭരണപരമായോ ഉള്ള കാര്യങ്ങളിൽ മെത്രാപ്പോലീത്താ ചെയ്യുന്ന തീരുമാനത്തിൽ സങ്കടമുള്ള കക്ഷിയ്ക്ക് പ. അന്ത്യോഖ്യാ സിംഹാസനത്തിങ്കൽ അപ്പീൽ ബോധിപ്പിക്കാവുന്നതാകുന്നു. എന്നാൽ മലങ്കരയിൽ ക്നാനായസമുദായത്തിന് സ്വീകാര്യമായ ഒരു എപ്പിസ്കോപ്പൽ സുന്നഹദോസ് ഉണ്ടാകുന്ന സമയം ആദ്യ അപ്പീൽ ആ സുന്നഹദോസിലേക്കായിരിക്കണം. സാമൂഹ്യാചാരവിരുദ്ധമായ സംഗതികളിൽ ക്നാനായ കമ്മറ്റിയുടെയും വൈദിക കൗൺസിലിന്റെയും സംയുക്തമായ ആലോചന



പ്രകാരം മെത്രാപ്പോലീത്താ ചെയ്യുന്ന തീരുമാനം അവസാന തീരുമാനമായിരിക്കും.

**85.** (എ) മെത്രാപ്പോലീത്തായുടെ അടുക്കൽ വരുന്ന കേസുകളും അപ്പീലുകളും സംബന്ധിച്ച് വേണ്ടിവരുന്ന ചെലവിനുള്ള പണം ഏതെങ്കിലും കക്ഷിയെക്കൊണ്ടോ ഇരുകക്ഷികളെയുംകൊണ്ടോ മുൻകൂട്ടി കെട്ടിവയ്പിക്കാവുന്നതും മെത്രാപ്പോലീത്തായുടെ യുക്തമനുസരിച്ച് ജയിക്കുന്ന കക്ഷിയുടെ ചെലവ് നിർണ്ണയിച്ച് തോൽക്കുന്ന കക്ഷിയെക്കൊണ്ട് കൊടുപ്പിക്കാവുന്നതുമാകുന്നു.

(ബി) മെത്രാപ്പോലീത്താ, സഹായമെത്രാൻ എന്നിവർ 75 വയസ്സു പൂർത്തിയാകുമ്പോൾ ഭരണകാര്യങ്ങളിൽ നിന്ന് വിരമിക്കേണ്ടതും അവർക്ക് വിശ്രമജീവിതം നയിക്കുന്നതിനുള്ള എല്ലാ ക്രമീകരണങ്ങളും ക്നാനായ സമുദായം ചെയ്യേണ്ടതുമാകുന്നു.

(സി) മെത്രാപ്പോലീത്താ കാലം ചെയ്യുകയോ, കഠിനരോഗബാധിതനാകുകയോ, ഭരണം ഒഴിയുകയോ, സഭാപരിവർത്തനം ചെയ്യുകയോ ചെയ്യുന്ന അവസരങ്ങളിൽ ഭരണകാര്യങ്ങൾ നിർവ്വഹിക്കുന്നതിന് സഹായമെത്രാനോ, മെത്രാന്മാരോ ഉണ്ടെങ്കിൽ അവരിൽ മെത്രാനായി സീനിയറായ ആളെ മെത്രാപ്പോലീത്തായുടെ ചുമതല ഏല്പിക്കേണ്ടതും അല്ലാത്തപക്ഷം 86–ാം വകുപ്പനുസരിച്ച് തെരഞ്ഞെടുക്കപ്പെടുന്ന ഭരണാധിപനെ ചുമതല ഏല്പിക്കേണ്ടതുമാകുന്നു.

(ഡി) മെത്രാപ്പോലീത്താ/ സഹായമെത്രാൻ കാലം ചെയ്യുകയോ സഭവിട്ട് പോവുകയോ ചെയ്താൽ മെത്രാനായശേഷം ആർജ്ജിച്ച സകലസ്വത്തുക്കളും സമുദായത്തിൽ നിക്ഷിപ്തമായിരിക്കും.

### ഭരണാധിപൻ

**86.** മെത്രാപ്പോലീത്താ കാലം ചെയ്യുകയോ, കഠിനരോഗബാധിതനാവുകയോ, ഭരണം ഒഴിയുകയോ ചെയ്യുന്ന അവസരത്തിൽ മേൽ **85** (സി) വകുപ്പിൽ പറയുന്ന പ്രകാരം ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്. ഭരണാധിപനെ തെരഞ്ഞെടുക്കേണ്ടിവന്നാൽ, സമുദായത്തിൽ പെട്ട ഏതെങ്കിലുമൊരു പട്ടക്കാരനെ ഭരണാധിപനായി അസ്സോസിയേഷനിൽ കൂടി തെരഞ്ഞെടുക്കുകയും അദ്ദേഹത്തെ ഭരണാധിപനായി അധികാരപ്പെടുത്തണമെന്നും എപ്പിസ്കോപ്പായ്ക്കു മാത്രം ചെയ്യാവുന്നതായ പട്ടംകൊട, പള്ളി, തബലീത്താ, സൈത്ത് എന്നിവയുടെ കൂദാശ ആദിയായവ നടത്തിത്തരുന്നതിന് മലങ്കരയുള്ള ഒരു മെത്രാപ്പോലീത്തായെ ചുമതലപ്പെടുത്തണമെന്നും പ. അന്ത്യോഖ്യാ സിംഹാസനത്തിങ്കലേക്ക് അസ്സോസിയേഷൻ അപേക്ഷിക്കയും ചെയ്യേണ്ടതാകുന്നു. ഭരണാധിപനെ അനുവദിച്ചു കല്പന വരുന്നതുവരെ വികാരി ജനറാൾ ഭരണകാര്യങ്ങൾ നിർവ്വഹിക്കേണ്ടതാകുന്നു.

**87.** എപ്പിസ്കോപ്പായ്ക്കു മാത്രം ചെയ്യാവുന്ന മേൽപ്പറഞ്ഞ കാര്യങ്ങൾ നടത്തികിട്ടുന്നതിന് ആവശ്യം നേരിടുമ്പോൾ അതിലേക്കു നിയുക്തനാകുന്ന മെത്രാപ്പോലീത്തായുടെ അടുക്കൽ ഭരണാധിപൻ അപേക്ഷിച്ചു അവ നടത്തിക്കേണ്ടതാകുന്നു.

**88.** ഭരണാധിപന് ഒരു വൈദികന്റെ മേൽ മുടക്കൊഴിച്ചുള്ള ഏതെങ്കിലും ശിക്ഷണനടപടികൾ നടത്തേണ്ടതായി കാണുന്ന പക്ഷം വൈദിക കൗൺസിലിന്റെ ആലോചനയോടുകൂടി റിക്കാർഡുകൾ പരിശോധിച്ചു ചെയ്യുന്ന തീരുമാനം അന്തിമമായിരിക്കും. എന്നാൽ മുടക്കുശിക്ഷ 87-ാം വകുപ്പനുസരിച്ചുള്ള മെത്രാപ്പോലീത്താ വൈദിക കൗൺസിലിനോടാലോചിച്ച് ഭരണാധിപൻ ചെയ്യുന്ന ശുപാർശപ്രകാരം നടപ്പാക്കേണ്ടതാണ്.



**89.** ദിവ്യശുശ്രൂഷകളിൽ, വേണ്ടിവരുന്ന സന്ദർഭങ്ങളിൽ മേൽ 87-ാം വകുപ്പിൽ പറയുന്ന മെത്രാപ്പോലീത്തായുടെ പേർ ചൊല്ലേണ്ടതാകുന്നു. എന്നാൽ താഴെ 116-ാം വകുപ്പിൽ പറയുന്ന സത്യവാചകം ചൊല്ലുന്ന അവസരത്തിൽ 87-ാം വകുപ്പിൽ പറയുന്ന മെത്രാപ്പോലീത്തായുടെയും ഭരണാധിപന്റെയും പേരുകൾ അതിൽ ചേർക്കേണ്ടതാകുന്നു.

## അദ്ധ്യായം 5
## പട്ടംകൊടുക്കൽ

**90.** പട്ടംകൊട കാര്യങ്ങൾ ഉചിതമായി തീരുമാനിക്കുന്നത് വൈദിക കൗൺസിൽ ആയിരിക്കും.

**91.** പട്ടംസ്വീകരിക്കണമെന്നാഗ്രഹിക്കുന്നവർ തങ്ങളുടെ അപേക്ഷയും ബയോഡേറ്റയും ഇടവകപൊതുയോഗത്തിന്റെ ശുപാർശയോടുകൂടി മെത്രാപ്പോലീത്തായ്ക്ക് സമർപ്പിക്കേണ്ടതും മെത്രാപ്പോലീത്താ ആയത് വൈദിക കൗൺസിലിന് അയയ്ക്കേണ്ടതുമാണ്.

(എ) പട്ടം സ്വീകരിക്കണമെന്ന് ആഗ്രഹിക്കുന്നവർ ബിരുദധാരികളും സൽസ്വഭാവികളും അംഗവൈകല്യമില്ലാത്തവരും, ആരോഗദൃഢഗാത്രരും 21 വയസ്സിൽ കുറയാത്ത പ്രായമുള്ളവരും ദൈവഭക്തരും ബുദ്ധിശാലി

കളും സമുദായത്തോട് കൂറും വിധേയത്വമുള്ളവരും സത്യവിശ്വാസികളും ആയിരിക്കേണ്ടതാണ്.

**92.** ക്നാനായ സമുദായം അംഗീകരിക്കുന്ന വൈദിക സെമിനാരിയിൽ ഓരോ വർഷവും പ്രവേശനം തുടങ്ങുന്നതിന് മൂന്നുമാസം മുമ്പ് വൈദിക കൗൺസിൽ, സെക്രട്ടറി വിളിച്ചുകൂട്ടി അപേക്ഷകളിന്മേൽ ആവശ്യമായ ശുപാർശയോടുകൂടി മെത്രാപ്പോലീത്തായ്ക്ക് സമർപ്പിക്കേണ്ടതാണ്.

(എ) മെത്രാപ്പോലീത്തായുടെ അംഗീകാരം ലഭിക്കുന്ന അപേക്ഷകർക്ക് വൈദികസെമിനാരിയിൽ പ്രവേശനം ലഭിച്ചു കഴിഞ്ഞാൽ സാമ്പത്തികസഹായം അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് സമുദായത്തിൽ നിന്ന് പഠനം പൂർത്തിയാകുന്നതുവരെ സഹായധനം നൽകേണ്ടതാണ്.

(ബി) വൈദികപഠനകാലത്ത് സ്വഭാവദൂഷ്യത്തിനോ, അനുസരണമില്ലായ്മക്കോ പഠനം വിജയകരമായി പൂർത്തിയാക്കാതിരിക്കുകയോ, കോളേജ് പ്രിൻസിപ്പലിന്റെ ശുപാർശ ഇല്ലാതിരിക്കുകയോ, ഏതെങ്കിലും കാരണത്താൽ സെമിനാരിയിൽ നിന്നും പുറത്താക്കപ്പെടുകയോ ചെയ്യുന്ന വിദ്യാർത്ഥികൾക്ക് പട്ടം നിഷേധിക്കുന്നതിന് മെത്രാപ്പോലീത്തായ്ക്കു അധികാരമുണ്ടായിരിക്കുന്നതാണ്.

**93.** പട്ടം ഏൽക്കുന്ന വൈദികർ കുറഞ്ഞത് ആറുമാസക്കാലം മെത്രാപ്പോലീത്താ നിശ്ചയിക്കുന്ന ഒരു സീനിയർ വൈദികന്റെ കീഴിൽ പരിശീലനം നേടിയിരിക്കേണ്ടതാണ്. അങ്ങനെ പരിശീലനം നേടി, സീനിയർ വൈദികന്റെ ശുപാർശ ലഭിക്കുന്ന വൈദികർക്കുമാത്രമേ ഒരു



പള്ളിയുടെ പൂർണ്ണചുമതല വഹിക്കുന്നതിനുള്ള അർഹത മെത്രാപ്പോലീത്തായിൽ നിന്നും ലഭിക്കുകയുള്ളൂ.

പരിശീലനകാലത്ത് വൈദികർക്ക് അടിസ്ഥാന ശമ്പളത്തിന് തുല്യമായ സ്റ്റൈഫന്റ് നൽകേണ്ടതാണ്.

(എ) വൈദിക കൗൺസിലിന്റെ ആലോചനയോടുകൂടി മെത്രാപ്പോലീത്താ ക്രോഡീകരിക്കുന്ന ഒരു നടപടിക്രമം (Code of conduct) എല്ലാ വൈദികർക്കും ബാധകമാകുന്നതും ആ നടപടിപ്രകാരവും ഭരണഘടനയനുസരിച്ചും വൈദികർ ശുശ്രൂഷ നിർവ്വഹിക്കേണ്ടതുമാണ്.

**94.** 400 ന് മേൽ ഭവനങ്ങളുള്ള ഇടവകകളിൽ വികാരിയെക്കൂടാതെ സഹായപട്ടക്കാരനായി ജൂണിയർ ആയ ഒരു വൈദികനെ നിയമിക്കാവുന്നതാണ്.

**95.** ക്നാനായ അസ്സോസിയേഷനിൽ പാസ്സാക്കി മെത്രാപ്പോലീത്താ അംഗീകരിക്കുന്ന വൈദികരുടെ സേവന വേതന വ്യവസ്ഥകൾ കാലാകാലങ്ങളിൽ നടപ്പിൽവരുന്നതാണ്.

**96.** ഈ ഭരണഘടന നടപ്പിൽ വന്നതിനുശേഷം സമുദായത്തിൽപെട്ട യാതൊരാൾക്കും സമുദായത്തിനല്ലാതെ ഇടവകയ്ക്കും പട്ടംകൊടുക്കുന്നതല്ല.

(എ) പട്ടം ഏൽക്കുന്ന ആൾ പട്ടം കൊട ശുശ്രൂഷക്രമത്തിൽ പറയുന്ന വിശ്വാസാചാരങ്ങളുടെ പരിപാലനവും, മേലദ്ധ്യക്ഷതയോടുള്ള വിധേയത്വവും പുലർത്തേണ്ടതാണ്. ഇതിനു വിപരീതമായി പ്രവർത്തിക്കുന്നവരുടെമേൽ നിയമാനുസൃതമുള്ള നടപടികൾ വിചാരണയ്ക്കു ശേഷം മെത്രാപ്പോലീത്താ കൈക്കൊള്ളുന്നതാണ്.

## അദ്ധ്യായം 6
## അസ്സോസിയേഷൻ

**97.** സമുദായം സംബന്ധിച്ചുള്ള എല്ലാ കാര്യങ്ങളിലും തീരുമാനങ്ങൾ എടുക്കുന്നതിനും അവ നടപ്പാക്കുന്നതിനും മെത്രാപ്പോലീത്തായെ സഹായിക്കുന്നതിന് **മലങ്കര സുറിയാനി ക്നാനായ അസ്സോസിയേഷൻ** എന്ന അഭിധാനത്തിൽ ഒരു സംഘം ഉണ്ടായിരിക്കുന്നതാണ്.

**98.** താഴെ വിവരിക്കുന്ന സംഗതികൾ ഒഴിച്ചുള്ള എല്ലാ കാര്യങ്ങളും അസ്സോസിയേഷനിൽ ആലോചനാ വിഷയങ്ങളാക്കി തീരുമാനങ്ങൾ എടുക്കാവുന്നതാകുന്നു.

(എ) പ. അന്ത്യോഖ്യാ സിംഹാസനവും ഭദ്രാസന ഇടവകയും തമ്മിലുള്ള ബന്ധത്തെ നിയന്ത്രിക്കുന്ന എന്തെങ്കിലും നിശ്ചയങ്ങൾ ചെയ്യുവാനോ

(ബി) ഈ ഘടനയിൽ പ്രത്യേകം എടുത്തു പറഞ്ഞിട്ടില്ലാത്തതായ മെത്രാപ്പോലീത്തായുടെ അധികാരത്തെ നിയന്ത്രിക്കുന്ന നിശ്ചയങ്ങൾ ചെയ്യുവാനോ

(സി) ഭദ്രാസന ഇടവകയുടെ മത സംബന്ധമായ വിശ്വാസാചാരങ്ങളിൽ വല്ല ആലോചനയും തീരുമാനവും ചെയ്യുവാനോ അസ്സോസിയേഷന് അധികാരമില്ലാത്തതാകുന്നു.

**99.** അസ്സോസിയേഷൻ അംഗങ്ങൾ താഴെപ്പറയുന്നവർ ആയിരിക്കുന്നതാണ്.

(1.) ഇടവക പ്രതിനിധികൾ (2) കശ്ശീശന്മാർ (3) മെത്രാപ്പോലീത്തായാൽ നിയമിക്കപ്പെടുന്നവർ.



**100.** 100 വരെ വീടുകളുള്ള ഇടവകകളിൽ രണ്ടും 100 ന് മേൽ 200 വരെ വീടുകളുള്ള ഇടവകകളിൽ നിന്നും മൂന്നും 200 നു മേൽ വരെ 400 വരെ വീടുകളുള്ള ഇടവകകളിൽ നിന്നു 4 ഉം 400 നു മേൽ 600 വരെ വീടുകളുള്ള ഇടവകകളിൽ നിന്നും 5 ഉം 600 നു മേൽ 800 വരെ വീടുകളുള്ള ഇടവകകളിൽ നിന്നും 6 ഉം 800 ന് മേൽ 1000 വരെ വീടുകളുള്ള ഇടവകകളിൽ 7 ഉം 1000 മേൽ 1200 വരെ വീടുകളുള്ള ഇടവകകളിൽ നിന്നും 8 ഉം 1200 നു മേൽ 9 ഉം പ്രതിനിധികളെ തെരഞ്ഞെടുത്ത് അസ്സോസിയേഷനിലേക്ക് അയയ്ക്കുവാൻ ഇടവകകൾക്ക് അവകാശമുള്ളതാകുന്നു.

**101.** (എ) ഇടവക പ്രതിനിധികളെ തെരഞ്ഞെടുക്കുന്നതിനു മെത്രാപ്പോലീത്തായുടെ കല്പന കിട്ടിയാൽ അടുത്ത ഞായറാഴ്ച വികാരി തന്നെയോ സഹായപട്ടക്കാരൻ മുഖാന്തിരമോ അതു പള്ളിയിൽ പരസ്യപ്പെടുത്തേണ്ടതും കല്പനയിൽ വിവരിച്ചിരിക്കുന്ന ഇടവക പ്രതിനിധികളെ തെരഞ്ഞെടുക്കുന്നതിന് ഇടവകയോഗാംഗങ്ങളുടെ ഒരു പ്രത്യേക യോഗം ഇന്നപ്പോൾ ഇന്ന സ്ഥലത്തു കൂടുന്നതാണെന്ന് അന്നുതന്നെ പള്ളിയിൽ പ്രസ്താവിക്കുന്നതു കൂടാതെ മെത്രാപ്പോലീത്തായുടെ കല്പന കിട്ടി മൂന്നു ദിവസത്തിനകം ഈ വിവരത്തിനു വികാരി ഒരു നോട്ടീസു എഴുതി ഒപ്പിട്ട് പള്ളിയിലെ നോട്ടീസ് ബോർഡിൽ പതിപ്പിക്കേണ്ടതുമാകുന്നു.

(ബി) നിശ്ചിത സമയത്തു ഹാജരാകുന്ന അംഗങ്ങൾ വികാരിയുടെയോ വികാരി ഹാജരില്ലാത്തപക്ഷം വികാ

രിയുടെ നിർദ്ദേശപ്രകാരം സഹായ പട്ടക്കാരിൽ ആരുടെയെങ്കിലുമോ അദ്ധ്യക്ഷതയിൽ യോഗം കൂടി, വോട്ടെടുപ്പ് ആവശ്യമായി വന്നാൽ രഹസ്യബാലറ്റിലൂടെ പ്രതിനിധികളെ തെരഞ്ഞെടുത്ത് ഒരു സാക്ഷിപത്രം, വികാരിയും യോഗാംഗങ്ങളിൽ 12 ൽ കുറയാതെ ആളുകളും ഒപ്പിട്ട് പ്രതിനിധികളെ ഏല്പിക്കേണ്ടതും, സാക്ഷിപത്രത്തിൽ ഇടവകയിലെ ആകെയുള്ള വീടുകളുടെ എണ്ണം കാണിച്ചിരിക്കേണ്ടതും അസ്സോസിയേഷൻ യോഗതീയതിയ്ക്ക് 15 ദിവസങ്ങൾക്കുമുമ്പ് വിവരം വികാരി ഭദ്രാസനസെക്രട്ടറിയെ രേഖാമൂലം അറിയിക്കേണ്ടതുമാണ്.

(സി) ഏതെങ്കിലും കാരണവശാൽ മെത്രാപ്പോലീത്തായുടെ കല്പനയിൽ പറയുന്ന നിശ്ചിത തീയതിയിൽ തെരഞ്ഞെടുപ്പ് നടക്കാതെ വന്നാൽ അങ്ങനെയുള്ള പള്ളികളിൽ പ്രസ്തുത കല്പനയുടെ പ്രാബല്യത്തിൽ തൊട്ടടുത്ത ഞായറാഴ്ച തെരഞ്ഞെടുപ്പ് നടത്തേണ്ടതാണ്.

**102.** സമുദായത്തിൽപ്പെട്ട കശ്ശീശന്മാരെല്ലാവരും അസ്സോസിയേഷനിലെ സ്ഥിരാംഗങ്ങളായിരിക്കുന്നതാണ്.

**103.** 99, 1 ഉം 2 ഉം വകുപ്പ് അനുസരിച്ച് അംഗങ്ങളാകാൻ ഇടയുള്ള ആളുകളുടെ ആകെയുള്ള എണ്ണത്തിൽ 10% ത്തിൽ കവിയാതെയുള്ള ആളുകളെ അസ്സോസിഷന്റെ അംഗങ്ങളായി മെത്രാപ്പോലീത്തായിയ്ക്ക് യഥേഷ്ടം നിയമിക്കാവുന്നതാകുന്നു.

**104.** അന്ത്യോഖ്യായിലെ വി. ശ്ലീഹായ്ക്കടുത്ത സിംഹാസനത്തിനു കീഴ്‌വഴങ്ങി സത്യകാതോലിക വിശ്വാ



സത്തെ പാലിച്ചുകൊണ്ടിരിക്കുന്നവരും പള്ളികുററങ്ങൾ അനുഭവിച്ചു കൊണ്ടിരിക്കുന്നില്ലാത്തവരുമായ പുരുഷന്മാർക്കും മാത്രം അസ്സോസിയേഷൻ അംഗങ്ങളായിരിപ്പാൻ അർഹതയുള്ളതാകുന്നു.

**105.** (എ) മേൽ 99, (1) വകുപ്പിൽ പറയുന്ന അംഗങ്ങളുടെ തെരഞ്ഞെടുപ്പ്, നിയമനം മുതലായ സംഗതികൾ സംബന്ധിച്ച് എന്തെങ്കിലും തർക്കമുണ്ടായാൽ അതു കേൾക്കുന്നതിന് പൊതു ഉദ്യോഗവാഹികളല്ലാത്ത ഒരു വൈദികനും രണ്ടു അത്മായക്കാരും ചേർന്നുള്ള ഒരു തെരഞ്ഞെടുപ്പ് കോടതിയെ മെത്രാപ്പോലീത്താ നിയമിക്കുന്നതും ആ കോടതി ഇരുകക്ഷികളുടെയും വാദം കേട്ട് എഴുതുന്ന തീരുമാനം അവസാന തീരുമാനം ആയിരിക്കുന്നതുമാകുന്നു.

(ബി) തെരഞ്ഞെടുപ്പ് കോടതിയുടെ ചെലവിലേക്കുവേണ്ട പണം ഏതെങ്കിലും കക്ഷിയെക്കൊണ്ടോ ഇരു കക്ഷികളേയും കൊണ്ടോ മുൻകൂട്ടി കെട്ടിവയ്പിക്കുന്നതിനു കോടതിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

(സി) കോടതിയുടെ യുക്തം അനുസരിച്ച് ജയിക്കുന്ന കക്ഷിയുടെ ചെലവു നിർണ്ണയിച്ചു തോൽക്കുന്ന കക്ഷിയെക്കൊണ്ട് കൊടുപ്പിക്കാവുന്നതാകുന്നു.

(ഡി) തർക്കം തീരുന്നതുവരെ വികാരിയുടെ ഒപ്പോടുകൂടിയ സാക്ഷിപത്രം കൊണ്ടുവരുന്ന ആളിനെ അസ്സോസിയേഷൻ അംഗമായി സ്വീകരിക്കേണ്ടതാണ്.

(ഇ) ഓരോ തെരഞ്ഞെടുപ്പിന്റെയും ശേഷം ആദ്യമായി കൂടുന്ന അസ്സോസിയേഷൻ യോഗത്തിൽ 99 (1) (2) എന്നീ

വകുപ്പുകൾ അനുസരിച്ച് അംഗങ്ങളായിട്ടുള്ള ആളുകളുടെ ആകെ എണ്ണത്തിൽ 100 ന് 25 വീതം ആളുകൾ ഹാജരുള്ള പക്ഷം ആ യോഗത്തിൽ വച്ച് അസ്സോസിയേഷന്റെ ഔദ്യോഗിക ഭാരവാഹികളെയും 125-ാം വകുപ്പിൽ പറയുന്ന ക്നാനായകമ്മറ്റിയിലെ അനുദ്യോഗസ്ഥംഗാങ്ങളേയും തെരഞ്ഞെടുക്കുകയും നോട്ടീസ് കല്പനയിൽ വല്ല ആലോചനാവിഷയങ്ങൾ ചേർത്തിട്ടുണ്ടെങ്കിൽ അവയെപ്പറ്റി ആലോചിക്കുകയും ചെയ്യേണ്ടതാകുന്നു.

**106.** (എ) അസ്സോസിയേഷൻ അംഗങ്ങളുടെ കാലാവധി 105 (ഇ) വകുപ്പിൽ പറയുന്ന ആദ്യ യോഗത്തിലെ തീയതി മുതൽ മൂന്നുവർഷം ആയിരിക്കുന്നതാണ്. കാലാവധി കഴിയുന്നമുറയ്ക്ക് പുതിയ അസ്സോസിയേഷൻ തിരഞ്ഞെടുപ്പ് നടത്തേണ്ടതാണ്. ഇപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന അസ്സോസിയേഷൻ രൂപപ്പെടുന്നതുവരെ നിലവിലുള്ള ക്നാനായകമ്മറ്റിയും അസ്സോസിയേഷനാൽ തെരഞ്ഞെടുക്കപ്പെട്ട എല്ലാ സമിതികളും നിലനിൽക്കുന്നതും അവയുടെ പ്രവർത്തനം തുടരേണ്ടതുമാണ്.

(ബി) എന്നാൽ യാതോരംഗത്തിനും കാലാവധിക്കു മുൻപായി തന്റെ അംഗത്വം ഉപേക്ഷിക്കാവുന്നതും ആരാൽ നിയമിക്കപ്പെടുന്നുവോ അവർക്ക് ആ അംഗത്തെ നീക്കാവുന്നതും, മതപരിവർത്തനം, പള്ളിക്കുറ്റം, ചിത്തഭ്രമം ഇവയാൽ മെമ്പർ സ്ഥാനം സ്വതവേ നഷ്ടപ്പെടുന്നതുമാകുന്നു. കാലാവധിക്കു മുമ്പ് മേൽപ്രകാരമോ മരണം മൂലമോ ഒഴിവുവരുന്ന അംഗങ്ങളുടെ സ്ഥാനത്തേക്ക് വേറെ അംഗങ്ങളെ മുറപ്രകാരം നിയമിക്കാവുന്നതാകുന്നു.



(സി) പള്ളിക്കൂറ്റം: ക്നാനായസമുദായത്തിന്റെയും പള്ളികളുടെയും വിശ്വാസത്തിനും മേലദ്ധ്യക്ഷതയ്ക്കും നിയമങ്ങൾക്കും ആചാരമര്യാദകൾക്കും എതിരായി പരസ്യമായി മത്സരിക്കുകയും അവകളെ ബോധപൂർവ്വം ലംഘിക്കുകയും ചെയ്യുന്ന ഇടവകാംഗത്തിനുമേൽ പള്ളിക്കുറ്റം ഉണ്ടായിരിക്കും. അന്യസഭകളിൽ ചേർന്നു നടക്കുക, വ്യവസ്ഥാപിത ഭരണക്രമങ്ങൾക്കെതിരായി സമാന്തരഭരണസംവിധാനം ഏർപ്പെടുത്തുക, സ്വയം ആരാധനാസ്ഥലങ്ങൾ നിർമ്മിച്ച് ആരാധന നടത്തിക്കുക, നിർദ്ദിഷ്ട സ്ഥലങ്ങളിലും രീതികളിലും നടക്കേണ്ടുന്ന കൂദാശകളും, കർമ്മങ്ങളും അനധികൃത സ്ഥലങ്ങളിൽ വച്ചു നടത്തിക്കുക, പള്ളികളിൽ ബലമായി പ്രവേശിച്ച് ആരാധനയും കർമ്മങ്ങളും സഭായോഗങ്ങളും വിഘ്നപ്പെടുത്തുക, മതിയായ കാരണങ്ങൾ കൂടാതെ ആരാധനയിൽ തുടർച്ചയായി സംബന്ധിക്കാതിരിക്കുക, അംഗീകൃത പെരുമാറ്റചട്ടങ്ങൾക്ക് എതിരായി സഭാക്കൂട്ടങ്ങളിലും പള്ളികളിലും പെരുമാറുക, നിയമാനുസൃത ഭാര്യഭർതൃബന്ധം ഉപേക്ഷിക്കുക, അനധികൃതമായി വിവാഹബന്ധത്തിൽ ഏർപ്പെടുക ദുർമ്മാർഗ്ഗജീവിതം നയിക്കുക തുടങ്ങി സഭയുടെയും പള്ളികളുടെയും നിയമങ്ങൾക്ക് എതിരായി കുറ്റകരമായി പ്രവർത്തിച്ചാൽ പള്ളിക്കുറ്റമുണ്ടാകും. പള്ളിക്കുറ്റത്തിൽ നിർത്തുന്നതും അനുതപിച്ചു തെറ്റു തിരുത്തി വരുന്നവരെ സ്വീകരിക്കുന്നതും വികാരിയുടെ ശുപാർശപ്രകാരം മെത്രാപ്പോലീത്താ ആയിരിക്കും.

**107.** കാലാവധി ഗണിക്കാതെ തക്കതായ കാരണത്തിന്മേൽ ക്നാനായകമ്മറ്റിയുടെ ശുപാർശപ്രകാരം എപ്പോൾ

വേണമെങ്കിലും അസ്സോസിയേഷൻ പിരിച്ചുവിടുന്നതിനു മെത്രാപ്പോലീത്തായ്ക്ക് അധികാരമുള്ളതാകുന്നു.

**108.** മെത്രാപ്പോലീത്താ പിരിച്ചുവിട്ടതുമൂലമോ, കാലാവധി കഴിയുകയാലോ അസ്സോസിയേഷൻ അംഗങ്ങളുടെ പുതിയ തെരഞ്ഞെടുപ്പ് നടത്തേണ്ട ആവശ്യം നേരിടുമ്പോൾ അതിലേക്കു മുൻ അസ്സോസിയേഷൻ അവസാനിച്ചതോ അവസാനിപ്പിച്ചതോ ആയ തീയതി മുതൽ 60 ദിവസത്തിൽ കവിയാത്ത സമയത്തിനുള്ളിൽ അസ്സോസിയേഷൻ കൂടുന്നതിന് മെത്രാപ്പോലീത്താ എല്ലാ പള്ളികൾക്കും കല്പന അയയ്ക്കുന്നതും ആ കല്പനയിൽ അംഗങ്ങൾ ആദ്യമായി കൂടേണ്ട സ്ഥലവും സമയവും വിവരിച്ചിരിക്കുന്നതു കൂടാതെ അസ്സോസിയേഷന്റെ ആലോചനാവിഷയങ്ങളും കാണിച്ചിരിക്കുന്നതുമാകുന്നു.

## ഔദ്യോഗിക ഭാരവാഹികൾ

**109.** സമുദായവും അസ്സോസിയേഷനും സംബന്ധമായി താഴെപ്പറയുന്ന ഉദ്യോഗസ്ഥന്മാരും സമിതികളും ഉണ്ടായിരിക്കുന്നതാണ്.

(1) വികാരി ജനറാൾ (2) അസ്സോസിയേഷൻ പ്രസിഡന്റ് (3) അസ്സോസിയേഷൻ സെക്രട്ടറി (4) ഭദ്രാസന സെക്രട്ടറി (5) രണ്ട് ട്രസ്റ്റികൾ (6) വൈദിക കൗൺസിൽ (7) ക്നാനായ കമ്മറ്റി.

**110.** ഇവരിൽ അസ്സോസിയേഷൻ പ്രസിഡന്റും ഒരു ട്രസ്റ്റിയും തെരഞ്ഞെടുപ്പിനുശേഷം അംഗങ്ങൾ ആദ്യമായി സമ്മേളിക്കുന്ന യോഗത്തിൽവച്ചു തെരഞ്ഞെടുക്കപ്പെടുന്ന രണ്ടു കശ്ശീശന്മാരും അസ്സോസിയേഷൻ സെക്രട്ടറിയും മറ്റെ ട്രസ്റ്റിയും മേല്പറഞ്ഞ ആദ്യയോഗത്തിൽ വച്ചുതന്നെ തെര



ഞ്ഞെടുക്കപ്പെടുന്ന രണ്ടു അത്മായക്കാരും ആയിരിക്കും. ഭദ്രാസന സെക്രട്ടറി മെത്രാപ്പോലീത്തായാൽ സാധാരണയായി മൂന്നു വർഷത്തേയ്ക്ക് നിയമിക്കപ്പെടുന്ന വൈദികൻ ആയിരിക്കും. വികാരി ജനറാൾ സാധാരണയായി മൂന്നു വർഷത്തേയ്ക്ക് മെത്രാപ്പോലീത്തായാൽ നിയമിക്കപ്പെടുന്ന 50 വയസിനു മുകളിൽ പ്രായമുള്ളതും 20 വർഷത്തിൽ കുറയാത്ത വൈദികസേവനമുള്ളതുമായ ഒരു വൈദികൻ ആയിരിക്കും.

## വൈദിക യോഗം

**111.** (എ) സമുദായത്തിലെ ഭരണകാര്യങ്ങളിൽ നിന്നും വിരമിച്ച വൈദികരുൾപ്പെടെ എല്ലാ പട്ടക്കാരും അംഗങ്ങളായുള്ള ഒരു വൈദികയോഗം ഉണ്ടായിരിക്കുന്നതാണ്. വികാരി ജനറാൾ പ്രസ്തുത യോഗത്തിന്റെ അദ്ധ്യക്ഷനായിരിക്കുന്നതും സെക്രട്ടറിയെ വൈദികയോഗം തെരഞ്ഞെടുക്കേണ്ടതും അദ്ദേഹത്തിന്റെ കാലാവധി 3 കൊല്ലം ആയിരിക്കും. ആണ്ടിൽ കുറഞ്ഞത് 4 പ്രാവശ്യം എങ്കിലും വൈദിയോഗം കൂട്ടി സമുദായത്തിലെ ആത്മീകകാര്യങ്ങളെക്കുറിച്ചു വിലയിരുത്തുകയും സുവിശേഷപ്രവർത്തനങ്ങൾ വിജയകരമായി നടത്തുന്നതിനുള്ള മാർഗ്ഗരേഖയുണ്ടാക്കുകയും സമുദായ പുരോഗതിയ്ക്കുതകുന്ന കാര്യങ്ങൾ ചർച്ചചെയ്ത് തീരുമാനിക്കുകയും തീരുമാനങ്ങൾ അദ്ധ്യക്ഷൻ മെത്രാപ്പോലീത്തായ്ക്കു സമർപ്പിക്കേണ്ടതും അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ആയത് നടപ്പിൽവരുത്തേണ്ടതുമാണ്. വൈദിക

യോഗത്തിന്റെ കോറം 30% ആയിരിക്കും. 25% വൈദികർ രേഖാമൂലം ആവശ്യപ്പെട്ടാൽ സെക്രട്ടറി യോഗം വിളിച്ചു കൂട്ടേണ്ടതാകുന്നു.

## വൈദിക കൗൺസിൽ

(ബി) (1) മെത്രാപ്പോലീത്തായെ ഭരണകാര്യത്തിൽ സഹായിക്കുന്നതിന് അസ്സോസിയേഷൻ പ്രസിഡന്റ്, വികാരി ജനറാൾ, വൈദിക ട്രസ്റ്റി എന്നിവരംഗങ്ങളായി 7 ൽ കവിയാത്ത വൈദികർ അംഗങ്ങളായുള്ള ഒരു വൈദിക കൗൺസിൽ ഉണ്ടായിരിക്കേണ്ടതാണ്.

(2.) വൈദിക കൗൺസിലിലേക്കുള്ള അംഗങ്ങളെ ക്നാനായ അസ്സോസിയേഷൻ തെരഞ്ഞെടുക്കേണ്ടതാണ്. തെരഞ്ഞെടുപ്പ് മേഖലാടിസ്ഥാനത്തിലും പ്രായം 45 വയസ്സിന് മുകളിലുമായിരിക്കും.

(3.) വൈദിക കൗൺസിലിന്റെ അദ്ധ്യക്ഷൻ വികാരി ജനറാൾ ആയിരിക്കേണ്ടതും, സെക്രട്ടറിയെ വൈദികകൗൺസിൽ തെരഞ്ഞെടുക്കേണ്ടതുമാണ്.

(4) വൈദികരുടെ പൊതുസ്ഥലംമാറ്റം വൈദിക കൗൺസിലിന്റെ ആലോചനയോടുകൂടി മെത്രാപ്പോലീത്താ നിശ്ചയിച്ച് നടപ്പാക്കുന്നതാണ്.

(5.) വൈദിക കൗൺസിലിന്റെ കാലാവധി 3 വർഷം ആയിരിക്കുന്നതാണ്.

**112.** വൈദിക കൗൺസിലിന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ചട്ടങ്ങൾ വൈദികയോഗം ക്രോഡീകരിച്ച് മെത്രാപ്പോലീത്തായുടെ അനുമതി വാങ്ങേണ്ടതാകുന്നു.



## വികാരി ജനറാൾ

**113.** വികാരി ജനറാളിന്റെ ചുമതലകൾ താഴെപ്പറയുന്നവ ആയിരിക്കും.

(എ) ആണ്ടിൽ ഒരു പ്രവശ്യമെങ്കിലും ഇടവകകൾ സന്ദർശിച്ച് വികാരിമാർക്കും സഹായപട്ടക്കാർക്കും ഇടവകകളിലെ ശേഷം അധികാരികൾക്കും അദ്ധ്യാത്മികമായും ഭരണപരമായും വേണ്ട ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകുകയും തൽസംബന്ധമായ റിപ്പോർട്ടുകൾ വൈദിക കൗൺസിലിൽ ചർച്ച ചെയ്ത് ആവശ്യമുള്ളവ മെത്രാപ്പോലീത്തായ്ക്ക് അയച്ചുകൊടുക്കുകയും ചെയ്യുക.

വികാരി ജനറാളിന്റെ അലവൻസ് ക്നാനായകമ്മറ്റി നിശ്ചയിച്ച് നൽകുന്നതായിരിക്കും.

(ബി) ഇടവകകളിലെ കർമ്മാനുഷ്ഠാനങ്ങൾ ശരിയായി നിർവ്വഹിക്കുന്നുണ്ടോ എന്നും പള്ളികെട്ടിടങ്ങളും ഉപകരണങ്ങളും വേണ്ടപോലെ സൂക്ഷിക്കുന്നുണ്ടോ എന്നും റിക്കാർഡുകൾ കൃത്യമായി വയ്ക്കുന്നുണ്ടോ എന്നും പരിശോധിക്കുകയും ക്രമക്കേടുകളെ ശരിപ്പെടുത്തുകയും ചെയ്ക.

(സി) ഇടവകകളിലെ കണക്കുകൾ പരിശോധിക്കുകയും കോശസ്ഥിതി നന്നാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും സമുദായത്തിലേക്കുള്ള വരുമാനങ്ങളും റിശീസായും കൊടുക്കുന്നതിൽ വീഴ്ചകൾ ഉണ്ടെങ്കിൽ പരിഹരിക്കുകയും റിക്കാർഡുകൾ പരിശോധിച്ച് അടയാളം വയ്ക്കുകയും ഇടവകകളിൽ ഉണ്ടാകുന്ന ഭിന്നതകൾ പറഞ്ഞു തീർക്കുകയും ചെയ്ക.

(ഡി) സ്വകൃത്യനിർവ്വഹണത്തെ വിവരിക്കുന്ന ഡയറി എഴുതുകയും ആയത് മെത്രാപ്പോലീത്താ ആവശ്യപ്പെടുമ്പോൾ അദ്ദേഹത്തിന്റെ പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്ക.

(ഇ) ഇടവകയുടെ സ്ഥിതിയെപ്പറ്റി അപ്പഴപ്പോൾ മെത്രാപ്പോലീത്തായ്ക്കും റിപ്പോർട്ട് അയയ്ക്കുക.

(എഫ്) വൈദിക കൗൺസിൽ അദ്ധ്യക്ഷതവഹിക്കുക.

(ജി) മെത്രാപ്പോലീത്തായുടെ/ സഹായമെത്രാന്മാരുടെ/ ഭരണാധിപന്റെ അഭാവത്തിൽ ഭരണകാര്യങ്ങൾ ക്നാനായ കമ്മറ്റിയുടെ ആലോചനയോടുകൂടി നിർവ്വഹിക്കുക.

## ഭദ്രാസന സെക്രട്ടറി

**114.** അദ്ദേഹം മെത്രാപ്പോലീത്തായുടെ ആജ്ഞ അനുസരിച്ച് മെത്രാപ്പോലീത്തൻ ഓഫീസ് സംബന്ധിച്ചുള്ള എല്ലാ എഴുത്തുകുത്തുകളുടെയും പൂർണ്ണചുമതല വഹിക്കുന്നത് കൂടാതെ മെത്രാപ്പോലീത്തായെ ഔദ്യോഗിക കൃത്യങ്ങളിൽ സഹായിക്കേണ്ടതാണ്.

## അസ്സോസിയേഷൻ പ്രസിഡന്റ്

**115.(എ)** 1. ക്നാനായ അസ്സോസിയേഷന് ഒരു പ്രസിഡന്റ് ഉണ്ടായിരിക്കുന്നതും തെരഞ്ഞെടുപ്പിനു ശേഷം ആദ്യം കൂടുന്ന യോഗത്തിൽവച്ച് ഒരു പട്ടക്കാരൻ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെടേണ്ടതുമാകുന്നു.

2. അസ്സോസിയേഷൻ യോഗങ്ങളിൽ പ്രസിഡന്റ് അദ്ധ്യക്ഷം വഹിക്കേണ്ടതും അദ്ദേഹം ഹാജരില്ലാത്തപ്പോൾ യോഗത്താൽ തെരഞ്ഞെടുക്കപ്പെടുന്ന ഒരു കശ്ശീശ്ശാ അദ്ധ്യക്ഷം വഹിക്കുന്നതും ആകുന്നു.അസ്സോസിയേഷൻ പ്രസിഡന്റ് ക്നാനായകമ്മറ്റിയിലെയും പ്രസിഡന്റ് ആയിരിക്കുന്നതും അദ്ദേഹം ഹാജരില്ലാത്തപ്പോൾ യോഗത്താൽ തെരഞ്ഞെടുക്കപ്പെടുന്ന ഒരു കശ്ശീശ്ശാ അദ്ധ്യക്ഷം വഹിക്കുന്നതുമാകുന്നു.



3. യോഗാംഗങ്ങളെ ഫലപ്രദമായി നിയന്ത്രിച്ച് നടത്തുന്നതിനുള്ള ചുമതല അദ്ധ്യക്ഷനാണ്. യോഗത്തിൽ സംസാരിക്കുന്നവർ അദ്ധ്യക്ഷന് അഭിമുഖമായി എഴുന്നേറ്റുനിന്ന് ബഹുമാനപുരസ്സരം സംസാരിക്കേണ്ടതും അദ്ധ്യക്ഷന്റെ അധികൃതതീരുമാനത്തിന് (Ruling) വിധേയരായിരിക്കേണ്ടതുമാകുന്നു. യോഗത്തിൽ അദ്ധ്യക്ഷന്റെ തീരുമാനം (Ruling) യോഗനടത്തിപ്പിനേ സംബന്ധിച്ചിടത്തോളം അന്തിമ തീരുമാനമായിരിക്കും യോഗത്തിൽ അപമര്യാദയായി പെരുമാറുകയോ മനഃപൂർവ്വം യോഗനടപടികൾ തടസപ്പെടുത്തുകയോ ചെയ്യുന്ന അംഗങ്ങളുടെമേൽ മെത്രാപ്പോലീത്തായുടെ ആലോചനയോടുകൂടി ശിക്ഷണനടപടികൾ എടുക്കുവാൻ പ്രസിഡന്റിന് അധികാരം ഉണ്ടായിരിക്കും.

## അസ്സോസിയേഷൻ സെക്രട്ടറി

**115. (ബി)** 1. ക്നാനായ അസ്സോസിയേഷന് ഒരു സെക്രട്ടറി ഉണ്ടായിരിക്കുന്നതും തെരഞ്ഞെടുപ്പ് കഴിഞ്ഞ് ആദ്യത്തെ യോഗത്തിൽവച്ച് അസ്സോസിയേഷൻ സെക്രട്ടറിയെ തെരഞ്ഞെടുക്കേണ്ടതും അസ്സോസിയേഷൻ സെക്രട്ടറി ക്നാനായ കമ്മറ്റിയുടെയും സെക്രട്ടറി ആയിരിക്കുന്നതാണ്. അദ്ദേഹം **"സമുദായ സെക്രട്ടറി"**. എന്നറിയപ്പെടുന്നതുമാണ്.

2. ക്നാനായ അസ്സോസിയേഷന്റെയും ക്നാനായകമ്മറ്റിയുടെയും യോഗങ്ങൾ സെക്രട്ടറി വിളിച്ചുകൂട്ടേണ്ടതും യോഗങ്ങൾ ഫലപ്രദമായി നടത്തേണ്ട ചുമതല അദ്ദേഹത്തിൽ നിക്ഷിപ്തമായിരിക്കുന്നതുമാണ്.

3. താഴെ 120-ാം വകുപ്പിൽ പറയുന്ന രീതിയിൽ ക്നാനായ അസ്സോസിയേഷൻ, സെക്രട്ടറി വിളിച്ചുകൂട്ടേണ്ടതാകുന്നു.

4. സെക്രട്ടറി മേൽവിരിച്ച ജോലികൾ സംബന്ധിച്ചുള്ള രേഖാപ്രമാണങ്ങൾ സൂക്ഷിക്കുകയും അസ്സോസിയേഷൻ സംബന്ധമായ എഴുത്തുകുത്തുകൾ നടത്തുകയും ചോദ്യങ്ങൾക്ക് അസ്സോസിയേഷനിൽ മറുപടി പറയുകയും സമുദായത്തിലെ വിവിധ താല്പര്യങ്ങളെ കൂട്ടിയിണക്കുകയും ക്നാനായ കമ്മറ്റിയുടെ നിശ്ചയങ്ങൾ നടപ്പിൽ വരുത്തുകയും ചെയ്യേണ്ടതാണ്. മെത്രാപ്പോലീത്തായുടെ നിർദ്ദേശപ്രകാരം സെക്രട്ടറിയും ട്രസ്റ്റിയും ക്നാനായ സമുദായത്തെ പ്രതിനിധികരിക്കുന്നതാണ്.

5. അസ്സോസിയേഷൻ സംബന്ധമായി താഴെവിവരിക്കുന്ന റിക്കാർഡുകൾ ശരിയായി എഴുതി അസ്സോസിയേഷൻ സെക്രട്ടറി സൂക്ഷിക്കേണ്ടതാകുന്നു.

(എ) അസ്സോസിയേഷൻ യോഗനടപടികൾ.

(ബി) ക്നാനായ കമ്മറ്റി യോഗനടപടികൾ.

(സി) അസ്സോസിയേഷനിലേയും കമ്മറ്റിയിലെയും അംഗങ്ങളുടെ പേരുവിവര രജിസ്റ്റർ.

(ഡി) വരുന്ന എഴുത്തുകൾക്ക് രജിസ്റ്റർ.

(ഇ) പകർപ്പുപുസ്തകം.

(എഫ്) എഴുത്തുകൾ മറ്റു റിക്കാർഡുകൾ മുതലായവയ്ക്ക് ഫയലുകൾ.



(ജി) സെക്രട്ടറിയുടെ കൈയ്യിൽ വരുന്ന പണത്തിന്റെ കണക്കുകൾ.

(എച്ച്) സെക്രട്ടറിയുടെ ഡയറി.

(ഐ) വൗച്ചർ ഫയൽ.

(ജെ) ക്വട്ടേഷൻ, പർച്ചേസ് ഫയൽ.

## സമുദായ ട്രസ്റ്റികൾ

**115.** (സി) 1. ക്നാനായ സമുദായത്തിന് ട്രസ്റ്റികളായി രണ്ടുപേർ ഉണ്ടായിരിക്കുന്നതും അതിലൊരാൾ പട്ടക്കാരനും മറ്റേയാൾ അയ്മേനി ആയിരിക്കുന്നതും, തെരഞ്ഞെടുപ്പിനു ശേഷം, ആദ്യം കൂടുന്ന അസ്സോസിയേഷൻ യോഗത്തിൽവെച്ച് അവരെ തെരഞ്ഞെടുക്കേണ്ടതുമാകുന്നു.

2. സമുദായത്തിലെ സകല വരുമാനങ്ങളും ട്രസ്റ്റികളുടെ പേരിൽ നിക്ഷേപിക്കേണ്ടതും അതാതുസമയത്ത് ക്നനാനായകമ്മറ്റിയുടെ നിശ്ചയമനുസരിച്ചും, അസ്സോസിയേഷന്റെ അംഗീകാരം വേണ്ട കാര്യങ്ങൾക്ക് അസ്സോസിയേഷന്റെ അനുവാദത്തോടുകൂടിയും വിനിയോഗിക്കേണ്ടതാകുന്നു.

3. സമുദായം സംബന്ധിച്ചുള്ള വ്യവഹാരങ്ങളിൽ ട്രസ്റ്റികൾ മാത്രം കക്ഷി ആയിരിക്കേണ്ടതാകുന്നു.

4. ട്രസ്റ്റികൾ പ്രത്യേക വ്യവസ്ഥകളില്ലാത്ത പൊതുവക വസ്തുക്കളുടെ ട്രസ്റ്റികൾ ആയിരിക്കുന്നതാണ്. എന്നാൽ ഈ ഘടനയിൻ പ്രകാരം ഒഴിവാക്കപ്പെട്ടിട്ടുള്ളത് നീക്കി സമുദായംവക എല്ലാ വസ്തുക്കളുടെയും ആദായത്തിന്റെ ബഡ്ജറ്റും കണക്കും സമുദായ കണക്കിൽ ചേർത്ത് അസ്സോസിയേഷനിൽ അവതരിപ്പിച്ചു പാസ്സാക്കേണ്ടതാകുന്നു.

5. താഴെ 134 (എ) 134 (ബി) എന്നീ വകുപ്പുകളിൽ പറയുന്ന കാര്യങ്ങൾചെയ്യുക.

## അസ്സോസിയേഷൻ (ജനറൽ)

**116.** (എ). അസ്സോസിയേഷനിലെ അംഗങ്ങളെല്ലാവരും പുതിയ തെരഞ്ഞെടുപ്പിനു ശേഷം ആദ്യമായി അസ്സോസിയേഷൻ യോഗത്തിൽ സംബന്ധിക്കുമ്പോൾ അദ്ധ്യക്ഷനഭിമുഖമായി നിന്നുകൊണ്ട് താഴെപ്പറയുന്ന രീതിയിൽ ഒരു സത്യവാചകം ഭക്തിപൂർവ്വം ചൊല്ലേണ്ടതാകുന്നു. **"മലങ്കര സുറിയാനി ക്നാനായ അസ്സോസിയേഷനിലെ ഒരംഗമായിരിക്കുന്ന (ഇന്നടത്ത് ഇന്നാരായ) ഞാൻ പ. അന്ത്യോഖ്യാ സിംഹാസനത്തോടും ആ സിംഹാസനത്തിൽ ഇപ്പോൾ വാഴുന്ന ഭാഗ്യവാനായ മോറാൻ മോർ ഇഗ്നാത്തിയോസ് (ഇന്ന) പാത്രിയർക്കീസ് ബാവാ തിരുമേനിയോടും മലങ്കര സുറിയാനി ക്നാനായഭദ്രാസന ഇടവകയുടെ ഇപ്പോഴത്തെ മേലദ്ധ്യക്ഷനായ നി. വ. ദി. ശ്രീ (ഇന്ന) മെത്രാപ്പോലീത്താ തിരുമേനിയോടും വിശ്വസ്തതയും, അനുസരണവും, ഭയഭക്തിയും ഉള്ളവനായിരുന്നുകൊണ്ടും അവർ പരിപാലിച്ചുവരുന്ന പ. കാതോലിക വിശ്വാസത്തിൽ ജീവിച്ചുകൊണ്ടും ഞാൻ ഇപ്പോൾ കൈയേറ്റിരിക്കുന്ന ജോലി വിശ്വസ്തതയോടെ നിർവ്വഹിച്ചുകൊള്ളാം. ദൈവം അതിന് എന്നെ സഹായിക്കട്ടെ ആമ്മീൻ"**

(ബി) ഒന്നിലധികം അംഗങ്ങൾ ഒരു സമയത്ത് സത്യവാചകം ചൊല്ലുവാനുണ്ടെങ്കിൽ അവരിലൊരാൾ സത്യവാചകം ചൊല്ലുകയും ബാക്കിയുള്ളവർ ഭക്തിപൂർവ്വം ശ്രദ്ധിച്ചു നിന്നു കേട്ടതിനുശേഷം ഒടുവിൽ "ആമ്മീൻ" എന്നു പറയുകയും ചെയ്താൽ മതിയാകുന്നതാണ്.



**117.** അസ്സോസിയേഷന്റെ കാലാവധി കഴിയുകയോ കാലാവധിക്കു മുമ്പ് ക്നാനായകമ്മറ്റിയുടെ ശുപാർശ പ്രകാരം മെത്രാപ്പോലീത്താ പിരിച്ചുവിടുകയോ ചെയ്യുന്നതോടുകൂടി അസ്സോസിയേഷൻ അംഗങ്ങളുടെ സ്ഥാനം നഷ്ടപ്പെടുന്നതും പുതിയ അസ്സോസിയേഷൻ നിലവിൽവരുന്നതുവരെ ക്നാനായകമ്മറ്റി തുടരുന്നതുമാണ്.

**118.** കാലാവധി കഴിയുകയാലോ മെത്രാപ്പോലീത്താ പിരിച്ചു അയയ്ക്കുകയാലോ ഒരു അസ്സോസിയേഷൻ അവസാനിച്ചു, 60 ദിവസത്തിനകം പുതിയ അസ്സോസിയേഷൻ കൂടത്തക്കവണ്ണം മെത്രാപ്പോലീത്താ കല്പന അയയ്ക്കുന്നതാകുന്നു.

**119.** (എ) ഭരണ സംബന്ധമായ ഏതെങ്കിലും സംഗതിയെപ്പറ്റി വിവരമായി അറിയുന്നതിന് ആഗ്രഹമുള്ള ഒരംഗം അസ്സോസിയേഷൻ യോഗതീയതിയ്ക്കു **10** ദിവസം മുമ്പ് സെക്രട്ടറിക്കു കിട്ടത്തക്കവണ്ണം ചോദ്യങ്ങൾ അയക്കേണ്ടതും, സെക്രട്ടറിയും പ്രസിഡന്റും കൂടി തീർച്ചപ്പെടുത്തുന്നതനുസരിച്ച് ആ ചോദ്യങ്ങളെ അവയിൽ അടങ്ങിയിരിക്കുന്ന സംഗതികൾക്ക് ചുമതലപ്പെട്ട പൊതു ഉദ്യോഗവാഹികൾക്ക് യോഗ തീയതിക്ക് **7** ദിവസം മുമ്പ് അയച്ചുകൊടുത്ത് രേഖാമൂലമായ മറുപടി വരുത്തി യോഗത്തിൽ ഹാജരാകേണ്ടതുമാകുന്നു.

(ബി) ഒരു യോഗത്തിലേക്ക് 5 ൽ കൂടുതൽ ചോദ്യങ്ങൾ അയച്ചുകൊടുക്കുവാൻ ഒരംഗത്തിനും അവകാശമില്ലാത്തതാകുന്നു.

(സി) ചോദ്യങ്ങൾക്ക് മറുപടി പറയുന്ന സമയം അദ്ധ്യക്ഷൻ അനുവദിക്കുന്നിടത്തോളം ഉപചോദ്യങ്ങൾ അംഗങ്ങളിൽ ആർക്കെങ്കിലും ചോദിക്കാവുന്നതും അവയിൽ മെത്രാ

പ്പോലീത്തായുടെ ഭരണസംബന്ധമായ സംഗതിയെപ്പറ്റി യുള്ള ചോദ്യങ്ങൾക്ക് മറുപടി വികാരി ജനറാളോ, ഭദ്രാസന സെക്രട്ടറിയോ, മറ്റ് സംഗതികളെപ്പറ്റിയുള്ള ചോദ്യങ്ങൾക്ക് മറുപടി അവയ്ക്കു ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാരും പറയേണ്ടതാകുന്നു.

(ഡി) ചോദ്യങ്ങളോ ഉപചോദ്യങ്ങളോ അനാവശ്യമോ നിഷ്പ്രയോജനകരമോ ആണെന്ന് അദ്ധ്യക്ഷന് തോന്നുന്ന പക്ഷം അവയെ അനുവദിക്കാതിരിക്കാവുന്നതാണ്.

**120.** മേൽ 115 -ാം വകുപ്പിൽ പറഞ്ഞിരിക്കുന്ന ആദ്യയോഗത്തിന്റെ തീയതി മുതൽ മൂന്നു മാസത്തിനാകവും പിന്നീട് ആണ്ടിൽ കുറഞ്ഞപക്ഷം ഒരിക്കലും അസ്സോസിയേഷന്റെ സാധാരണ യോഗങ്ങൾ കൂടേണ്ടതും യോഗത്തിന്റെ സ്ഥലം, സമയം, ആലോചനാവിഷയങ്ങൾ എന്നിവ താഴെ 125 -ാം വകുപ്പിൽ പറയുന്ന ക്നാനായകമ്മറ്റി നിശ്ചയിക്കേണ്ടതുമാകുന്നു. അവയെപ്പറ്റി സെക്രട്ടറി യോഗതീയതിയ്ക്ക് 21 ദിവസങ്ങൾക്കു മുമ്പ് എല്ലാ അംഗങ്ങൾക്കും രേഖാമൂലം നോട്ടീസ് കൊടുക്കേണ്ടതും ആ നോട്ടീസിന്റെ പകർപ്പ് സമുദായം വകയായി വർത്തമാനപത്രങ്ങളുണ്ടെങ്കിൽ അവയിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാകുന്നു.

**121.** അസ്സോസിയേഷൻ യോഗങ്ങളിൽ പ്രസിഡന്റ് അദ്ധ്യക്ഷം വഹിക്കേണ്ടതും അദ്ദേഹം ഹാജരില്ലാത്തപ്പോൾ യോഗത്താൽ തെരഞ്ഞെടുക്കപ്പെടുന്ന ഒരു കശ്ശീശാ അദ്ധ്യക്ഷം വഹിക്കാവുന്നതുമാകുന്നു.

**122.** അസ്സോസിയേഷൻ യോഗത്തിന്റെ കോറം ആകെയുള്ള അംഗങ്ങളിൽ 20% ആയിരിക്കുന്നതാണ്. എന്നാൽ ഒരു യോഗത്തിന് കോറം തികയാത്തപക്ഷം കൂടി ഇരിക്കുന്ന അംഗങ്ങൾ അടുത്ത യോഗം കൂടേണ്ട സ്ഥലം



സമയം ഇവ നിശ്ചയിക്കുകയും 30 ദിവസത്തിൽ കുറയാതെ ഇടയിട്ട് എല്ലാ അംഗങ്ങൾക്കും സെക്രട്ടറി നോട്ടീസ് അയയ്ക്കുകയും ചെയ്യേണ്ടതും അതനുസരിച്ച് കൂടുന്ന യോഗത്തിൽ എത്ര അംഗങ്ങൾ ഹാജരായിരുന്നാലും അതു പൂർണ്ണയോഗമായി പരിഗണിക്കപ്പെടേണ്ടതുമാകുന്നു.

**123.** (എ) അസ്സോസിയേഷൻ എടുക്കുന്ന നിശ്ചയങ്ങൾ മെത്രാപ്പോലീത്തായുടെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതും പ്രസ്തുത നിശ്ചയങ്ങളിൽ മെത്രാപ്പോലീത്തായ്ക്കു വിയോജിപ്പുള്ളപക്ഷം കാര്യകാരണസഹിതം ആയത് അസ്സോസിയേഷന് മടക്കി അയയ്ക്കാവുന്നതാണ്. എന്നാൽ മെത്രാപ്പോലീത്താ നിർദ്ദേശിച്ച വ്യതിയാനത്തോടുകൂടിയോ അല്ലാതെയോ അസ്സോസിയേഷൻ വീണ്ടും ഈ തീരുമാനങ്ങൾ മെത്രാപ്പോലീത്തായ്ക്കയയ്ക്കുന്ന പക്ഷം ആയത് അംഗീകരിച്ച് മെത്രാപ്പോലീത്താ നടപ്പിലാക്കുന്നതാണ്.

(ബി) മേൽ (എ) വകുപ്പിൽ പറയുന്ന നിശ്ചയങ്ങൾ സമുദായത്തെ പൊതുവെ ബാധിക്കുന്നതായിരുന്നാൽ ആ നിശ്ചിയങ്ങൾ കഴിഞ്ഞ് മുപ്പത് ദിവസങ്ങൾക്കുള്ളിൽ മെത്രാപ്പോലീത്താ സർക്യൂലർ കല്പനമൂലം എല്ലാ ഇടവകകളിലും പരസ്യം ചെയ്ത് നടപ്പാക്കേണ്ടതാണ്. ഈ നിശ്ചയങ്ങൾ സമുദായത്തിൽപ്പെട്ട എല്ലാവർക്കും ബാധകമാണ്.

(സി) അസ്സോസിയേഷനാൽ പാസ്സാക്കപ്പെട്ടവയും മെത്രാപ്പോലീത്തായാൽ അംഗീകരിക്കപ്പെട്ടവയുമായ നിശ്ചയങ്ങളെ ഭേദപ്പെടുത്തുന്നതിന് അംഗങ്ങളിൽ 100 ക്കു 50 വീതം എങ്കിലും ഹാജരുള്ള യോഗത്തിൽ 100 ക്കു 75 അംഗങ്ങൾ അനുകൂലിച്ചിരിക്കേണ്ടതും അല്ലാതെ ഭേഗതി വരുത്തുവാൻ പാടില്ലാത്തതുമാകുന്നു.

**124.** അസ്സോസിയേഷന്റെ ഒരു വിശേഷാൽ യോഗം കൂടണമെന്നു ക്നാനായകമ്മറ്റിയ്ക്കോ, അസ്സോസിയേഷൻ അംഗങ്ങളിൽ 25 പേരിൽ കുറയാത്തവർക്കോ അഭിപ്രായമുണ്ടാകുന്ന പക്ഷം മെത്രാപ്പോലീത്തായുടെ അനുവാദത്തോടുകൂടി സെക്രട്ടറി അസ്സോസിയേഷൻ വിളിച്ചുകൂട്ടേണ്ടതാകുന്നു. അപ്രകാരം തന്നെ ഏതെങ്കിലുമൊരു പള്ളിയിലെ ഇടവകയോഗാംഗങ്ങളിൽ രണ്ട് അസ്സോസിയേഷൻ അംഗങ്ങൾ ഉൾപ്പെടെ 100ൽ കുറയാത്ത ആളുകളോ ഒരു ഇടവകയോഗമോ സെക്രട്ടറിയേ രേഖാമൂലം കാരണസഹിതം അറിയിക്കുന്ന പക്ഷവും സെക്രട്ടറി മെത്രാപ്പോലീത്തായുടെ അനുമതിയോടുകൂടി അസ്സോസിയേഷൻ വിളിച്ചു കൂട്ടേണ്ടതാകുന്നു. ഇടവകയോഗാംഗങ്ങളുടെ അപേക്ഷയിൽ അതിലെ കയ്യൊപ്പുകാർ ഇടവകാംഗങ്ങളാണെന്നു വികാരി സാക്ഷിപ്പെടുത്തിയിരിക്കേണ്ടതാണ്.

## ക്നാനായ കമ്മറ്റി

**125.** (എ) ഭരണപരമായ കാര്യങ്ങളിൽ അസ്സോസിയേഷൻ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ മെത്രാപ്പോലീത്തായ്ക്ക് വേണ്ട ആലോചനകൾ നൽകുന്നതിനും പ്രസിഡന്റ്, സെക്രട്ടറി, വികാരി ജനറാൾ, ഭദ്രാസന സെക്രട്ടറി വൈദിക ട്രസ്റ്റി അൽമായ ട്രസ്റ്റി ഇവർ ഉൾപ്പെടെ 9 ൽ കുറയാതെയും 15 ൽ കൂടാതെയും അംഗങ്ങൾ ചേർന്ന് **"ക്നാനായ കമ്മറ്റി"** എന്നൊരു നിർവ്വാഹകസമിതി ഉണ്ടായിരിക്കേണ്ടതും വികാരി ജനറാളിനും ഭദ്രാസന സെക്രട്ടറിയ്ക്കും പുറമെയുള്ള അംഗങ്ങളെ അസ്സോസിയേഷൻ യോഗത്തിൽ നിന്നും തെരഞ്ഞെടുക്കേണ്ടതുമാകുന്നു. അസ്സോസിയേഷന്റെ അദ്ധ്യക്ഷൻ ക്നാനായകമ്മറ്റിയുടെ അദ്ധ്യക്ഷനും അസ്സോസിയേഷന്റെ സെക്രട്ടറി ക്നാനായ



കമ്മറ്റിയുടെ സെക്രട്ടറി യും ആയിരിക്കുന്നതാണ്. ക്നാനായ അസ്സോസിയേഷൻ സെക്രട്ടറിയും അൽമായ ട്രസ്റ്റിയും യഥാക്രമം സമുദായ സെക്രട്ടറി എന്നും സമുദായ ട്രസ്റ്റി എന്നും വിളിക്കപ്പെടുന്നതാണ്.

(ബി) 1. അസ്സോസിയേഷൻ യോഗത്തിൽ ആലോചനാവിഷയമാക്കണമെന്ന് അസ്സോസിയേഷൻ അംഗങ്ങളാലോ സമുദായത്തിലെ ഏതെങ്കിലും ഇടവകയോഗത്താലോ എഴുതി അറിയിക്കപ്പെടുന്ന കാര്യങ്ങളെ സംബന്ധിച്ച് അടുത്ത യോഗത്തിൽ ആലോചനയ്ക്കായി കൊണ്ടുവരുന്നതിനും.

2. സമുദായസംബന്ധമായ അത്യാവശ്യ കാര്യങ്ങൾ അസ്സോസിയേഷന്റെ അനുവാദത്തെ പ്രതീക്ഷിച്ചുകൊണ്ട് നടത്തുന്നതിനും.

3. മെത്രാപ്പോലീത്താ അംഗീകരിക്കുന്ന അസ്സോസിയേഷൻ നിശ്ചയങ്ങളിൽ കമ്മറ്റിയാൽ നടത്തപ്പെടേണ്ടവയെ നടപ്പിൽ വരുത്തുന്നതിനും

4. ഈ ഭരണഘടനയിൽ കമ്മറ്റിക്കു പ്രത്യേകം നിശ്ചയിച്ചിരിക്കുന്ന് ചുമതലകളെ നിർവ്വഹിക്കുന്നതിനും

5. താഴെ 133-ാം വകുപ്പിൽ പറയുന്ന കമ്മറ്റികളെ തെരഞ്ഞെടുക്കുക, പൊതു ട്രസ്റ്റു സ്വത്തുക്കളുടെയും മറ്റും വാർഷിക കണക്കു പാസ്സാക്കുക ഓഡിറ്റർമാരുടെ റിപ്പോർട്ടു പരിഗണിക്കുക, അസ്സോസിയേഷനും കമ്മറ്റിയും കൂടേണ്ട സ്ഥലം, സമയം, അജണ്ട മുതലായവ നിശ്ചയിക്കുക, സമുദായത്തിനുവേണ്ടി സ്വത്തുക്കൾ

സമ്പാദിക്കുന്നതിനാവശ്യമായ നിശ്ചയങ്ങൾ എടുക്കുക, സമുദായംവക സ്ഥാവര സ്വത്തുക്കൾ കടപ്പെടുത്തുകയോ വിൽക്കുകയോ ചെയ്യുന്നതിന് അസ്സോസിയേഷനിൽ അവതരിപ്പിച്ച് അനുവാദം വാങ്ങുക, ടി. വസ്തുക്കൾ മൂന്നുകൊല്ലത്തിൽ കവിയാത്ത കാലത്തേക്കു കൂലിക്കുകൊടുത്തോ, പാട്ടത്തിന് ഏല്പിച്ചോ, മറ്റു വിധത്തിലോ ആദായമെടുക്കുക, മെത്രാപ്പോലീത്തായുടെ അറിവോടുകൂടി സമുദായം വക ജംഗമസ്വത്തുക്കളിൽ മെത്രാപ്പോലീത്തായുടെ സ്ഥാനചിഹ്നമൊഴിച്ചുള്ളവ വിൽക്കുകയോ, കടപ്പെടുത്തുകയോ ചെയ്യുക, ധനാഗമനവിനിയോഗ നിശ്ചയങ്ങളെടുക്കുക, സമുദായം വക പൊതുസ്വത്തുക്കളുടെ ഭരണത്തിനും നടത്തിപ്പിനും ആവശ്യമായ തീരുമാനങ്ങൾ ചെയ്യുകയും അവയുടെ മേൽനോട്ടം വഹിക്കുകയും, അവയുടെ ഭരണത്തിനു പ്രത്യേകം പ്രത്യേകമായി ചുമതലക്കാരെ നിയമിക്കുക, ആതുരാലയങ്ങൾ ആരോഗ്യനികേതനങ്ങൾ, ശുശ്രൂഷാലയങ്ങൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, വൃദ്ധസദനങ്ങൾ, ആശ്വാസദായക കേന്ദ്രങ്ങൾ, മെഡിക്കൽ, പാരമെഡിക്കൽ, എഞ്ചിനീയറിംഗ് സ്ഥാപനങ്ങൾ, ഹോസ്റ്റലുകൾ ആരംഭിക്കുക ഉള്ളവയുടെ നടത്തിപ്പിനാവശ്യമായ ചട്ടങ്ങൾ ഉണ്ടാക്കുകയും മേൽ നോട്ടത്തിന് ആളുകളെ നിശ്ചയിക്കുക, സമുദായത്തിന്റെ ഉന്ന



മനത്തിനാവശ്യമായ പ്രസിദ്ധീകരണങ്ങൾ തുടങ്ങുകയും അവയുടെ മേൽനോട്ടം വഹിക്കുകയും സമുദായം വക സ്ഥാപനങ്ങളിലും സമുദായ ആസ്ഥാനത്തും, സമുദായം വക എല്ലാ ട്രസ്റ്റുകളിലും, ചാരിറ്റബിൾ സൊസൈറ്റികൾ ഉൾപ്പെടെ എല്ലാ സൊസൈറ്റികളിലും ചുമതലക്കാരെ നിയമിക്കുകയും നീക്കുകയും ചെയ്യുക എന്നിവകൾ ക്നാനായ കമ്മറ്റിയുടെ പ്രധാന ചുമതലകളാകുന്നു.

**126.** അദ്ധ്യക്ഷൻ, വികാരി ജനറാൾ, ഭദ്രാസന സെക്രട്ടറി എന്നിവർ ഒഴികെയുള്ള കമ്മറ്റിയിലെ അംഗങ്ങളിൽ ന്യൂനപക്ഷത്തോളം വരുന്ന ഒഴിവുകൾക്ക് അസ്സോസിയേഷൻ അംഗങ്ങളിൽ നിന്ന് പകരം ആളുകളെ അടുത്ത അസ്സോസിയേഷൻ യോഗംവരെ ഉള്ള കാലത്തേയ്ക്ക് തെരഞ്ഞെടുക്കുന്നതിന് ക്നാനായകമ്മറ്റിയ്ക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. അടുത്ത അസ്സോസിയേഷൻ യോഗം അവരെ മുഴുവനായോ അംശമായോ സ്ഥിരപ്പെടുത്തുകയോ വേറെ ആളുകളെ നിയമിക്കുകയോ ചെയ്യേണ്ടതാകുന്നു.

**127.** അസ്സോസിയേഷൻ സെക്രട്ടറിയുടെ നോട്ടീസ് അനുസരിച്ച് മൂന്നു മാസത്തിൽ ഒരിക്കലെങ്കിലും ക്നാനായകമ്മറ്റികൂടേണ്ടതും കമ്മറ്റിയോഗത്തിലെ നടപടികൾ ഒരു പ്രത്യേക പുസ്തകത്തിൽ സെക്രട്ടറി അപ്പഴപ്പോൾ രേഖപ്പെടുത്തി പകർപ്പു മെത്രാപ്പോലീത്തായ്ക്കു അയ

ച്ചുകൊള്ളേണ്ടതുമാകുന്നു. കമ്മറ്റിയോഗം സാധാരണയായി സെക്രട്ടറി വിളിച്ചു കൂട്ടേണ്ടതാണെങ്കിലും അതിനു സൗകര്യമില്ലാതെ വന്നാൽ ഏതു കമ്മറ്റി അംഗത്തിനും കമ്മറ്റിയോഗം വിളിച്ചുകൂട്ടാവുന്നതാണ്. കമ്മറ്റിയുടെ കോറം അനുദ്യോഗസ്ഥന്മാരായ ഏതെങ്കിലും രണ്ടംഗങ്ങൾ ഉൾപ്പെടെ അഞ്ച് അംഗങ്ങൾ ആയിരിക്കുന്നതാണ്. കമ്മറ്റിയുടെ നടത്തയെ ക്രമീകരിക്കുന്ന മറ്റു ചട്ടങ്ങൾ കമ്മറ്റി തന്നെ ഉണ്ടാക്കേണ്ടതാകുന്നു.

**128.** സമുദായത്തിന്റെ വരവിനും ചെലവിനും ഒരു ബഡ്ജറ്റ് ട്രസ്റ്റികൾ മെത്രാപ്പോലീത്തായുടെ അറിവോടുകൂടി തയ്യാറാക്കി കമ്മറ്റിയിൽ പാസ്സാക്കിയശേഷം അസ്സോസിയേഷൻ വിളിച്ചുകൂട്ടി അതിൽ അവതരിപ്പിക്കേണ്ടതാണ്. അസ്സോസിയേഷൻ പാസ്സാക്കിയ ബഡ്ജറ്റ് അനുസരിച്ച് മാത്രം സമുദായം വക പണം ട്രസ്റ്റികൾ ചെലവു ചെയ്യേണ്ടതാകുന്നു. എന്നാൽ അത്യാവശ്യ സന്ദർഭങ്ങളിൽ അസ്സോസിയേഷന്റെ അനുവാദത്തെ പ്രതീക്ഷിച്ച് ആണ്ടിൽ 50,000/- രൂപയിൽ കവിയാത്ത സംഖ്യ കമ്മറ്റിയുടെ ആലോചനയോടുകൂടി ചെലവു ചെയ്യുന്നതിനു ട്രസ്റ്റികൾക്ക് അധികാരമുള്ളതും വിവരം അടുത്ത അസ്സോസിയേഷനിൽ പ്രസ്താവിക്കേണ്ടതും ആകുന്നു. ബഡ്ജറ്റ് പാസ്സാക്കുന്ന യോഗത്തിൽ വച്ചു തന്നെ തന്നാണ്ടത്തെ ആഡിറ്ററെ തെരഞ്ഞെടുക്കേണ്ടതും പ്രതിഫലം നിശ്ചയിക്കേണ്ടതുമാകുന്നു.



**129.** പ്രതിവർഷം ഏപ്രിൽ മുതൽ സെപ്തംബർ വരെയുള്ള ആറുമാസത്തെ വരവുചിലവുക്കണക്കുകൾ തയ്യാറാക്കി സൂക്ഷിക്കുകയും അതിന്റെ ഒരു പ്രതി അടുത്ത നവംബർ 30 - നകം മെത്രാപ്പോലീത്തായ്ക്ക് അയച്ചുകൊടുക്കുകയും ചെയ്യേണ്ടതാകുന്നു.

**130.** എല്ലാ ആഗസ്റ്റു 31 നു മുമ്പ് അസ്സോസിയേഷൻ വിളിച്ചുകൂട്ടി തലേ ആണ്ടത്തെ സമുദായ കണക്കുകളും വരവ് ചെലവ് കണക്കുകളും, സാക്ഷിപത്രവും, ബാക്കിപത്രവും, റിപ്പോർട്ടും കമ്മറ്റിയിൽ നിന്നു തയ്യാറാക്കി കണക്കു പരിശോധകന്റെ സാക്ഷിയോടുകൂടി അവതരിപ്പിക്കേണ്ടതാണ്. ബാക്കിപത്രത്തിൽ ട്രസ്റ്റികളും, അസ്സോസിയേഷൻ സെക്രട്ടറിയും കൂടാതെ ഒരു കമ്മറ്റി അംഗം കൂടി ഒപ്പിടേണ്ടതും അസ്സോസിയേഷൻ യോഗത്തീയതിയക്ക് 21 ദിവസം മുമ്പ് ബാക്കിപത്രത്തിന്റെയും, വരവ് ചെലവ് സാക്ഷിപത്രത്തിന്റെയും, റിപ്പോർട്ടിന്റെയും, അച്ചടിച്ച ഓരോ പ്രതി അസ്സോസിയേഷൻ അംഗങ്ങൾക്ക് അയച്ചുകൊടുക്കേണ്ടതാകുന്നു.

**131.** അതതു ഗഡുക്കളിൽ സെക്രട്ടറി അസ്സോസിയേഷൻ വിളിച്ചുകൂട്ടാത്തപക്ഷം ക്നാനായക്കമ്മറ്റിയ്ക്കോ മെത്രാപ്പോലീത്തായ്ക്കോ വിളിച്ചുകൂട്ടാവുന്നതാണ്.

**132.** അസ്സോസിയേഷൻ അംഗങ്ങളിൽ ആർക്കെങ്കിലും നോട്ടീസ് കിട്ടിയില്ല എന്ന കാരണത്താലോ, അവരിൽ ആരു

ടെയെങ്കിലും നിയമനം അസാധുവാകുന്നു എന്നകാരണത്താലോ,അംഗത്തെ നിയമിക്കുവാൻ അവകാശമുള്ളവർ നിയമിച്ചില്ലെന്ന കാരണത്താലോ അസ്സോസിയേഷൻ യോഗനടപടികൾ ഒന്നും തന്നെ അസാധുവായി വരുന്നതല്ല

**133.** ക്നാനായകമ്മറ്റിയുടെ കാര്യക്ഷമമായ. പ്രവർത്തനത്തിനും വിദഗ്ദോപദേശലബ്ദിക്കുമായി ധനകാര്യ ബോർഡ്, സുവിശേഷബോർഡ്, വിദ്യാഭ്യാസബോർഡ് ആദിയായി സബ്കമ്മറ്റികൾ ഏർപ്പെടുത്താവുന്നതും, ഓരോ സബ് കമ്മറ്റിയിലേക്കും അതതു വിഷയത്തിൽ നല്ല പരിജ്ഞാനമുള്ള മൂന്നംഗങ്ങളിൽ കുറയാത്ത ആളുകളെ കമ്മറ്റിയോ അസ്സോസിയേഷനോ തെരഞ്ഞെടുക്കേണ്ടതും, ബോർഡിന്റെ അഭിപ്രായം ഗ്രഹിച്ചതിനുശേഷം ക്നാനായ കമ്മറ്റി വേണ്ട തീരുമാനം ചെയ്യേണ്ടതുമാകുന്നു.

**134.** (എ) മെത്രാപ്പോലീത്തായുടെ അറിവോടുകൂടി സമുദായം വക ജംഗമസ്വത്തുക്കളിൽ മെത്രാപ്പോലീത്തായുടെ സ്ഥാനചിഹ്നങ്ങൾ ഒഴിച്ചുള്ളവ വിൽക്കുകയോ കടപ്പെടുത്തുകയോ ചെയ്യുന്നതിനും സ്ഥാവരവസ്തുക്കളിൽ മെത്രാപ്പോലീത്തായുടെ ആസ്ഥാനമാകുന്ന ചിങ്ങവനം മാർ അപ്രേം സെമിനാരിയും അതിരിക്കുന്ന പുരയിടവും ഒഴിച്ചുള്ളവ മൂന്നുകൊല്ലത്തിൽ കവിയാത്ത കാലത്തേക്കു കൂലിക്കു കൊടുത്തോ, പാട്ടത്തിനു ഏല്പിച്ചോ, മറ്റു വിധത്തിലോ ആദായം എടുക്കുന്നതിനും



ക്നാനായകമ്മറ്റിയുടെ തീരുമാനപ്രകാരം ട്രസ്റ്റികൾക്ക് അധികാരമുള്ളതാകുന്നു.

(ബി) സ്ഥാവരവസ്തുക്കൾ വില്ക്കുകയോ, പണയപ്പെടുത്തുകയോ, മൂന്നു കൊല്ലത്തിൽ കവിഞ്ഞ കാലത്തേയ്ക്ക്കൂലിക്കോ, പാട്ടത്തിനോ ഏല്പിക്കുകയോ മറ്റുവിധത്തിൽ ബാദ്ധ്യതപ്പെടുത്തുകയോ ചെയ്യുന്നതിന് അസ്സോസിയേഷൻ നിശ്ചയം ഉണ്ടായിരിക്കേണ്ടതാണ്.

**135.** സമുദായംവക സ്ഥവരജംഗമ സ്വത്തുക്കളുടെ വിവരമായ പട്ടിക അടങ്ങിയ ഒരു സ്റ്റോക്ക് രജിസ്റ്റർ മെത്രാപ്പോലീത്തായുടെ പക്കൽ ഉണ്ടായിരിക്കുന്നതും ആയതിന്റെ ഒരു പകർപ്പ് ഒപ്പും മുദ്രയും വച്ച് മെത്രാപ്പോലീത്താ ട്രസ്റ്റികളെ ഏല്പിക്കുന്നതും അപ്പോൾ ട്രസ്റ്റികളുടെ പക്കൽ ഏല്പിച്ചിട്ടുള്ള സമുദായം വക സ്ഥാവരജംഗമസ്വത്തുക്കൾ കൈയ്പ്പറ്റിയിരിക്കുന്നതായി ഒരു രസീത് എഴുതി ഒപ്പിട്ട് ട്രസ്റ്റികൾ മെത്രാപ്പോലീത്തായെ ഏല്പിക്കേണ്ടതുമാകുന്നു. ട്രസ്റ്റികൾ മാറുമ്പോൾ പുതുതായി തെരഞ്ഞെടുക്കുന്ന ട്രസ്റ്റികളെ തങ്ങളുടെ പക്കലുള്ള രജിസ്റ്റർ അനുസരിച്ചുള്ള സാമാനങ്ങളും, ഇരുപ്പുപണവും, താക്കോലുകളും, റിക്കാർഡുകളും പഴയ ട്രസ്റ്റികൾ ഏല്പിച്ച് രസീത് വാങ്ങി മെത്രാപ്പോലീത്തായെ ഏല്പിച്ചുകൊള്ളുകയും ആദ്യ രസീത് തിരികെ വാങ്ങിച്ചുകൊള്ളുകയും ചെയ്യേണ്ടതാകുന്നു.

**136.** സമുദായം സംബന്ധിച്ചുള്ള വ്യവഹാരങ്ങളിൽ ട്രസ്റ്റികൾമാത്രം കക്ഷി ആയിരിക്കേണ്ടതാകുന്നു.

**137.** (എ) അസ്സോസിയേഷൻ യോഗങ്ങളിൽ ഹാജരാകുന്ന അംഗങ്ങളിൽ വൈദികരുൾപ്പെടെയുള്ള ഇടവക പ്രതിനിധികളുടെ യഥാർത്ഥമായ ചിലവ് അവരവരുടെ ബിൽ അനുസരിച്ച് ഇടവകപള്ളികളിലും ക്നാനായ കമ്മറ്റിക്കു ഹാജരാകുന്ന കമ്മറ്റി അംഗങ്ങളുടെ ചെലവ് സമുദായവും വഹിക്കേണ്ടതാകുന്നു.

(ബി) അനൗദ്യോഗിക പ്രമേയങ്ങൾ അവതരിപ്പിക്കുവാൻ ആഗ്രഹിക്കുന്ന അസ്സോസിയേഷൻ അംഗങ്ങൾ അസ്സോസിയേഷൻ യോഗത്തിന് ഇരുപത്തിനാല് മണിക്കൂർ മുമ്പ് പ്രമേയം അദ്ധ്യക്ഷനെയോ സെക്രട്ടറിയെയോ ഏല്പിക്കുന്ന പക്ഷം അദ്ധ്യക്ഷന്റെ വിവേചനയ്ക്കു വിധേയമായി ആ പ്രമേയങ്ങൾ ആലോചനയ്ക്ക് എടുക്കാവുന്നതാകുന്നു.

## അദ്ധ്യായം 7
## ധനകാര്യം, നിധികൾ

**138.** സമുദായത്തിനു താഴെപ്പറയുന്ന നിധികൾ ഉണ്ടായിരിക്കേണ്ടതാണ്.

(a) കേന്ദ്രനിധി, (b) ഭദ്രാസനനിധി, (c) സ്പർഹായെ നിധി, (d) മാർ സേവേറിയോസ് വിദ്യാഭ്യാസനിധി,



(e) സുവിശേഷനിധി, (f) പ്രോവിഡന്റ് ഫണ്ട്, (g) മെത്രാപ്പോലീത്തൻ ഫണ്ട്, (h) ഉറഹാ മാർ യൗസേഫ് നിധി, (i) സാധുജനസഹായനിധി, (j) വിധവാ സഹായനിധി, (k) ഭവനനിർമ്മാണ ഫണ്ട്.

**139.** ഈ നിധികളുടെ വിനിയോഗം ക്നാനായകമ്മറ്റി തീരുമാനിക്കുന്നതാണ്.

### കേന്ദ്രനിധി

**140.** 138 (b) മുതൽ (k) വരെയുള്ള നിധികൾ ഒഴികെയുള്ള സകല വരുമാനങ്ങളും കേന്ദ്രനിധിയിൽ പെടുന്നതാണ്. ഇതിൽ നിന്നുള്ള വരവുകൾ താഴെപറയുന്നവയ്ക്കായി ചെലവിടേണ്ടതാണ്.

**141.** (എ) സമുദായ ഓഫീസിലെയും, ഉദ്യോഗസ്ഥന്മാരുടെയും ചെലവുകൾ.

(ബി) അധികൃതാനുമതിയോടുകൂടി സമുദായ സേവനാർത്ഥം സെമിനാരിയിലോ അംഗീകൃത സ്ഥലത്തോ താമസിക്കുന്നവരുടെ ചെലവുകൾ.

(സി) വികാരി ജനറാൾ, വൈദിക കൗൺസിൽ അംഗങ്ങൾ, ക്നാനായകമ്മറ്റി അംഗങ്ങൾ എന്നിവർക്കുള്ള അലവൻസുകൾ.

(ഡി) വേണ്ടിവരുന്ന സന്ദർഭങ്ങളിൽ ഭദ്രാസനനിധിയിലേയ്ക്കുള്ള ഗ്രാന്റ്.

(ഇ) സമുദായ പുരോഗതിക്കുവേണ്ടി ക്നാനായകമ്മറ്റിയുടെ തീരുമാനപ്രകാരം വേണ്ട ചെലവുകൾ.

## ഭദ്രാസന നിധി

**141.** ഈ നിധി ശേഖരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ താഴെപ്പറയുന്നവയാകുന്നു.

(1.) മൂന്നാമദ്ധ്യായത്തിൽ പറയുന്ന കൈമുത്ത്, കമ്മട്ടിപ്പണം, (2.) മേൽ 1-ാം ഉപവകുപ്പുകളിൽ പറയുന്ന ഇനങ്ങൾ, പ്രത്യേകാവശ്യങ്ങൾക്കുള്ള പിരിവുകൾ, വസ്തു ആദായം, സംഭാവനകൾ എന്നിവകൾ നീക്കി ഓരോ ഇടവക പള്ളികളിലെയും വരവിന്റെ പത്തുശതമാനം (3) ഈ നിധിയിലേക്കു ലഭിക്കാവുന്ന സംഭാവനകൾ.

**142.** മേൽ 141-ാം വകുപ്പിൽ പറയുന്ന സംഖ്യകൾ ട്രസ്റ്റികളുടെ പേരിൽ നിക്ഷേപിക്കേണ്ടതും അപ്പോഴപ്പോൾ ക്നാനായകമ്മറ്റിയുടെ നിശ്ചയമനുസരിച്ചു 144-ാം വകുപ്പിൽ വിവരിക്കുന്ന സംഗതികൾക്കായി വിനിയോഗിക്കേണ്ടതാകുന്നു.

**143.** (എ) മെത്രാപ്പോലീത്താ, സഹായമെത്രാന്മാർ ഇവരുടെ ചെലവുകൾ, സെമിനാരി ചെലവുകൾ എന്നിവ



ഭദ്രാസനനിധിയിൽ നിന്നും വഹിക്കേണ്ടതും അതിനുപുറമെ മെത്രാപ്പോലീത്തായ്ക്ക് പ്രതിവർഷം ഭദ്രാസനനിധിയുടെ പത്ത് ശതമാനവും, സഹായമെത്രാന്മാർക്ക് പ്രതിവർഷം ഭദ്രാസനനിധിയുടെ അഞ്ച് ശതമാനവും വീതം മെത്രാപ്പോലീത്താമാരുടെ അക്കൗണ്ടിലേക്കു നിക്ഷേപിക്കേണ്ടതാണ്. മെത്രാപ്പോലീത്താ, സഹായമെത്രാന്മാർ എന്നിവർക്ക് വേണ്ടിവരുന്ന ചെലവുകൾക്ക് പ്രഥമപരിഗണന നല്കേണ്ടതാണ്.

(ബി) മെത്രാപ്പോലീത്താ വിദേശയാത്ര ചെയ്യുന്നത് ക്നാനായകമ്മറ്റിയുടെ അറിവോടും, പകരം സംവിധാനം ഏർപ്പെടുത്തിയും ആയിരിക്കേണ്ടതാണ്. സമുദായ ആവശ്യങ്ങൾക്കായുള്ള വിദേശയാത്രാ ചെലവുകൾ സമുദായം വഹിക്കേണ്ടതാണ്.

**144.** മേൽ 143-ാം വകുപ്പിൽ പറയുന്ന ചെലവുകൾ കൂടാതെ ഉറഹാ മാർ യൗസേഫ് ഫണ്ടിലേക്കുള്ള സംഭാവന, ദയറാക്കാരുടെ ചെലവ്, പട്ടക്കാർ, കപ്യാരന്മാർ എന്നിവരുടെ ശമ്പളച്ചെലവിലേക്കുള്ള സഹായധനം, പട്ടക്കാർക്കും കപ്യാരന്മാർക്കുമുള്ള പ്രോവിഡന്റ് ഫണ്ട്, സമുദായത്തിന് വസ്തുവകകൾ സമ്പാദിക്കുക, കെട്ടിടങ്ങൾ പണിയിക്കുക, അവയുടെ കേടുപാടുകൾ പോക്കുക, ക്നാനായപള്ളികൾ ഇല്ലാത്ത സ്ഥലങ്ങളിൽ പുതിയ

പള്ളികൾ പണിയുക, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും, വിദ്യാഭ്യാസപരമായ ചെലവുകൾക്കും ചരിത്രപ്രാധാന്യമുള്ള പുരാവസ്തുക്കളുടെ സംരക്ഷണയ്ക്കും സമുദായത്തിൽ അധഃപതനം നേരിടുന്ന ഇടവകകൾക്കും സഹായധനം, ക്നാനായകമ്മറ്റി അതാതു കാലങ്ങളിൽ തീരുമാനിക്കുന്ന മറ്റത്യാവശ്യങ്ങൾക്കുമായി ഭദ്രാസനനിധി വിനിയോഗിക്കേണ്ടതാകുന്നു.

## പ്രൊവിഡന്റ് ഫണ്ട്

**145.** സമുദായത്തിൽപ്പെട്ട വൈദികർക്ക് പ്രൊവിഡന്റ് ഫണ്ട് കൊടുക്കുന്നതിന് വൈദികരുടെ ശമ്പളത്തിന്റെ 5% അ്വരും വേറെ 5% ഭദ്രാസനനിധിയിൽ നിന്നും കൊടുക്കേണ്ടതും ആയത് ഒരു പ്രൊവിഡന്റ് ഫണ്ട് ആയിരിക്കുന്നതും ആ ഫണ്ട് അതിനായി പ്രത്യേകം ഉണ്ടാക്കുന്ന നിയമപ്രകാരം ക്രമീകരിക്കപ്പെടുന്നതുമാകുന്നു.

## സ്പർഹായെ നിധി

**146.** വിശ്വാസികളായി മരിച്ചുപോയിട്ടുള്ളവർക്കും ജീവനോടിരിക്കുന്നവർക്കും വേണ്ടി ശ്വാശ്വതമായി വി. കുർബ്ബാന അർപ്പിക്കുന്നതിലേയ്ക്കു സമുദായംവകയായി ഒരു സ്പർഹായെ നിധി ഏർപ്പെടുത്തിയിട്ടുള്ളതാകുന്നു. ഇത് വൈദിക കൗൺസിലിന്റെ ചുമതലയിൽ നടത്തപ്പെടേണ്ടതാണ്.



## മാർ സേവേറിയോസ് വിദ്യാഭ്യാസ നിധി

**147.** കാലം ചെയ്ത മാർ സേവേറിയോസ് ഗീവറുഗീസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ വിൽപ്പത്രപ്രകാരം ലഭിച്ചതും സമുദായാംഗങ്ങളിൽ നിന്ന് പിരിച്ചെടുത്തതുമായ പണം കൊണ്ട് സ്ഥാപിച്ചിട്ടുള്ളതുമായ ഈ നിധി വൈദികരുടേയും അൽമായക്കാരുടെയും വിദ്യാഭ്യാസാഭിവൃദ്ധിയെ ഉദ്ദേശിച്ച് 1097 -ാം മാണ്ട് മുതൽ പ്രവർത്തനം നടത്തിവരുന്നതും മേലാലുള്ള പ്രവർത്തനങ്ങൾ ക്നാനായ അസ്സോസിയേഷൻ നിശ്ചയിക്കുന്ന വ്യവസ്ഥ അനുസരിച്ച് നടത്തേണ്ടതുമാകുന്നു.

## സുവിശേഷ നിധി

**148.** കുറഞ്ഞപക്ഷം ഒരു ദയറായെങ്കിലും സ്ഥാപിച്ച് ഒരു സന്യാസിപ്പട്ടക്കാരന്റെ മേൽനോട്ടത്തിൽ ഒരു പ്രാർത്ഥനാസമാജസംഘടന രൂപീകരിച്ച് സമുദായം ഒട്ടുക്ക് സൺഡേസ്ക്കൂൾ, പ്രാർത്ഥനാസമാജം, വനിതാസമാജം മുതലായവ ഏർപ്പെടുത്തി വികാരിമാരുടെ സഹകരണത്തോടുകൂടി നടത്തുന്നതിനും ഇതര സുവിശേഷ പ്രവർത്തനങ്ങൾ ചെയ്യുന്നതിനും ഈ നിധി ഉപയോഗപ്പെടുത്തേണ്ടതാകുന്നു. സമുദായാംഗങ്ങളുടേയും ഇത

രന്മാരുടേയും സംഭാവനകൾ സ്വീകരിച്ച് ഈ നിധി ശേഖരിക്കേണ്ടതുമാണ്.

### മെത്രാപ്പോലീത്തൻ ഫണ്ട്

**149.** (എ) വിവാഹം, മാമ്മോദീസാ, പുരകൂദാശ മുതലായ കൂദാശകൾക്ക് സമുദായാംഗങ്ങൾ മെത്രാപ്പോലീത്തായെ ക്ഷണിക്കുകയാണെങ്കിൽ ബന്ധപ്പെട്ടവർ അവരുടെ സാമ്പത്തിക നിലയനുസരിച്ച് 2000 രൂപയ്ക്ക് മേൽ ഉള്ള തുകകൾ സംഭാവനയായി സമുദായആഫീസിൽ ഏല്പിച്ചു രസീതു വാങ്ങേണ്ടതും ഇതുപ്രകാരം ലഭിക്കുന്ന തുകകൾ സാധുജന സംരക്ഷണത്തിന് ക്നാനായകമ്മറ്റിയുടെ ആലോചനപ്രകാരം വിനിയോഗിക്കേണ്ടതും ആകുന്നു. ചില പ്രത്യേക സാഹചര്യത്തിൽ ഇതിന് ഇളവുകൾ അനുവദിക്കുന്നതിന് മെത്രാപ്പോലീത്തായ്ക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

### ഉറഹാ മാർ യൗസേഫ് ഫണ്ട്

(ബി) സമുദായത്തിന് വിവിധ കാലഘട്ടങ്ങളിൽ നിസ്തുലസേവനം ചെയ്തിട്ടുള്ള നേതാക്കന്മാരെ യഥോചിതം അനുസ്മരിക്കുന്നതിനും അവരുടെ നാമധേയങ്ങൾ ശ്വാശ്വതമായി നിലനിർത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുമായി ഈ ഫണ്ട് വിനിയോഗിക്കുന്നതാണ്. ക്നാനായകമ്മറ്റിയുടെ നിയന്ത്രണത്തിൽ



ഈ ഫണ്ട് ഉപയോഗിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതാകുന്നു. സമുദായാംഗങ്ങളിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും സമുദായ ബഡ്ജറ്റിൽ വകകൊള്ളിച്ചും ഈ ഫണ്ട് രൂപീകരിക്കേണ്ടതാണ്.

### വൈദികശമ്പളം

**150.** വികാരിമാർക്കും സഹായപട്ടക്കാർക്കും കാലാകാലങ്ങളിൽ ക്നാനായകമ്മറ്റി ചർച്ചചെയ്ത് അസ്സോസിയേഷൻ അംഗീകരിക്കുന്ന സേവനവേതന വ്യവസ്ഥകൾ നടപ്പിൽ വരുത്തേണ്ടതാണ്. അസ്സോസിയേഷൻ ഓരോ ഇടവകയ്ക്കും നിശ്ചയിക്കുന്ന വിഹിതം അതാതു പള്ളികളിൽ നിന്നും എല്ലാമാസവും 30 നു മുമ്പായി സമുദായ ആഫീസിൽ ഏല്പിച്ചു രസീതു വാങ്ങേണ്ടതാണ്.

**151.** സ്വയത്രാണന സാദ്ധ്യത ഇല്ലാത്ത പള്ളികൾക്ക് ഭദ്രാസന നിധിയിൽ നിന്ന് ക്നാനായകമ്മറ്റി നിശ്ചയിക്കുന്നതുപോലെ സഹായധനം കൊടുക്കേണ്ടതാണ്.

**152** ഓരോ പള്ളിയിൽ നിന്നും ക്നാനായകമ്മറ്റി നിശ്ചയിക്കുന്ന രീതിയിൽ മാസാന്ത്യക്കണക്കുംമേൽ 141( 1), (2) എന്നീ വകുപ്പുകളിൻ പ്രകാരമുള്ള പണവും പിറ്റേമാസം 10 -ാം തീയതിക്കുമുമ്പ് കിട്ടത്തക്കവണ്ണം ട്രസ്റ്റികൾ, സമുദായട്രസ്റ്റിയുടെ പേർക്ക് അയച്ചുകൊടുത്ത് രസീത് വാങ്ങേണ്ടതാണ്.

**153.** ഓരോ ഇടവകയിൽ നിന്നും സമുദായ ആഫീസിലേക്ക് അയച്ചുകൊടുക്കുന്ന തന്നാണ്ടത്തെ ബഡ്ജറ്റും, മുന്നാണ്ടത്തെ വരവുചിലവു കണക്കും, മിനിറ്റ്സ് ബുക്കു മുതലായവയും ഭദ്രാസന സെക്രട്ടറി മെത്രാപ്പോലീത്തായ്ക്കു സമർപ്പിക്കുകയും അദ്ദേഹം അതുവേണ്ട നിർദ്ദേശത്തോടുകൂടയോ അല്ലാതെയോ 20 ദിവസങ്ങൾക്കുള്ളിൽ തിരികെ അതാതുപള്ളി വികാരിമാർക്ക് അയച്ചുകൊടുക്കുകയും ചെയ്യുന്നതാകുന്നു.മെത്രാപ്പോലീത്തായുടെ ഇപ്രകാരമുള്ള അനുമതി ലഭിക്കാത്ത യാതൊരു പ്രവർത്തനങ്ങളും ഇടവകയിൽ നടത്താൻ പാടില്ലാത്തതാകുന്നു.

**154.** ഭദ്രാസന ആഫീസിലെ ജീവനക്കാരുടെ ശമ്പളം, വികാരി ജനറാൾ, ഭദ്രാസന സെക്രട്ടറി, വൈദിക കൗൺസിൽ അംഗങ്ങൾ ആദിയായവർക്കുള്ള അലവൻസ് മുതലായവ ക്നാനായകമ്മറ്റിയുടെ നിശ്ചയപ്രകാരം ട്രസ്റ്റികൾ അതാതു കക്ഷികൾക്കു കൊടുക്കേണ്ടതാകുന്നു.

## അദ്ധ്യായം 8
## പലവക

**155.** ഈ ഘടനയിൽ ഒരു സ്ഥപനം എത്ര കാലത്തേയ്ക്ക് ക്ലിപ്തപ്പെടുത്തിയിരുന്നാലും പ്രത്യേകം വ്യവസ്ഥയൊന്നും ഇല്ലാത്തപക്ഷം അടുത്തസ്ഥാപനം നിർമ്മിക്കുന്നതുവരെയ്ക്കും ആ സ്ഥാപനം വ്യാപാരിക്കുന്നതുമാകുന്നു.



**156.** ഏതെങ്കിലും സമിതിയുടെ കോറം ഇതിൽ പ്രത്യേകം ക്ലിപ്തപ്പെടുത്തിയിട്ടില്ലാത്തപക്ഷം ആ സമിതി അതിന്റെ കോറം നിശ്ചയിച്ചുകൊള്ളേണ്ടതാകുന്നു.

**157.** (എ) എല്ലാ യോഗങ്ങളിലും ഭൂരിപക്ഷാഭിപ്രായം പ്രബലപ്പെടുത്തേണ്ടതും വോട്ടുകൾ തുല്യമായി വരുന്ന പക്ഷം അദ്ധ്യക്ഷന് ഒരു വോട്ട് കൂടുതൽ ഉണ്ടായിരിക്കുന്നതും അപ്പോൾ അദ്ധ്യക്ഷൻ ചേരുന്ന ഭാഗത്തിന് പ്രാബല്യം ഉണ്ടായിരിക്കുന്നതുമാണ്.

(ബി) ഏതെങ്കിലും ഒരു യോഗത്തിൽ പോൾ എടുക്കണമെന്ന് ഒരംഗം അഭിപ്രായപ്പെടുകയും വേറൊരാൾ അതിനെ പിൻതാങ്ങുകയും ചെയ്താൽ പോൾ എടുക്കേണ്ടതും അതിന്റെ രീതി അദ്ധ്യക്ഷൻ തീരുമാനിക്കുന്നതുമാണ്. എന്നാൽ തെരഞ്ഞെടുപ്പ് യോഗങ്ങളിൽ രഹസ്യവോട്ടായിരിക്കണമെന്ന് ഒരംഗം ആവശ്യപ്പെടുകയും മറ്റൊരാൾ പിൻതാങ്ങുകും ചെയ്താൽ അങ്ങനെ തെരഞ്ഞെടുപ്പ് അദ്ധ്യക്ഷൻ നടത്തേണ്ടതാകുന്നു.

(സി) എല്ലാ യോഗങ്ങളിലെയും നടപടി രേഖപ്പെടുത്തുന്നതിന് ഒരു പുസ്തകം ഉണ്ടായിരിക്കേണ്ടതും അതിൽ നടപടികൾ എഴുതി സെക്രട്ടറിയും അദ്ധ്യക്ഷനും ഒപ്പിടേണ്ടതുമാകുന്നു. ഒരു യോഗത്തിലെ നടപടികൾ ആ യോഗ

ത്തിൽ വച്ചുതന്നെ എഴുതി യോഗസമ്മതപ്രകാരം ഒപ്പിടേണ്ടതാകുന്നു. അതിന് സാധിക്കാത്തപക്ഷം അടുത്ത യോഗത്തിൽ വായിച്ചു കേൾപ്പിച്ചു യോഗസമ്മതപ്രകാരം ആ യോഗത്തിലെ അദ്ധ്യക്ഷനെയും സെക്രട്ടറിയേയും കൊണ്ട് ഒപ്പിടുവിച്ചാലും മതിയാകുന്നതാകുന്നു.

**158.** ഏതെങ്കിലും ഒരു സമിതിയിലെ അംഗങ്ങൾ മതിയായ കാരണം കൂടാതെ തുടർച്ചയായി മൂന്നു യോഗങ്ങളിൽ ഹാജരാകാതിരുന്നാൽ അവരുടെ അംഗത്വം നഷ്ടപ്പെട്ടുപോകുന്നതാണ്. കാരണം മതിയായതോ എന്നു തീർച്ചപ്പെടുത്തുന്നതിനുള്ള അധികാരം അതാതു സമിതികൾക്കുള്ളതാകുന്നു.

(എ) സമുദായം വക ഒരു സന്യാസിനി സമൂഹം ഉണ്ടായിരിക്കുന്നതും അവരുടെ ഭരണക്രമം അതിനായി അസ്സോസിയേഷൻ പാസ്സാക്കുന്ന നിയമാവലി പ്രകാരവും ആയിരിക്കും.

(ബി) സമുദായത്തിൽ വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന ക്നാനായ സ്റ്റുഡന്റ് അസ്സോസിയേഷൻ എന്ന ഒരു സംഘടന ഉണ്ടായിരിക്കുന്നതും അതിന്റെ ഭരണഘടന അനുസരിച്ച് ആ സംഘടനാപ്രവർത്തനങ്ങൾ നടത്തേണ്ടതുമാണ്.

(സി) മർത്തമറിയം വനിതാസമാജം എന്ന പേരിൽ ഒരു ഭക്തസംഘടന ഉണ്ടായിരിക്കുന്നതും അതിന്റെ പ്രവർത്ത



നങ്ങൾക്ക് പ്രത്യേകഭരണഘടന ഉണ്ടായിരിക്കുന്നതാണ്.

(ഡി) ക്നാനായ സമുദായത്തിലെ എല്ലാ സംഘടനകൾക്കും, ട്രസ്റ്റുകൾക്കും, സ്ഥാപനങ്ങൾക്കും, സൊസൈറ്റികൾക്കും, പ്രത്യേകം ഭരണഘടനകൾ ഉണ്ടായിരിക്കുന്നതും ക്നാനായ അസ്സോസിയേഷന് വിധേയമായിട്ടും ക്നാനായകമ്മറ്റിയുടെ നിർദ്ദേശമനുസരിച്ചും പ്രവർത്തിക്കേണ്ടതുമാണ്. മേൽപ്പറഞ്ഞ എല്ലാ ഭരണഘടനകളും ക്നാനായകമ്മറ്റിയിൽ പാസ്സാക്കി അസ്സോസിയേഷന്റെ അംഗീകാരം വാങ്ങിയിരിക്കേണ്ടതുമാണ്.

(ഇ) കേരളത്തിനു വെളിയിൽ പള്ളികൾ ട്രസ്റ്റായി രജിസ്റ്റർ ചെയ്ത് ഇടവകകളായി നടക്കുന്നുണ്ടെങ്കിലും ക്നാനായ അസ്സോസിയേഷൻ അംഗീകരിക്കുന്ന ട്രസ്റ്റ് പള്ളികളുടെ ഭരണസംവിധാനം സമുദായ ഭരണഘടന അനുസരിച്ചും ഇടവക മെത്രാപ്പോലീത്തായുടെ അധികാരത്തിൻ കീഴിലുമായിരിക്കും.

**159.** അമേരിക്കയിലെ പ്രത്യേക സാഹചര്യത്തിൽ നിലവിലുള്ള ഭരണസംവിധാനം തുടരാവുന്നതാണ്. എന്നാൽ ഈ ഘടനയിലെ നിബന്ധനകളോടു ചേർച്ചയോ ആനുകൂല്യമോ ഇല്ലാത്തതും വിപരീതമുള്ളതുമായി സമുദായത്തിലും ഇടവകയിലുമായി സ്വദേശത്തും വിദേശത്തും

ഉണ്ടെങ്കിൽ, പ്രസ്തുത എല്ലാ നിയമങ്ങളും ഉടമ്പടികളും ഉദ്യോഗങ്ങളും, നടപ്പുകളും ഇതിനാൽ ദുർബലപ്പെടുത്തി റദ്ദാക്കിയിരിക്കുന്നു.

**160.** ഈ ഘടനയിലെ ഏതെങ്കിലും വകുപ്പുകളോട് എന്തെങ്കിലും ചേർക്കുകയോ വല്ല വകുപ്പുകളിലും ഭേദഗതി ചെയ്യുകയോ ചെയ്യണമെന്നിരുന്നാൽ അതിനായി കൂടുന്ന അസ്സോസിയേഷൻ യോഗത്തിൽ സമുദായത്തലെ ആകെ അസ്സോസിയേഷൻ അംഗങ്ങളുടെ 51% വോട്ടുകൾക്ക് നിശ്ചയം പാസ്സാക്കി മെത്രാപ്പോലീത്തായുടെ മുമ്പാകെ സമർപ്പിക്കേണ്ടതും മെത്രാപ്പോലീത്താ ആയത് അംഗീകരിച്ച് നടപ്പാക്കേണ്ടതുമാണ്.

**161.** ഈ ഘടനയിലെ ഏതെങ്കിലും വകുപ്പിന്റെ വ്യാഖ്യാനത്തെപ്പറ്റി സമുദായത്തിലെ ഏതെങ്കിലും സമിതികൾക്കോ, പൊതു ഉദ്യോഗവാഹികൾക്കോ, സംശയം നേരിട്ടാൽ അവർ വിവരം ക്നാനായ അസ്സോസിയേഷൻ സെക്രട്ടറിയെ അറിയിക്കേണ്ടതും അദ്ദേഹം നിയമവിദഗ്ധരുടെ ഉപദേശം തേടി ക്നാനായ അസ്സോസിയേഷനിൽ ചർച്ച ചെയ്ത ശേഷം എടുക്കുന്ന തീരുമാനങ്ങൾ മെത്രാപ്പോലീത്തായെ അറിയിക്കേണ്ടതും അദ്ദേഹം അത് ബന്ധപ്പെട്ട കക്ഷികളെ അറിയിക്കുന്നതുമാണ്.

* * * * * * * * *